**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

2026 ഒക്ടോബർ 14, ബുധൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--350]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി | : 701 മുതൽ 788 വരെ |
| വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി | : 789 മുതൽ 854 വരെ |
| ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 855 മുതൽ 970 വരെ |
| മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി | : 971 മുതൽ 1050 വരെ |

**<u>പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളുടെ പഠനാവശ്യത്തിന് സഹായകരമാകുന്ന ഉപകരണങ്ങൾ വാങ്ങുന്നത്</u>**

701 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളുടെ പഠനാവശ്യത്തിന് സഹായകരമാകുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനായി ധനസഹായം നൽകുന്ന പദ്ധതികൾ വകുപ്പിന് കീഴിലുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ വഴി ഗുരുവായൂർ നിയോജകമണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് സഹായം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

**<u>പീരുമേട് മണ്ഡലത്തിൽ പിന്നാക്ക ക്ഷേമ വകുപ്പ് പദ്ധതികൾ</u>**

702 **ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മണ്ഡലത്തിൽ 2021-2026 കാലഘട്ടത്തിൽ പിന്നാക്ക ക്ഷേമ വകുപ്പ് മുഖേന അനുവദിച്ച പദ്ധതികളും അവയുടെ ഇപ്പോഴത്തെ പുരോഗതി വിവരവും അറിയിക്കുമോ?

**കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷൻ**

703 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷൻ വഴി നൽകിവരുന്നതെന്ന് വിശദമാക്കുമോ;

(ബി) പിന്നാക്ക വിഭാഗങ്ങളിലെ യുവജനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസത്തിനും സംരംഭകത്വത്തിനും കുറഞ്ഞ പലിശ നിരക്കിൽ പ്രത്യേക വായ്പാപദ്ധതികൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ;

(സി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷന്റെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**പി എസ് സി വഴി നൽകുന്ന ജോലിയിലെ സംവരണം**

704 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തെ (ഇ.ഡബ്ല്യു.എസ്.) പി.എസ്.സി. റൊട്ടേഷൻ ചാർട്ടിൽ ഉൾക്കൊള്ളിക്കുമ്പോൾ ഏത് സംവരണ വിഭാഗത്തിന്റെ പൊസിഷൻ ആണ് നഷ്ടപ്പെട്ടത് എന്ന് പിന്നാക്ക ക്ഷേമ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തെ റൊട്ടേഷൻ ചാർട്ടിൽ ഉൾക്കൊള്ളിച്ചതിന്റെ ഭാഗമായി ഏതെങ്കിലും പിന്നാക്ക വിഭാഗത്തിന് എന്തെങ്കിലും നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 50 ആൾക്കാരെ പി.എസ്.സി. അഡ്വൈസ് ചെയ്യുമ്പോൾ ഇ.ഡബ്ല്യു.എസ് വിഭാഗത്തെ റൊട്ടേഷൻ ചാർട്ടിൽ ഉൾക്കൊള്ളിച്ചതിന് മുമ്പും ശേഷവും ഉള്ള പിന്നാക്ക വിഭാഗത്തിന്റെ പ്രാതിനിധ്യത്തിന്റെ എണ്ണം ഇനം തിരിച്ച് ലഭ്യമാണോ; ഉണ്ടെങ്കിൽ ലഭ്യമാക്കുമോ?

**ആദിവാസി വയോധികർക്ക് ഓണക്കോടിയും ധനസഹായ വിതരണവും**

705 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. കെ. യു. ജനീഷ് കുമാർ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവോണം കഴിഞ്ഞിട്ടും സംസ്ഥാനത്തെ ആദിവാസി വയോധികർക്ക് നൽകേണ്ട ഓണക്കോടിയും ധനസഹായവും വിതരണം ചെയ്തിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻകാലങ്ങളിൽ മുടങ്ങാതെ നൽകിവന്നിരുന്ന പ്രസ്തുത ആനുകൂല്യം ഇത്തവണ ബാങ്ക് അക്കൗണ്ട് ഇല്ലാത്തവർക്കും കിടപ്പുരോഗികൾക്കും നിഷേധിക്കപ്പെടുന്ന തരത്തിൽ നിബന്ധനകൾ ഏർപ്പെടുത്തിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) ഓണക്കോടിക്ക് പകരമായി തുക ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറാൻ വൈകി ഉത്തരവിറക്കിയതിലൂടെ ഗുണഭോക്താക്കളിൽ ഭൂരിഭാഗം പേർക്കും ഓണത്തിന് മുമ്പ് പ്രസ്തുത സഹായം ലഭിച്ചില്ലെന്ന ആക്ഷേപം വാസ്തവമാണോ;

(ഡി) ദുരിതാശ്വാസ നിധിയിൽ നിന്നും ഇതിനായി തുക അനുവദിച്ചിട്ടും അർഹരായ കിടപ്പുരോഗികൾ ഉൾപ്പെടെയുള്ള ആദിവാസി വയോധികർക്ക് സഹായം ലഭ്യമാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും കുടിശ്ശിക തുക അടിയന്തരമായി വിതരണം ചെയ്യാനും തയ്യാറാകുമോ എന്ന് വിശദമാക്കുമോ?

**അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി**

706 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം പറമ്പിക്കുളത്തെ സുങ്കം, പൂപ്പാറ ഉന്നതികളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി തുക അനുവദിച്ചിട്ടുണ്ടോ; നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ സാധിക്കും എന്ന്

വ്യക്തമാക്കുമോ?

<u>**പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ചേലക്കര ബ്രാഞ്ചിന്റെ പ്രവർത്തനം**</u>

707 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ചേലക്കര ബ്രാഞ്ചിന്റെ സേവന മേഖല ഏതെല്ലാം താലൂക്കുകൾ ഉൾപ്പെട്ടതാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആഫീസ് വഴി 2021-2026 കാലയളവിൽ എത്രപേർക്ക് എത്ര കോടി രൂപയുടെ വായ്പ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചേലക്കര നിയോജകമണ്ഡലം പിന്നാക്ക വിഭാഗക്കാർ കൂടുതൽ അധിവസിക്കുന്ന പ്രദേശമായതുകൊണ്ട് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ;

(ഡി) കൂടുതൽ വീട് നിർമ്മാണ, സ്വയം തൊഴിൽ വായ്പകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>**കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി**</u>

708 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ മൂർദ്ധാവ് പട്ടികജാതി നഗറിന്റെ നവീകരണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ; ഇനി എന്തെല്ലാം പ്രവർത്തനങ്ങൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡപ്രകാരം മണ്ഡലത്തിൽ നിന്നും ഏതെല്ലാം നഗറുകളാണ് ഇനി പദ്ധതിയിൽ ഉൾപ്പെടുത്താൻ ശേഷിക്കുന്നതെന്ന് അറിയിക്കുമോ;

(സി) 2026-2027 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മണ്ഡലത്തിൽ നിന്നും പ്രൊപ്പോസൽ

ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികൾ**

709 **ശ്രീ. കെ. രാജൻ**

**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**

**ശ്രീ. സി. അജയപ്രസാദ്**

**ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കി വരുന്ന ഉന്നതി പദ്ധതി നിർത്തലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങളുടെ വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം, ആരോഗ്യ സുരക്ഷ, പുനരധിവാസം എന്നീ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവരെ ഒരേസമയം സംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിനുവേണ്ടി മുൻ സർക്കാർ ആരംഭിച്ച പദ്ധതികൾ തുടരുമോ; വിശദമാക്കുമോ;

(ഡി) കഴിഞ്ഞ 10 വർഷക്കാലത്തെ പ്രവർത്തനങ്ങളിലൂടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദ്യാഭ്യാസ മേഖലയിലും നൈപുണ്യ പരിശീലനത്തിലും ഉണ്ടായ പുരോഗതിക്കനുസൃതമായി പുതിയ തൊഴിൽദായക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പദ്ധതികളും കുന്ദമംഗലം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയും**

710 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര ക്ഷേമത്തിനായി നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെയും അവയുടെ നടത്തിപ്പിന്റെയും നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) അംബേദ്കർ ഗ്രാമം, പഞ്ചമി ഗ്രാമം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കുന്ദമംഗലം നിയോജക മണ്ഡലത്തിൽ അനുമതി നൽകിയിട്ടുള്ള ഉന്നതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ അംബേദ്കർ -പഞ്ചമി ഗ്രാമ പദ്ധതികൾ കുന്ദമംഗലം മണ്ഡലത്തിൽ അനുവദിക്കുന്നതിന് എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ധനസഹായ പദ്ധതികളുടെ കുടിശ്ശിക വിതരണം</u>

711 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകി വരുന്ന ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, വിവാഹ ധനസഹായം, പഠനമുറി നിർമ്മാണം, ചികിത്സാ ധനസഹായം എന്നീ പദ്ധതികളിൽ വിതരണം ചെയ്യാനുള്ള കഴിഞ്ഞ സർക്കാരിന്റെ കാലത്തെ കുടിശ്ശിക നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇനങ്ങളിൽ നിലവിൽ എത്ര ഗുണഭോക്താക്കൾക്ക് എത്ര തുക കുടിശ്ശികയായി നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) വിദേശപഠനം, ഉന്നതവിദ്യാഭ്യാസം, ഇ-ഗ്രാന്റ്സ് എന്നിവയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും വൈകുന്നത് അവരുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങളിലെ കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി ധനസഹായങ്ങൾ യഥാസമയം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് എത്താതിരിക്കാനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കുടിശ്ശിക തുക പൂർണ്ണമായും തീർപ്പാക്കി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം അടിയന്തര നടപടികളാണ്

സ്വീകരിച്ചുവരുന്നത്; ഇതിനായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; സമയബന്ധിതമായി വിതരണം പൂർത്തിയാക്കാൻ പ്രത്യേക കലണ്ടർ തയ്യാറാക്കുമോ; വിശദമാക്കുമോ?

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുള്ള പദ്ധതികൾ**

712 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിലവിലുള്ള പുരോഗതിയും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

**സ്വയംപര്യാപ്ത /അംബേദ്ക്കർ ഗ്രാമം പദ്ധതി**

713 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ പട്ടികജാതി പട്ടികവർഗ വകുപ്പ് സ്വയംപര്യാപ്ത / അംബേദ്ക്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ എന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ?

**ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്**

714 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ പിറവന്തൂരിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് ആരംഭിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓഫീസ് ആരംഭിക്കുന്ന പക്ഷം അതിന്റെ പരിധിയിൽ ഏതൊക്കെ പ്രദേശങ്ങളാണ് ഉൾപ്പെടുകയെന്ന് വ്യക്തമാക്കുമോ?

## സ്ഥിതി വിവരകണക്ക്

715 **ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. കെ. വി. സുമേഷ്**

**ശ്രീ. എം. എസ്. അരുൺ കുമാർ**

**ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസപരമായ സ്ഥിതി വിവരകണക്ക് അവസാനമായി സർവ്വേ നടത്തിയത് ഏത് വർഷമാണ്;

(ബി) സർവ്വേ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗങ്ങൾ ഇപ്പോഴും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പുതിയതായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് നടപടി

716 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും അവരുടെ ഉന്നമനം കൂടുതൽ വേഗത്തിലും സുതാര്യമായും നടപ്പാക്കുന്നതിനുമായി ക്ഷേമപദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യമായി പിന്നാക്കം നില്ക്കുന്ന ഇത്തരം ജനവിഭാഗങ്ങളുടെ വിവിധ ആനുകൂല്യങ്ങൾ താമസം കൂടാതെ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**ആദിവാസി മേഖലയിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ**

717 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ താമസിക്കുന്നവരുടെ അടിയന്തര ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം പ്രദേശങ്ങളിൽ നിന്ന് രോഗികളെ അടിയന്തരമായി ആശുപത്രികളിലെത്തിക്കുന്നതിനായി മതിയായ ആംബുലൻസ് സേവനം നിലവിലുണ്ടോ;

(സി) അടിയന്തര ആരോഗ്യസേവനങ്ങൾക്കായി കൂടുതൽ ആംബുലൻസുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ടെലിമെഡിസിൻ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**അംബേദ്കർ സ്വാശ്രയ ഗ്രാമ വികസന പദ്ധതി**

718 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു നിയോജകമണ്ഡലത്തിൽ നിന്നും വർഷത്തിൽ എത്ര ഉന്നതികൾ തെരഞ്ഞെടുക്കുമെന്നും പരമാവധി എത്ര തുക അനുവദിക്കുമെന്നും വ്യക്തമാക്കുമോ;

(ബി) ഉന്നതി തെരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ;

(സി) കുട്ടനാട് നിയോജക മണ്ഡലത്തിൽ 2026-27 വർഷത്തേക്ക് ടി പദ്ധതിയിലുൾപ്പെടുത്താൻ ഏതെല്ലാം ഉന്നതികൾ ശിപാർശ ചെയ്തിട്ടുണ്ട്; ശിപാർശ ചെയ്യപ്പെട്ട് കഴിഞ്ഞാൽ എന്തെല്ലാം നടപടിക്രമങ്ങൾ പാലിച്ചാണ് പദ്ധതി നടപ്പിൽ വരുത്തുന്നതെന്ന് വിശദമാക്കുമോ?

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള നൂതന വിദ്യാഭ്യാസ പദ്ധതികൾ**

719 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2026 കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയും പഠന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി പ്രസ്തുത കാലയളവിലെ സർക്കാർ നൂതനമായ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നോ;വ്യക്തമാക്കുമോ;

(ബി) എങ്കിൽ നൂതനമായ അത്തരം വിദ്യാഭ്യാസ പദ്ധതികളുടെ പേര്, ആരംഭിച്ച വർഷം, ലക്ഷ്യം എന്നിവ വ്യക്തമാക്കാമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ ഡിജിറ്റൽ പഠന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി ലാപ്ടോപ്, ടാബ്‌ലറ്റ്, ഡിജിറ്റൽ പഠന സാമഗ്രികൾ, ഇൻറർനെറ്റ്/ഓൺലൈൻ പഠന സൗകര്യങ്ങൾ എന്നിവ നൽകുന്നതിനായി 2021 മുതൽ 2026 മാർച്ച് വരെ ആരംഭിച്ച പുതിയ പദ്ധതികൾ എന്തെല്ലാമാണെന്നും അവ ലക്ഷ്യം കൈവരിച്ചിരുന്നോയെന്നും വ്യക്തമാക്കുമോ?

**പീരുമേട് മണ്ഡലത്തിലെ പട്ടികജാതി വകുപ്പ് പദ്ധതികൾ**

720 **ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മണ്ഡലത്തിൽ 2021-2026 കാലഘട്ടത്തിൽ പട്ടികജാതി,പട്ടികവർഗ്ഗ വികസന വകുപ്പ്, പിന്നാക്കക്ഷേമ വകുപ്പ് എന്നിവ മുഖേന അനുവദിച്ച പദ്ധതികളും അവയുടെ നിലവിലെ പുരോഗതി വിവരവും അറിയിക്കുമോ?

**അംബേദ്ക്കർ ഉന്നതിയിൽ അംബേദ്ക്കർ ഗ്രാമം വികസന പദ്ധതി**

721 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ചെറുന്നിയൂർ വടശ്ശേരിക്കോണം അംബേദ്ക്കർ ഉന്നതിയിൽ അംബേദ്ക്കർ ഗ്രാമം വികസന പദ്ധതിയുടെ ഭാഗമായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതികൾ**

722 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലയളവിൽ നെന്മാറ നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും അടങ്കൽ തുകയും പദ്ധതിയുടെ നിലവിലെ പുരോഗതിയും വിശദമാക്കുമോ?

## അംബേദ്കർ ഗ്രാമം പദ്ധതി- മാവേലിക്കര

723 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ തൽസ്ഥിതി വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം കണ്ണാട്ടുകോണം ഉന്നതിയിൽ അംബേദ്കർ ഗ്രാമ സമഗ്ര വികസന പദ്ധതി

724 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം കണ്ണാട്ടുകോണം ഉന്നതിയിൽ അംബേദ്കർ ഗ്രാമ സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## കോന്നിയിലെ അംബേദ്കർ ഗ്രാമം ഉന്നതികളുടെ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി

725 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പട്ടികജാതി പട്ടികവർഗ്ഗ അംബേദ്കർ ഗ്രാമം ഉന്നതികളിലെ പ്രവൃത്തികളുടെ

നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) ആവണിപ്പാറ ഉന്നതി അംബേദ്കർ ഗ്രാമം പദ്ധതിയുടെയും ആവണിപ്പാറ പാലം നിർമ്മാണ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കുമോ?

**എം .ആർ .എസ്., ഹോസ്റ്റൽ സംബന്ധിച്ച വിശദാംശങ്ങൾ**

726 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി പതിച്ച നൽകിയിട്ടുണ്ടെന്നും പ്രസ്തുത ഭൂമിക്ക് പട്ടയവിതരണം പൂർത്തിയായോയെന്നും ടി ഭൂമി അളന്ന തിട്ടപ്പെടുത്തി പട്ടയം നൽകുന്നതിന് താലൂക്കുകളിൽ പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എം.ആർ.എസ്സുകളിൽ ജോലിചെയ്യുന്ന മാനേജർമാരുടെ ജോലി സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്സുകൾ, ഹോസ്റ്റലുകൾ എന്നിവയിലെ ആകെ ജീവനക്കാർ എത്ര; അവയിൽ താൽക്കാലികം, സ്ഥിരം ഇവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഓരോ സ്ഥാപനത്തിലും 20 കുട്ടികൾക്ക് ഒരു കുക്ക് എന്ന മുൻ സർക്കാരിന്റെ ഉത്തരവ് പ്രകാരം എല്ലാ സ്ഥാപനങ്ങളിലും സ്ഥിരം ജീവനക്കാരെ നിയമിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്-കൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ എല്ലാ ജീവനക്കാർക്കും പഞ്ചിംഗ് ബാധകമാണോ; വ്യക്തമാക്കുമോ;

(എഫ്) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെകീഴിൽ പോസ്റ്റുമെട്രിക് ഹോസ്റ്റൽ ആരംഭിക്കാൻ ആലോചനയുണ്ടോ; വ്യക്തമാക്കുമോ?

**ആദിവാസി വിഭാഗങ്ങളുടെ ഉന്നമനം**

727 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആദിവാസി വിഭാഗങ്ങളുടെ ഉന്നമനത്തിനായി ചെയ്ത കാര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ആദിവാസി ഊരുകളിൽ ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ നൽകുന്നതിനായി ആരോഗ്യ പ്രവർത്തകരുടെ സേവനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ആരോഗ്യ പ്രവർത്തകരെ സ്ഥലം മാറ്റിയതിനെ തുടർന്ന് ആദിവാസി മേഖലയിൽ ആരോഗ്യ പ്രവർത്തകരുടെ അഭാവം മൂലം എന്തെങ്കിലും അപകടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അട്ടപ്പാടി ആദിവാസി മേഖലയിൽ നവജാത ശിശുക്കളുടെ മരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മരണം സംഭവിച്ചുവെന്നും ഇത്തരം മരണങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയന്നും വിശദമാക്കാമോ?

**<u>പീരുമേട് നിയോജകമണ്ഡലത്തിൽ പ്രീ എക്സാമിനേഷൻ ട്രെയിനിങ്ങ് സെന്റർ</u>**

728 **ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മികച്ച തൊഴിൽ കരസ്ഥമാക്കാനായി കരിയർ ഡവലപ്മെന്റ് സെന്റർ കം പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്റർ പീരുമേട് മണ്ഡലത്തിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വകുപ്പിന്റെ കീഴിൽ വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്റർ എന്ന പദ്ധതി നിലവിലുണ്ടോ; ആയത് സ്ഥാപിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) സൗകര്യം ലഭ്യമാക്കിയാൽ പീരുമേട് മണ്ഡലത്തിൽ വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്റർ ആരംഭിക്കുന്നതിന് അനുവാദം നൽകുമോ?

**<u>പാറശാല നിയോജകമണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിലെ ഗോത്രവർഗ്ഗ ഉന്നതികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ</u>**

729 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടിലധികം വരുന്ന ഗോത്രവർഗ്ഗ ഉന്നതികൾ ഉൾപ്പെടുന്ന ജനവാസ മേഖലകൾ പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രദേശങ്ങളുടെ വിശദാംശങ്ങൾ, ഉന്നതിയുടെ പേര്, അവിടെയുള്ള കുടുംബങ്ങളുടെ എണ്ണം, ജനസംഖ്യ, ഗോത്രവർഗ്ഗ വിഭാഗം എന്നിവ തരം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഗോത്രവർഗ്ഗ ജനവാസ മേഖലകളെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന സംസ്ഥാന സർക്കാരിനും കേന്ദ്ര സർക്കാരിനും ബന്ധപ്പെട്ട മറ്റ് അധികാരസ്ഥാപനങ്ങൾക്കും നിവേദനങ്ങൾ/ ശിപാർശകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികളുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജനവാസ മേഖലകൾ പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടതു മൂലം അവിടുത്തെ ഗോത്രവർഗ്ഗ ജനങ്ങളുടെ താമസം, ഭവനനിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം, ഉപജീവനമാർഗ്ഗങ്ങൾ, കൃഷി തുടങ്ങിയവയെ ബാധിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) അമ്പൂരി ഗ്രാമപഞ്ചായത്തിലെ പ്രസ്തുത ഗോത്രവർഗ്ഗ ഉന്നതികളുടെ സമഗ്ര വികസനത്തിനും നവീകരണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് നിലവിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് ഉന്നതിയുടെ പേര് തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികളുടെ ഭാഗമായി റോഡ്, കുടിവെള്ളം, വൈദ്യുതി, ഭവനം, ഡ്രെയിനേജ്, കമ്മ്യൂണിറ്റി ഹാൾ, അങ്കണവാടി, വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം,

പൊതുസൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, ഭരണാനുമതി ലഭിച്ച തീയതി, നിർവ്വഹണ ഏജൻസി, നിലവിലെ പ്രവൃത്തി പുരോഗതി, ചെലവഴിച്ച തുക എന്നിവ ഉന്നതിയും പ്രവൃത്തിയും തിരിച്ച് വിശദമായി ലഭ്യമാക്കുമോ; ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ ആരംഭിക്കുന്നതിനുള്ള കാലപരിധി എന്താണെന്നും വ്യക്തമാക്കുമോ; പൂർത്തീകരണം പുരോഗമിക്കുന്ന പ്രവൃത്തികളുടെ പ്രതീക്ഷിക്കുന്ന പൂർത്തീകരണതീയതി ഓരോന്നിനും പ്രത്യേകം അറിയിക്കുമോ;

(എഫ്) പ്രസ്തുത ഗോത്രവർഗ്ഗ ഉന്നതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്കു പുറമെ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവശ്യമായ അധിക തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; കൂടാതെ പരിസ്ഥിതിലോല പ്രദേശ പട്ടികയുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനും അവിടുത്തെ ഗോത്രവർഗ്ഗ ജനങ്ങളുടെ ജീവിതവും ഉപജീവനവും സംരക്ഷിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>അംബേദ്കർ ഗ്രാമം പദ്ധതി വിപുലീകരണം</u>**

730 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി വിപുലീകരണത്തിനുള്ള പദ്ധതി വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിക്ക് അനുവദിക്കുന്ന തുക പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മതിയായതല്ല എന്നുള്ള പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>പട്ടികജാതി പട്ടികവർഗ്ഗ വികസനം</u>**

731 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നേര്യമംഗലത്ത് പെൺകുട്ടികൾക്കായി പണി തീർത്തിട്ടുള്ള ഹോസ്റ്റൽ ശോചനീയാവസ്ഥയിലാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2016-2026 കാലയളവിൽ കോതമംഗലം നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ കിഫ്ബി വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പ്രവൃത്തിക്കും ഭരണാനുമതി ലഭിച്ചിട്ടുള്ള തുക എത്രയാണെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കുമോ?

**പട്ടികജാതി -പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

732 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്താമോ;

(ബി) വിദ്യാർത്ഥി-ഗവേഷക രംഗത്ത് വിദ്യാർത്ഥികൾക്ക് പ്രചോദനം നൽകുന്ന പ്രവർത്തനം ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

**മട്ടന്നൂരിലെ അംബേദ്കർ ഗ്രാമം പദ്ധതി**

733 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നു വരുന്നതും പൂർത്തിയായതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) മട്ടന്നൂർ മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നു വരുന്നതും പൂർത്തിയായതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>ആലത്തൂർ അംബേദ്കർ ഗ്രാമം പദ്ധതി</u>**

734 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന പഴയകുളം ഗ്രാമം, എടക്കാട് നായാടി നഗർ ഗ്രാമം എന്നിവിടങ്ങളിലെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞ രണ്ട് പദ്ധതികൾ എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>പട്ടികജാതി വിഭാഗത്തിന്റെ വികസനം</u>**

735 **ശ്രീമതി ഉമ തോമസ്**

**ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ഉന്നതികളിൽ കുടിവെള്ളം, റോഡ്, വൈദ്യുതി, ശുചിമുറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള വിവിധ സ്കോളർഷിപ്പുകൾ സമയബന്ധിതമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പട്ടികജാതി യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ആവിഷ്കരിക്കുന്ന നൈപുണ്യ വികസന പദ്ധതികൾ കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>പട്ടികജാതി കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ നടപടി</u>**

736 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(ബി) പട്ടികജാതി വിഭാഗത്തിനായി അനുവദിച്ച പദ്ധതിതുക പൂർണമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി ക്ഷേമപദ്ധതികളിലെ ആനുകൂല്യങ്ങൾ അർഹരായ എല്ലാവർക്കും സമയബന്ധിതമായി ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കവിഭാഗ ക്ഷേമ പ്രവർത്തനങ്ങൾ</u>

737 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കവിഭാഗ ക്ഷേമത്തിനും ഉന്നമനത്തിനുമായി എന്തെങ്കിലും പദ്ധതികൾ നിലവിൽ ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗക്കാരുടെ പാർപ്പിടം, വിദ്യാഭ്യാസം, അടിസ്ഥാന ജീവനോപാധികൾ തുടങ്ങിയ മേഖലകൾക്ക് പ്രാധാന്യം നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) മണ്ഡലത്തിലെ പട്ടികജാതി ഉന്നതികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിൽ പദ്ധതികൾ എന്തെങ്കിലും വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ പുതിയ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ;

(ഡി) മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കവിഭാഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന വിശദാംശം ലഭ്യമാക്കുമോ;

(ഇ) മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കവിഭാഗക്കാർക്ക് 'ടി-ഗ്രാന്റ്സ്' വഴി ചികിത്സാസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; മണ്ഡലത്തിൽ നിലവിൽ ധനസഹായത്തിന് അപേക്ഷിച്ച എത്ര പേരുടെ അപേക്ഷകളാണ് പരിഗണിക്കാൻ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) മണ്ഡലത്തിലെ ഉന്നതികളിലുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## 2019-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട നിലമ്പൂരിലെ ആദിവാസി ഉന്നതികളിലെ കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നത്

738 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട നിലമ്പൂരിലെ ആദിവാസി ഉന്നതികളായ വാണിയമ്പുഴ, തണ്ടങ്കല്ല്, പുലിമുണ്ട, മുണ്ടക്കടവ് എന്നീ പ്രദേശങ്ങളിലെ ആദിവാസി കുടുംബങ്ങളിലെ ഭൂരിപക്ഷം പേർക്കും സർക്കാർ സ്ഥലം അനുവദിച്ചുവെങ്കിലും വീട് അനുവദിച്ചു നൽകാത്തതുമൂലം ഇപ്പോഴും പ്ലാസ്റ്റിക് ഷീറ്റുകളിൽ കഴിയുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കുടുംബങ്ങൾക്ക് വീട് അനുവദിക്കുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

739 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അവർക്ക് ഭവനം ഉറപ്പാക്കുമോ; വിശദമാക്കുമോ;

(ബി) പട്ടികവർഗ്ഗവിഭാഗത്തിൽ ഉൾപ്പെടുന്ന എത്ര കുടുംബങ്ങൾ കുറ്റ്യാടി നിയോജകമണ്ഡലത്തിലുണ്ടെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അവർക്ക് പാർപ്പിട സുരക്ഷ ഉറപ്പാക്കിയിട്ടുണ്ടോ;

(സി) പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന പഞ്ചമി ഗ്രാമം പദ്ധതിയിൽ കുറ്റ്യാടി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതിലൂടെ എന്തൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

<u>ഭവനരഹിതരും ഭൂരഹിതരുമായ പട്ടികജാതി പട്ടിക വർഗ്ഗവിഭാഗങ്ങൾ</u>

740 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീമതി ഫാത്തിമ തഹിലിയ**
**ശ്രീ. പി. കെ. ഫിറോസ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരും ഭൂരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക ഭവന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകി വരുന്ന സേവനങ്ങൾ കൂടുതൽ സുതാര്യവും സമയബന്ധിതവുമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഒല്ലൂർ മണ്ഡലത്തിലെ പട്ടികജാതി കുടുംബങ്ങൾക്ക് ഭവനസഹായം</u>

741 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഭവനരഹിതരും വാസയോഗ്യമായ വീടില്ലാത്തവരുമായ എത്ര പട്ടികജാതി കുടുംബങ്ങൾ നിലവിലുണ്ടെന്ന പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഭവനസഹായത്തിന് അപേക്ഷിച്ചിട്ടും സാമ്പത്തിക സഹായം ലഭിക്കാത്ത കുടുംബങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവർക്കുള്ള സഹായം അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഭവനസഹായത്തിന് അപേക്ഷിച്ചിട്ടും സാമ്പത്തിക സഹായം ലഭിക്കാത്ത കുടുംബങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; വിശദമാക്കുമോ;

(ഡി) അർഹരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഭവനസഹായം ലഭ്യമാക്കുന്നതിനും പൂർത്തിയാകാത്ത വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഭവന പദ്ധതി</u>

742 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഈ വർഷം എത്ര ഭവനങ്ങൾ നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും സ്ഥലം വാങ്ങി വീട് വച്ച് നൽകാനാണോ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ എത്രപേർക്കാണ് സ്വന്തമായി സ്ഥലവും ഭവനവും ഇല്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്; ഇവർക്ക് എത്ര വർഷത്തിനുള്ളിൽ സ്വന്തമായി സ്ഥലവും ഭവനവും നൽകുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

<u>ലാൻഡ് ബാങ്ക് പദ്ധതി</u>

743 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പറമ്പികുളം മേഖലയിലെ മുതലമട ചെമ്മണാംപതിയിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കാൻ നിശ്ചയിച്ചിരുന്ന 26 ഏക്കറോളം ഭൂമി വിതരണം ചെയ്യുന്നതിന് കാലതാമസമുണ്ടാകുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഗുണഭോക്താക്കൾക്ക് സ്ഥലം വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ?

<u>**ലൈഫ് ഭവന പദ്ധതി-പട്ടികജാതി കുടുംബങ്ങൾ**</u>

744 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ 2026 വരെയുള്ള കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ട് ;

(സി) ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ശേഷിക്കുന്ന കുടുംബങ്ങൾക്കും കൂടി വീട് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

<u>**ഭൂരഹിത -ഭവനരഹിത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പദ്ധതി**</u>

745 **ശ്രീ. അപു ജോൺ ജോസഫ്**
**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ**
**ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവന രഹിതരായ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം നിർമ്മിക്കുന്നതിനായി പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ലൈഫ് മിഷൻ പോലെ നിലവിലുള്ള ഭവന പദ്ധതികൾ പ്രസ്തുത വിഭാഗങ്ങളുടെ ഭവന സാക്ഷാത്ക്കാരത്തിന് ഫലപ്രദമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിലെ പദ്ധതികളുടെ പോരായ്മകൾ കൂടി കണക്കിലെടുത്ത് പുതിയ പദ്ധതി രൂപീകരിക്കാൻ ശ്രദ്ധ ചെലുത്തുമോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ ഭൂരഹിതർക്കും ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ

സ്വീകരിക്കുമോ; ഇതിനായി നിയമ നിർമാണം ആവശ്യമുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ നിയമനിർമാണത്തിന് തയാറാകുമോ?

**സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള ഭവന നിർമ്മാണം**

746 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പുതുക്കാട് പഞ്ചായത്ത് വെങ്ങാലൂർ വില്ലേജിലെ ഇരിങ്ങാലക്കുടക്കാരൻ വീട്ടിൽ ശ്രീ. ഐ.എം.മോഹനന് സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള ധനസഹായം അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(സി) പ്രസ്തുത അപേക്ഷയിൽ അനുകൂലമായ സത്വര നടപടി സ്വീകരിക്കുമോ?

**പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന പദ്ധതി**

747 **ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബങ്ങൾക്ക് ഭവനനിർമാണത്തിനും ഭവന പുനരുദ്ധാരണത്തിനുമായി കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി നിലവിലുണ്ടോ; കഴിഞ്ഞ അഞ്ച് വർഷത്തെ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്നും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കുമോ?

**അരുവിക്കര മണ്ഡലത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണം**

748 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ പാങ്കാവ് എന്ന സ്ഥലത്ത് കിഫ്ബി ഫണ്ടുപയോഗിച്ച് സ്ഥാപിക്കുന്ന

മോഡൽ റസിഡൻഷ്യൽ സ്കൂളിന് നിലവിൽ പുതുക്കി അനുവദിച്ച ഭരണാനുമതി തുക എത്രയാണെന്നും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ നടപടികൾ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ?

**വീരൻകുടി, അരയക്കാപ്പ് ഉന്നതികളിലെ കുടുംബങ്ങളുടെ ദുരവസ്ഥ**

749 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീരൻകുടി, അരയക്കാപ്പ് ഉന്നതികളിലെ നാൽപതോളം കുടുംബങ്ങൾ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ മാരാങ്കോട് കുടിൽകെട്ടി താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതിയും കുടിവെള്ളവും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാതെ കഴിയുന്ന ഇവരുടെ ദുരവസ്ഥ എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദമാക്കുമോ;

(സി) ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ചാലക്കുടി അതിരപ്പിള്ളി വെട്ടിവിട്ടക്കാട് ആദിവാസി ഉന്നതിയിൽ അടിസ്ഥാന സൗകര്യങ്ങൾ**

750 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വെട്ടിവിട്ടക്കാട് ആദിവാസി ഉന്നതി നിവാസികൾക്ക് പുറംലോകവുമായി ബന്ധപ്പെടുന്നതിന് വഴി സൗകര്യമില്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ചെങ്കുത്തായ കയറ്റങ്ങളും ഇറക്കങ്ങളുമുള്ള ചെറിയ നടപ്പാതയിലൂടെ കിലോമീറ്ററുകളോളം ചുമന്നാണ് രോഗികളെ ഉന്നതിയിൽ നിന്നും മലക്കപ്പാറയിൽ എത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) വന്യമൃഗശല്യവും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും മൂലം പ്രസ്തുത ഉന്നതിയിലെ കുടുംബങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## അംബേദ്കർ ഗ്രാമം പദ്ധതി

751 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി നഗറുകളുടെ നവീകരണമാണ് നടന്നു വരുന്നത് എന്ന് അറിയിക്കുമോ;

(ബി) ഓരോ നഗറുകൾക്കും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ?

## ദുർബല പുനരധിവാസ പദ്ധതി വീടുകളുടെ നിർമ്മാണം

752 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ പീച്ചംകോട് പട്ടികജാതി നഗറിൽ ദുർബല പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച വീടുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## പട്ടികജാതി-പട്ടികവർഗ്ഗ ഉന്നതികളിലെ അടിസ്ഥാന സൗകര്യങ്ങൾ

753 **ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ ഉന്നതികളിൽ കുടിവെള്ളം, റോഡ്, വൈദ്യുതി, ഡ്രെയിനേജ്, ഇന്റർനെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ അഞ്ച് വർഷം നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇവയ്ക്ക് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ സാമ്പത്തികവർഷം തിരിച്ച് നൽകുമോ;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതിയിൽ കഴിഞ്ഞ അഞ്ച് വർഷം എത്ര പേർക്ക്

ധനസഹായം നൽകിയെന്നും എത്ര തുക നല്കിയെന്നുമുള്ള വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരായ അതിക്രമങ്ങൾ**

754 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. സുമേഷ് അച്യുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരായ അക്രമങ്ങളും അതിക്രമങ്ങളും തടയുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം കേസുകളിൽ നിയമപരമായ സഹായവും നഷ്ടപരിഹാരവും നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

**വിദ്യാഭ്യാസം, ഇ-ഗ്രാന്റ്സ്, ഉന്നതപഠനം**

755 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് വിതരണത്തിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) വിദേശ സർവ്വകലാശാലകളിൽ ഉന്നതപഠനത്തിന് അവസരം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ലഭിക്കുന്നതിൽ നിലവിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ടോ;

(സി) മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ (എം.ആർ.എസ്), ആശ്രമസ്കൂളുകൾ എന്നിവിടങ്ങളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകളും അധ്യാപകരുടെ ഒഴിവുകളും പരിഹരിക്കാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

## കട്ടേല മോഡൽ റസിഡൻഷ്യൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഹ്യൂമാനിറ്റീസ് ബാച്ച് അനുവദിക്കുന്നത്

756 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മേൽനോട്ടത്തിലുള്ള കട്ടേല മോഡൽ റസിഡൻഷ്യൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ ഹ്യൂമാനിറ്റീസ് വിഷയം ഇല്ലാത്തതുകൊണ്ട് പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ തുടർ പഠനത്തിന് സാധിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കട്ടേല മോഡൽ റസിഡൻഷ്യൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഹ്യൂമാനിറ്റീസ് ബാച്ച് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്കൂളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് കായിക വിനോദങ്ങളിൽ ഏർപ്പെടുന്നതിനുള്ള സൗകര്യം ലഭ്യമല്ല എന്നതിനാൽ ഇതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പഠനമുറിയ്ക്കുള്ള ധനസഹായം

757 **ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം ഏതു ക്ലാസ്സുവരെയുള്ളവർക്കാണ് നൽകിവരുന്നതെന്നും അതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## മെന്റർ അധ്യാപകരുടെ നിയമനം

758 **ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. പി. കെ. പ്രവീൺ**

**ശ്രീ. പി. പി. സുമോദ്**

**ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്ര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നിയമിച്ചിരുന്ന മെന്റർ അധ്യാപകരെ ജോലിയിൽ തുടരാൻ അനുവദിക്കാത്തത് സംബന്ധിച്ച് ഹൈക്കോടതി സർക്കാരിന് നോട്ടീസ് അയച്ചതായി പറയപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ കോടതി നൽകിയ ഇടക്കാല ഉത്തരവ് ലംഘിച്ചതിലൂടെ കോടതിയലക്ഷ്യ നടപടികൾക്ക് സർക്കാർ വിധേയമാകേണ്ടിവന്നുവെന്ന് പറയപ്പെടുന്നതായ ആക്ഷേപം വസ്തുതാപരമാണോ;

(സി) ഗോത്ര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ മാതൃഭാഷയിൽ പഠിക്കാനും കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറയ്ക്കാനും സഹായകമായിരുന്ന ഗോത്രബന്ധു പദ്ധതിയിൽ നിന്നും വർഷങ്ങളായി ജോലി ചെയ്തുവന്നിരുന്ന മെന്റർ അധ്യാപകരെ പിരിച്ചുവിട്ടത് പ്രസ്തുത മേഖലയിലെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) നിലവിലുള്ള അധ്യാപകരെ പിരിച്ചുവിട്ട് പുതിയ അധ്യാപകരെ നിയമിക്കാനായി തയ്യാറാക്കിയ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് കോടതി തടഞ്ഞ സാഹചര്യത്തിൽ,പിരിച്ചുവിടപ്പെട്ട ഗോത്രവിഭാഗം മെന്റർ അധ്യാപകരെ അടിയന്തരമായി ജോലിയിൽ തിരിച്ചെടുക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

**<u>പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിനുള്ള ധനസഹായം</u>**

759 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിന് അനുവദിക്കുന്ന ധനസഹായത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) വിദേശപഠനത്തിനായി അനുവദിച്ച ധനസഹായത്തിന്റെ ആകെ തുക എത്രയാണെന്നും ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പ്രത്യേകം അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

<u>**വിദേശത്ത് ഉന്നതപഠനത്തിനായി ധനസഹായം**</u>

760 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പാലക്കാട് ജില്ലയിൽനിന്നും വിദേശത്ത് ഉന്നതപഠനത്തിനായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്; അവ ഏതൊക്കെ ഗ്രാന്റ് പ്രകാരമാണെന്നും എത്ര തുകയാണ് ലഭിച്ചതെന്നും മണ്ഡലം തിരിച്ച് വിശദമാക്കുമോ?

<u>**മെഷീൻ പ്രിസിഷനിസ്റ്റ് കോഴ്സ്**</u>

761 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന് കീഴിലുള്ള വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ മെഷീൻ പ്രിസിഷനിസ്റ്റ്(പ്രിസിഷൻ മെഷിനിസ്റ്റ്) കോഴ്സിന്റെ പുതിയ ബാച്ച് എന്ന് ആരംഭിക്കുവാൻ കഴിയും; വ്യക്തമാക്കുമോ?

<u>**സ്കോളർഷിപ്പ് വിതരണത്തിലെ കാലതാമസം**</u>

762 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും വിവിധ പഠനങ്ങൾക്കായി നൽകിവരുന്ന സ്കോളർഷിപ്പുകൾ മുടങ്ങിക്കിടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശികയായിട്ടുള്ള സ്കോളർഷിപ്പ് തുകകൾ സമയബന്ധിതമായി വിതരണം ചെയ്ത് വിദ്യാർത്ഥികളുടെ

പഠനം മുടങ്ങാതിരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ**

763 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2026 വരെയുള്ള കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവിധ ആനുകൂല്യങ്ങൾ എത്ര രൂപയാണ് കുടിശികയായി വിതരണം ചെയ്യാനുണ്ടായിരുന്നതെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം കുടിശിക വരാനിടയായതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കി വച്ചിരുന്ന തുക പിന്നീട് വെട്ടിക്കുറയ്ക്കുന്ന സാഹചര്യമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആകെ എത്ര രൂപയാണ് ഇക്കാലയളവിൽ വെട്ടിക്കുറച്ചതെന്നും ഓരോ സാമ്പത്തിക വർഷവും ഓരോ ഇനങ്ങളിലും കുറച്ച തുകകളുടെ വർഷം തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ?

**മാടായി ഐ.ടി.ഐ.യ്ക്കായി പുതിയ ട്രേഡുകൾ**

764 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ വെങ്ങരയിൽ പ്രവർത്തിച്ചു വരുന്ന മാടായി ഐ.ടി.ഐ-യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

**മോഡൽ റെസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നത്**

765 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നെടിയിരുപ്പ് പട്ടിക ജാതി ഉന്നതിയിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കണമെന്ന ആവശ്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം സർക്കാർ പരിഗണനയിലുണ്ടോ എന്നത് വ്യക്തമാക്കുമോ;

(ബി) മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനാവശ്യമായ സ്ഥല സൗകര്യമുള്ള അവസ്ഥ പരിഗണിച്ച് നെടിയിരുപ്പ് ഉന്നതിയിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>**നിലമ്പൂരിൽ ആദിവാസി വിദ്യാർത്ഥികൾക്ക് കോളേജ് തലത്തിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നത്**</u>

766 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഏറ്റവുമധികം ആദിവാസികൾ അധിവസിക്കുന്ന നിലമ്പൂരിൽ കോളേജ് വിദ്യാഭ്യാസത്തിനായി ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്തതുമൂലം പഠനം ഉപേക്ഷിച്ച് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുട്ടികളുടെ തുടർപഠനം ഉറപ്പാക്കുന്നതിനായി കോളേജ് തലത്തിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>**ഭക്ഷണവിതരണം തടസ്സപ്പെട്ടത്**</u>

767 **ശ്രീ. വി. കെ. സനോജ്**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ഓഗസ്റ്റിൽ നിലമ്പൂർ ഗവ. ഐ.ടി.ഐ.ഹോസ്റ്റലിൽ എസ്.സി./ എസ്.ടി. വിദ്യാർത്ഥികൾക്ക് ഭക്ഷണവിതരണം മുടങ്ങിയതുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ വ്യക്തമാക്കുമോ;

(ബി) ഫണ്ട് അനുവദിക്കുന്നതിൽ ധനകാര്യ വകുപ്പിനുണ്ടായ കാലതാമസത്തിന്റെ നാൾവഴികളും ഈ പ്രതിസന്ധിക്ക് കാരണമായ സാമ്പത്തിക-ഭരണപരമായ വീഴ്ചകളും വ്യക്തമാക്കുമോ;

(സി) 2026-27 സാമ്പത്തിക വർഷം ഹോസ്റ്റലിലെ ഭക്ഷണത്തിനായി ആവശ്യപ്പെട്ട തുക, അനുവദിച്ച തുക,വിതരണം ചെയ്ത തുക,കുടിശ്ശിക എന്നിവയുടെ കൃത്യമായ കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രതിസന്ധിയെത്തുടർന്ന് ഹോസ്റ്റൽ എത്ര ദിവസം അടച്ചിടേണ്ടിവന്നുവെന്നും ഇത് എത്ര വിദ്യാർത്ഥികളുടെ പഠനത്തെ ബാധിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) വിദ്യാർത്ഥികൾക്ക് സ്വന്തം വീടുകളിലേക്കും ഊരുകളിലേക്കും മടങ്ങേണ്ടി വന്നതിനാൽ അവരുടെ പഠനം മുടങ്ങാതിരിക്കാൻ സ്വീകരിച്ച അടിയന്തര നടപടികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) ഭക്ഷണവിതരണം തടസ്സപ്പെട്ട കാലയളവിൽ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയ ബദൽ ഭക്ഷണ സൗകര്യങ്ങളുടെയോ വിതരണം ചെയ്ത അലവൻസിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>സർക്കാർ ഹോസ്റ്റൽ സൗകര്യങ്ങൾ</u>**

768 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സർക്കാർ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ സൗകര്യങ്ങൾ വർധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്കോളർഷിപ്പ്, സ്റ്റൈപെൻഡ് എന്നിവ വിതരണം ചെയ്യുന്നതിൽ കുടിശികയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വിദേശ പഠനത്തിനുള്ള 10 ലക്ഷം രൂപ വരെയുള്ള വായ്പാപദ്ധതി എത്ര പേർക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**<u>പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം</u>**

769 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ബജറ്റിൽ അനുവദിച്ചിട്ടുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിന്റെ പ്രവൃത്തി പുരോഗതി അറിയിക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് തടസങ്ങൾ ഉണ്ടോയെന്ന് അറിയിക്കുമോ?

## പട്ടികജാതി പ്രൊമോട്ടർമാരുടെ നിയമനം

770 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്കുള്ള വികസന പദ്ധതികൾ അവരിലേക്ക് എത്തിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന പ്രൊമോട്ടർമാരെ കോർപ്പറേഷൻ മേഖലയിൽ വിന്യസിക്കുന്നതിന് നയം രൂപീകരിച്ചിട്ടുണ്ടോ; പ്രൊമോട്ടർമാരുടെ നിയമനം സംബന്ധിച്ച മാർഗരേഖ വ്യക്തമാക്കുമോ;

(ബി) കോർപ്പറേഷൻ മേഖലയിൽ നിലവിൽ 20 വാർഡുകൾക്ക് ഒരു പട്ടികജാതി പ്രൊമോട്ടർ എന്ന നിലയിൽ വിന്യസിച്ചിരിക്കുന്നത് പ്രായോഗികമാണോ;പട്ടികജാതി വിഭാഗക്കാർ ധാരാളമുള്ള തിരുവനന്തപുരം പോലെയുള്ള കോർപ്പറേഷനുകളിൽ ഇത് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പട്ടികജാതി പ്രൊമോട്ടർമാരുടെ ഒഴിവുകൾ നികത്താത്തതു മൂലം പദ്ധതി നടത്തിപ്പിൽ വളരെയധികം പ്രയാസങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി പ്രൊമോട്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അധ്യാപക നിയമനം

771 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പട്ടികജാതി വകുപ്പിനു കീഴിൽ എത്ര റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിലായി എത്ര ടീച്ചർ തസ്തികയുണ്ടെന്നും ഇതിൽ സ്ഥിരം ടീച്ചർ തസ്തികകളുടെയും താൽകാലിക തസ്തികകളുടെയും വിവരങ്ങൾ പ്രത്യേകം ലഭ്യമാക്കുമോ;

(സി) ചില സ്കൂളുകളിൽ ടീച്ചർമാരുടെ തസ്തിക താൽകാലിക തസ്തികയായി തുടരുവാൻ കാരണമെന്താണെന്നും അവ സ്ഥിരം തസ്തികയാക്കി ഡെപ്യൂട്ടേഷൻ നിയമനം നടത്താൻ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കാപ്പുകാട്-ആമല ഉന്നതി റോഡ് നിർമ്മാണം

772 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വകുപ്പ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന കാപ്പുകാട്-ആമല ഉന്നതി റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം കൂടാതെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കരിന്തളം ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ

773 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിന്തളം ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമാണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കെട്ടിട നിർമ്മാണ പുരോഗതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## ചേലക്കര -വെങ്ങാനൂർ ലക്ഷം വീട് നഗറിലേയ്ക്കുള്ള വഴി

774 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ പട്ടികജാതി വകുപ്പിനു കീഴിലുള്ള വെങ്ങാനെല്ലൂർ പ്രീമെട്രിക് ഹോസ്റ്റലിന്റെ മതിലിനോട് ചേർന്ന്

പട്ടികജാതി വിഭാഗക്കാർ താമസിക്കുന്ന ലക്ഷം വീട് നഗറിലേക്കുള്ള വഴി, ആംബുലൻസ് അടക്കമുള്ള ചെറിയ വാഹനങ്ങൾക്ക് കടന്നുപോകാൻ പറ്റുന്ന തരത്തിൽ, പ്രീ മെട്രിക് ഹോസ്റ്റലിന്റെ കാലപഴക്കം ചെന്ന മതിൽ പൊളിച്ചു മാറ്റി വീതി കൂട്ടുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. പട്ടികജാതി വകുപ്പിനു നൽകിയ കത്തിൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

**പുനലൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

775 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിലെ ഏതെല്ലാം പട്ടികജാതി നഗറുകളിൽ നാളിതുവരെ അബേദ്കർ ഗ്രാമം പദ്ധതി അനുവദിച്ചിട്ടുണ്ടെന്നും ആയത് പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിലെ ഏതെല്ലാം പട്ടിക ജാതി നഗറുകളിൽ നടന്നു വരുന്നു എന്നും അറിയിക്കുമോ;

(ബി) പുനലൂർ മണ്ഡലത്തിൽ അബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പട്ടിക ജാതി നഗറുകളിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി പട്ടിക ജാതി നഗറുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ?

**പട്ടികജാതി പട്ടികവർഗ്ഗ മറ്റ് പിന്നാക്കവിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾ**

776 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021–2026 വരെയുള്ള കാലയളവിൽ പട്ടികജാതി,പട്ടികവർഗ്ഗ മറ്റ് പിന്നാക്കവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്കായി വിവിധ ധനസഹായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ വിഭാഗത്തിനുമായി നടപ്പിലാക്കിയ ധനസഹായം, വിദ്യാഭ്യാസം, ഭവനം, വിവാഹം, തൊഴിൽ, സ്വയംതൊഴിൽ, സംരംഭകത്വം, ചികിത്സ, സാമൂഹ്യസുരക്ഷ തുടങ്ങിയ

പദ്ധതികളുടെ പേര്, ആരംഭിച്ച വർഷം, പദ്ധതിയുടെ ലക്ഷ്യം എന്നിവ വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഓരോ പദ്ധതിക്കും ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുക, ലഭ്യമായ തുക, ചെലവഴിച്ച തുക, ചെലവഴിക്കാതെ ശേഷിച്ച തുക എന്നിവ ലഭ്യമാക്കുമോ;

(ഡി) ഓരോ പദ്ധതിയിലൂടെയും പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നാക്കവിഭാഗം എന്നിങ്ങനെ വേർതിരിച്ച് എത്ര ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിച്ചുവെന്നും ഗുണഭോക്താക്കൾക്ക് ലഭിച്ച ശരാശരി/ ആകെ ധനസഹായ തുക എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനായി പദ്ധതി അവലോകനം/ഇംപാക്ട് സ്റ്റഡി നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രധാന കണ്ടെത്തലുകളും തുടർനടപടികളും വിശദമാക്കുമോ;

(എഫ്) ഓരോ പദ്ധതിക്കും ഓരോ സാമ്പത്തിക വർഷവും ലാപ്സായ തുക എത്രയെന്ന് വ്യക്തമാക്കുമോ?

<u>**വർക്കല മണ്ഡലത്തിൽ അംബേദ്ക്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**</u>

777 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ അംബേദ്ക്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) ടി പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളവ എത്രയെണ്ണമുണ്ടെന്ന് വിശദമാക്കുമോ;

(സി) നാവായികുളം,കടമ്പാട്ടുക്കോണം,കുന്നിക്കോട് ഉന്നതികൾക്ക് വകുപ്പുതല ഭരണാനുമതി നല്കുന്നതിന് കാലതാമസമുണ്ടായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) മടവൂർ, കാരോട്ടുക്കോണം, മണ്ണടിക്കോണം ഉന്നതികൾക്ക് വകു ഭരണാനുമതി നല്കുന്നതിന് കാലതാമസമുണ്ടായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

<u>**അപ്പോളോ നഗറിലെ ഭവന പുനരുദ്ധാരണ പദ്ധതി**</u>

778 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അണ്ടൂർക്കോണം പഞ്ചായത്തിലെ അപ്പോളോ ഉന്നതിയിൽ പട്ടികജാതി വികസന വകുപ്പിന്റെ പ്രത്യേക ഫണ്ട് വിനിയോഗിച്ച് 117 വീടുകളുടെ പുനരുദ്ധാരണത്തിനായി കേരള നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;കഴിഞ്ഞ നിയമസഭാ സമ്മേളനത്തിന് ശേഷം നടന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട 117 വീടുകളിൽ 25 വീടുകളുടെ പുനരുദ്ധാരണ പ്രവർത്തികൾ മാത്രമാണ് ഇതുവരെ പൂർത്തിയായത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ബാക്കി വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസ്സമായി നിൽക്കുന്നത് ഫണ്ട് ലഭ്യതക്കുറവാണോ; ഇതിലെ സാമ്പത്തിക പ്രതിസന്ധിയും കാരണങ്ങളും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സർക്കാരും വകുപ്പും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;പദ്ധതിക്കായി കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടികജാതി വിഭാഗങ്ങൾ അധിവസിക്കുന്ന നഗർ ആയതിനാൽ പ്രദേശവാസികൾ നേരിടുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP), മാലിന്യശുചീകരണം, കുടിവെള്ളക്ഷാമം എന്നീ രൂക്ഷമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിനായി പ്രത്യേക പദ്ധതികളോ തുകയോ നീക്കിവെയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## ഉന്നതികളുടെയും ആദിവാസി ഊരുകളുടെയും സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ

779 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതികളുടെയും ആദിവാസി ഊരുകളുടെയും സമഗ്രവികസനത്തിനായി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നല്കിയിട്ടുള്ളതെന്ന്

വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിലേക്കായി എത്ര കോടി രൂപയാണ് നീക്കി വെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഊരുകളുടെ സമഗ്ര വികസനത്തിനായി കഴിഞ്ഞ സർക്കാർ നീക്കിവെച്ച തുക എത്രയാണെന്നും നിലവിൽ എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുകയിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ?

<u>അംബേദ്കർ ഗ്രാമം പ്രവൃത്തി</u>

780 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ പാട്ടോല അംബേദ്കർ ഗ്രാമം പ്രവൃത്തി നിലവിൽ എത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>വടക്കഞ്ചേരി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്</u>

781 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന് കീഴിലുള്ള വടക്കഞ്ചേരി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നിലവിലെ വാടക കെട്ടിടത്തിൽനിന്നും കമ്മ്യൂണിറ്റി കോളേജ് കെട്ടിടത്തിലേക്ക് മാറ്റുന്ന പ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണെന്നും സ്ഥാപനം പുതിയ സർക്കാർ കെട്ടിടത്തിലേക്ക് എന്ന് മാറ്റിസ്ഥാപിക്കുമെന്നും വ്യക്തമാക്കുമോ?

<u>പീച്ചങ്കോട് കാവശ്ശേരി അംബേദ്കർ നഗർ പ്രവൃത്തി</u>

782 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിൽ ദുർബല പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയ പീച്ചങ്കോട് കാവശ്ശേരി അംബേദ്കർ നഗർ പ്രവൃത്തി നിലവിൽ ഏതു ഘട്ടത്തിലാണെന്നും പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

**ആദിവാസികളുടെ ഭൂപ്രശ്നം**

783 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ഭൂപ്രശ്ന പരിഹാരത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര ആദിവാസി കുടുംബങ്ങളാണ് ഭൂരഹിതരായി ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

**ഗോത്രവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനം**

784 **ശ്രീ. എൻ. ശക്തൻ**
**ശ്രീ. സി. വി. ശാന്തകുമാർ**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഉന്നതി എന്ന് പേരുമാറ്റിയതല്ലാതെ പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങളിൽ മാറ്റം കൊണ്ടുവരാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ ഗോത്ര വിഭാഗക്കാർ ഒരുമിച്ച് താമസിക്കുന്ന സ്ഥലങ്ങളുടെ പേര് വീണ്ടും ഊര് എന്നാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉന്നതി എന്ന് പേര് മാറ്റിയതിനെതിരെ വിവിധ ഗോത്ര വിഭാഗക്കാർ പരാതി നൽകിയിരുന്നോ;ഊര് എന്നത് തങ്ങളുടെ പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും അവിഭാജ്യ ഘടകമാണെന്ന് ഊരു മൂപ്പന്മാർ നിലപാട് സ്വീകരിച്ചിരുന്നോ; വിശദമാക്കുമോ;

(സി) പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വിഭാവനം ചെയ്യുന്ന പഞ്ചമി ഗ്രാമം പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**ആലത്തൂർ പട്ടികവർഗ്ഗ ഉന്നതികൾ**

785 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ ഉന്നതികൾ ഉണ്ടെന്നും അവയിൽ ഓരോന്നിലും എത്ര കുടുംബങ്ങൾ വീതം താമസിക്കുന്നുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് തിരിച്ച് നൽകുമോ;

(ബി) കിഴക്കഞ്ചേരി പഞ്ചായത്തിലെ കവിളുപ്പാറ ഉന്നതിയിൽ നടന്നുവരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**മണ്ണന്തലയിലെ അംബേദ്കർ ഭവൻ**

786 **ശ്രീ. വി. മുരളീധരൻ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മണ്ണന്തലയിൽ പട്ടികജാതി വികസന വകുപ്പിന് എത്ര ഭൂമിയാണ് സ്വന്തമായിട്ടുള്ളത്; പ്രസ്തുത ഭൂമി മതിൽകെട്ടി സംരക്ഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഉടനെ സ്വീകരിക്കുമോ;

(ബി) പട്ടികജാതി വികസന വകുപ്പിന് കീഴിൽ മണ്ണന്തലയിൽ സ്ഥാപിതമായിട്ടുള്ള അംബേദ്കർ ഭവൻ എന്ത് ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് നിർമ്മിച്ചത്;പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത്;

(സി) അംബേദ്കർ ഭവനിൽ നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടക്കുന്നത്; വിപുലമായ സൗകര്യങ്ങളുള്ള, പട്ടികജാതി വിഭാഗത്തിന് ഉപയോഗപ്രദമാകേണ്ട പ്രസ്തുത കെട്ടിടത്തിൽ പല മുറികളും നിലവിൽ ഉപയോഗശൂന്യമായി പൂട്ടിയിട്ടിരിക്കുകയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കെട്ടിടവും അതിനു സമീപത്തുള്ള കളിക്കളവും കുളവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പട്ടികജാതി വിഭാഗത്തിന്റെ പുരോഗമന പ്രവർത്തനങ്ങൾക്ക് ഉതകുന്ന തരത്തിലാക്കുന്നതിന് പദ്ധതികൾ

ആവിഷ്കരിച്ച് നടപ്പിലാക്കുമോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**നെടുമങ്ങാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

787 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മാതാവീട്, ചെട്ടിയാർമുക്ക്, മാഞ്ഞാംകോട് IHDP, ചാമവിള ഗ്രാമം, മാവുവിള, അഞ്ചേക്കർ തോപ്പിനകം എന്നീ ആറ് ഉന്നതികളുടെ നിലവിലെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം എത്രയായെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ആവശ്യത്തിന് ഫണ്ട് സമയബന്ധിതമായി ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫണ്ട് ലഭ്യത ഉറപ്പുവരുത്തി നിർമ്മാണ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മാവുവിള,അഞ്ചേക്കർ തോപ്പിനകം ഉൾപ്പെടെയുള്ള ഗ്രാമങ്ങളിൽ ഏതൊക്കെ പ്രവർത്തികൾക്കാണ് ഇനിയും ഭരണാനുമതി/സാങ്കേതികാനുമതി ലഭിക്കാനുള്ളതെന്നും ഏതെല്ലാം പ്രവർത്തികളാണ് ടെൻഡർ നടപടികളിലേക്ക് കടക്കാനുള്ളതെന്നും ആയതിന്റെ നിർവ്വഹണ ഏജൻസികളെ സംബന്ധിച്ചും വ്യക്തമാക്കുമോ;

(ഡി) പദ്ധതിയിൽ ഉൾപ്പെട്ട പല ഉന്നതികളിലും പ്രവൃത്തികൾ പൂർണ്ണമായി ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും നേരിടുന്ന തടസ്സങ്ങളും വൈകുന്നതിനുള്ള കാരണങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഇ) നെടുമങ്ങാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെട്ട എല്ലാ പ്രവർത്തികളും നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിച്ച് നൽകുന്നതിനായി എന്തൊക്കെ പ്രത്യേക നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ജനങ്ങളുടെ**

788 **ശ്രീമതി ഫാത്തിമ തഹ്‌ലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി/പട്ടികവർഗ്ഗ / പിന്നാക്കവിഭാഗം ജനങ്ങളുടെ വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ/ പിന്നാക്കവിഭാഗ പ്രദേശങ്ങളിലെ ജനങ്ങളുടെ സമഗ്രവികസനത്തിനായി തയ്യാറാക്കിയിട്ടുള്ളതും നടപ്പിലാക്കിയിട്ടുള്ളതുമായ പദ്ധതികളുടെ വിവരങ്ങൾ വ്യക്തമാക്കുമോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം

789 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക/സ്ഥിര നിയമനങ്ങൾ ലഭിക്കുന്നതിനായുള്ള ഉദ്യോഗാർത്ഥികളുടെ അപ്പർ ഏജ് ലിമിറ്റ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വർഷങ്ങളായി പേര് രജിസ്റ്റർ ചെയ്ത് കാത്തിരുന്നിട്ടും പ്രായപരിധി കഴിഞ്ഞതുകൊണ്ട് മാത്രം ജോലി ലഭിക്കാതെ പോകുന്ന ഉദ്യോഗാർത്ഥികളുടെ സാഹചര്യം കണക്കിലെടുത്ത് അർഹരായവർക്ക് ഇളവ് നൽകുന്നതിനായി കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നത് പരിശോധിക്കുമോ; വ്യക്തമാക്കാമോ;

(സി) നിലവിൽ സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സീനിയോറിറ്റിയോടെ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളുടെ വ്യക്തമായ തസ്തിക തിരിച്ചുള്ള വിവരങ്ങളും പ്രായപരിധി തികയാറായവരുടെ കണക്കുകളും ശേഖരിച്ച് പ്രസ്തുത വിഷയം മുൻഗണനാടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുമോ; വ്യക്തമാക്കാമോ;

(ഡി) തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും രജിസ്ട്രേഷൻ മുൻഗണന കൃത്യമായി പാലിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ?

<u>**കുറ്റ്യാടി മണ്ഡലത്തിൽ തൊഴിൽസാധ്യതയുടെ വർദ്ധനവ്**</u>

790 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ പ്രദേശങ്ങളിൽ നിന്നും എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരുടെ എണ്ണം എത്രയാണെന്നുള്ള കണക്കുകൾ അറിയിക്കാമോ;

(ബി) യുവജനങ്ങൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കൂടുതൽ തൊഴിൽ മേളകളും നൈപുണ്യ വികസനകേന്ദ്രങ്ങളും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>**പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾക്കായുള്ള നൈപുണ്യ പുനരധിവാസ പദ്ധതികൾ**</u>

791 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സാങ്കേതികവിദ്യകളുടെ വരവോടെ പരമ്പരാഗത തൊഴിൽ മേഖലകളിൽ തൊഴിൽ നഷ്ടപ്പെടുന്നവർക്കായി പ്രത്യേക സ്കിൽ അപ്ഗ്രഡേഷൻ (റീ സ്കില്ലിംഗ്/ അപ് സ്കില്ലിംഗ്) പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

(ബി) പ്രവാസം അവസാനിപ്പിച്ച് തിരിച്ചെത്തിയവർക്കും സ്ത്രീകൾക്കുമായി പ്രാദേശികമായി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുന്ന

നൈപുണ്യ പരിശീലനങ്ങൾ നൽകിവരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ നൈപുണ്യ വികസന സ്ഥാപനങ്ങളിൽ നിന്നും പരിശീലനം പൂർത്തിയാക്കുന്നവർക്ക് അന്താരാഷ്ട്രതലത്തിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ കെയിസ് (കേരള അക്കാദമി ഫോർ സ്കിൽസ് എക് സ്ലെൻസ് ) നടപ്പിലാക്കുന്ന വിദേശ തൊഴിൽ പരിശീലന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) കുന്ദമംഗലം മണ്ഡലത്തിലെ ഗവ. ഐ.ടി.ഐ.-കളുടെ ഭൗതിക സൂചകങ്ങൾ ഉയർത്തുന്നതിനും പുതിയ ട്രേഡുകൾ അനുവദിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ സൗജന്യ നൈപുണി പരിശീലനങ്ങൾ**

792 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിൽ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കും വീട്ടമ്മമാർക്കും ഭിന്നശേഷിക്കാർക്കും വിവിധ നൈപുണി പരിശീലനങ്ങൾ സൗജന്യമായി നടത്തുവാൻ പദ്ധതികൾ ആവിഷ്കരിക്കുമോ;

(ബി) ഇത്തരം നൈപുണി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കൂടുതൽ വിജയകരമായി തീരുന്നതിന് എം.എൽ.എ.യുമായും ഗ്രാമ, ബ്ലോക്ക്, ജില്ലാ, പഞ്ചായത്തുമായും ബന്ധപ്പെടുത്തി ആവിഷ്കരിക്കാൻ തയ്യാറാകുമോ;

(സി) നിലവിൽ നടന്നുവരുന്ന നൈപുണി പരിശീലനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാൻ ഫിനിഷിംഗ് സ്കൂളുകൾ**

793 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ പരിശീലനം കഴിഞ്ഞ് പുറത്തിറങ്ങുന്ന വിദ്യാർത്ഥികളെ ജോലി നേടുന്നതിന്

പ്രാപ്തരാക്കുന്നതിനായി ഫിനിഷിംഗ് സ്കൂൾ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ടെക്നോപാർക്ക് മുതലായ ഐ.ടി. പാർക്കുകൾ, വിവിധ വ്യവസായ പാർക്കുകൾ എന്നിവിടങ്ങളിലെ സ്ഥാപനങ്ങളിൽ തൊഴിൽ നേടുന്നതിന് ആവശ്യാധിഷ്ഠിത തൊഴിൽ പരിശീലനം നൽകുന്നതിന് എന്ത് പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്; വിശദമാക്കുമോ?

**പത്തനംതിട്ട ജില്ലാ നൈപുണ്യവികസന കേന്ദ്രത്തിന്റെ പ്രവർത്തനം**

794 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പ്രവർത്തിക്കുന്ന ജില്ലാ നൈപുണ്യവികസനകേന്ദ്രത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പൈവളികയിൽ പുതിയ ഗവൺമെന്റ് ഐ.ടി.ഐ.**

795 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പൈവളികയിൽ പുതിയ ഗവൺമെന്റ് ഐ.ടി.ഐ. ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശത്തെ സാങ്കേതിക-വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി അടുത്ത അധ്യയനവർഷത്തിൽ തന്നെ പൈവളികയിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത ഫയൽ വിവരങ്ങൾ ഫയൽ നമ്പർ ഉൾപ്പെടെ ലഭ്യമാക്കുമോ?

**പയ്യന്നൂർ ഗവ:ഐടിഐയ്ക്ക് പുതിയ കെട്ടിട നിർമ്മാണം**

796 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ പയ്യന്നൂർ ഗവ: ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിന് നിലവിലനുവദിച്ച 6.25 കോടി രൂപ തികയാത്തതിന്റെ അടിസ്ഥാനത്തിൽ 3 കോടി രൂപ അധികതുകയുടെ ട്രെയിനിംഗ് ഡയറക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പയ്യന്നൂർ ഗവ: ഐ.ടി.ഐ.യ്ക്കുള്ള പുതിയ കെട്ടിടനിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

**<u>പാലോട് റെയ്ഞ്ചിലെ ജണ്ട നിർമ്മാണ ക്രമക്കേട്</u>**

797 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജണ്ട നിർമ്മാണത്തിലെ ക്രമക്കേട് - പ്രോസിക്യൂഷൻ ചെയ്യാനുള്ള അപേക്ഷയിൽ ഒളിച്ചുകളി എന്ന തലക്കെട്ടിൽ 2026 സെപ്റ്റംബർ 16-ന് പ്രമുഖ ദിനപത്രത്തിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബഹു. തിരുവനന്തപുരം വിജിലൻസ് കോടതി മുമ്പാകെ നിലവിലുള്ള സി.ആർ.എൽ. എം. പി. നം. 750/2025 നമ്പർ വ്യവഹാരവുമായി ബന്ധപ്പെട്ട് പ്രഥമദൃഷ്ട്യാ കേസുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യാനായി അനുമതി വാങ്ങി നൽകാൻ 28/02/2026-ന് ബഹു. കോടതി ഉത്തരവായതും പരാതിക്കാരൻ പ്രോസിക്യൂഷൻ അനുമതിക്കായി 21/04/2026-ന് അപേക്ഷ സമർപ്പിച്ചതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 1988-ലെ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിലെ സെക്ഷൻ 19(സി) (i) പ്രകാരം പ്രോസിക്യൂഷൻ അനുമതിക്കായി ലഭിച്ച അപേക്ഷയിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ തീരുമാനമെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും, ഇതിൽ കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയ

ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ വിഷയം പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>ഡ്യൂട്ടിക്കിടെ മരിച്ച വനം വകുപ്പ് ജീവനക്കാരുടെ ആനുകൂല്യങ്ങൾ</u>**

798 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന സംരക്ഷണ ജോലികൾക്കിടെ നാളിതുവരെ എത്ര വനം വകുപ്പ് ജീവനക്കാരാണ് മരണപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇത്തരത്തിൽ ജീവൻ നഷ്ടപ്പെട്ട ജീവനക്കാരുടെ കുടുംബങ്ങൾക്ക് എന്ത് സഹായമാണ് സർക്കാർ നിലവിൽ നൽകുന്നതെന്ന് അറിയിക്കാമോ;

(സി) മേൽപ്പറഞ്ഞ തരത്തിൽ ജീവൻ നഷ്ട്ടപ്പെട്ട വനം വകുപ്പ് ജീവനക്കാരെ സ്മരിക്കുന്നതിനും ആദരവ് നൽകുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

**<u>വനം വകുപ്പിലെ ആർ. ആർ. ടി. കളുടെ പ്രവർത്തനം</u>**

799 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു വനം വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര ആർ. ആർ. ടി. (റാപിഡ് റെസ്പോൺസ് ടീം) കൾ രൂപീകരിച്ചിട്ടുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ആർ. ആർ. ടി. കളിൽ ഓരോന്നിലും ഏതൊക്കെ തസ്തികയിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും അവർക്കു എന്തെല്ലാം സുരക്ഷാ സൗകര്യങ്ങളാണ് നല്കിയിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) ആർ. ആർ. ടി. കളിലേക്ക് പ്രത്യേക തസ്തിക അനുവദിക്കാതെ വകുപ്പിൽ നിലവിലുള്ള ജീവനക്കാരെ വിന്യസിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് മൂലം ബീറ്റ് ജോലികൾ ചെയ്യുന്ന ജീവനക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ആർ. ആർ.

ടി. കളിൽ പ്രത്യേക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**പീരുമേട് മണ്ഡലത്തിലെ സത്രം എയർസ്ട്രിപ്പിന്റെ വികസനം**

800 **ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മണ്ഡലത്തിലെ സത്രം എയർസ്ട്രിപ്പിന്റെ വികസനത്തിന്റെ ഭാഗമായി റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിലവിലുള്ള പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കി ഉത്തരവ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**പത്തനാപുരം മണ്ഡലത്തിലെ മനുഷ്യ വന്യജീവി സംഘർഷം.**

801 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്തനാപുരം നിയോജകമണ്ഡലത്തിലെ മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പത്തനാപുരം നിയോജക മണ്ഡലത്തിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

**പരിസ്ഥിതിലോല കരട് വിജ്ഞാപനം മലയോര ജനതയ്ക്ക് ഉണ്ടാക്കിയിട്ടുള്ള ആശങ്കകൾ**

802 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട പരിസ്ഥിതിലോല കരട് വിജ്ഞാപനം വനമേഖലയോട് ചേർന്ന് ജീവിക്കുന്ന മലയോര ജനതയ്ക്ക് ഉണ്ടാക്കിയിട്ടുള്ള ആശങ്കകൾ

പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ജനവാസ-തോട്ട മേഖലകളെയും തോട്ടങ്ങളെയും ഒഴിവാക്കി ഇത് നടപ്പാക്കുന്നതിലുള്ള പ്രശ്നങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ജനങ്ങളുടെ ആശങ്ക പൂർണ്ണമായും അകറ്റി വനമേഖലയെ മാത്രം പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ?

**<u>വന്യജീവികളെ മാറ്റിപ്പാർപ്പിക്കുന്നതുമായി ബന്ധപ്പെട്ട നയം</u>**

803 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വനമേഖലകളിൽനിന്ന് കടുവ ഉൾപ്പെടെയുള്ള വന്യജീവികളെ മറ്റ് സംസ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു നയം രൂപീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര കടുവകളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇവയുടെ ജില്ല തിരിച്ചുള്ള കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകളും ഓരോ വർഷവും കടുവകളുടെ എണ്ണത്തിൽ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കാമോ;

(സി) വന്യജീവി സംരക്ഷണ നിയമപ്രകാരം വന്യജീവികളെ പിടികൂടി മറ്റ് സംസ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നിയമവ്യവസ്ഥകളും നടപടിക്രമങ്ങളും എന്തെല്ലാമാണ്; സാങ്കേതികമായി ഇത് പ്രാവർത്തികമാക്കാൻ സാധിക്കുമോ; വിശദമാക്കാമോ;

(ഡി) വന്യജീവികളെ മറ്റ് സംസ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന വിഷയത്തിൽ കേന്ദ്ര സർക്കാരുമായോ ദേശീയ കടുവ സംരക്ഷണ അതോറിറ്റിയുമായോ ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട പുരോഗതിയും മറ്റ് സംസ്ഥാനങ്ങളുടെ നിലപാടും വ്യക്തമാക്കാമോ?

**<u>ലാന്റ്സ്കേപ്പ് ലെവൽ ആക്ഷൻ പ്ലാൻ ഫോർ ഹ്യൂമൻ അനിമൽ കോ-എക്സിസ്റ്റൻസ് പദ്ധതി</u>**

804 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 'ലാന്റ്സ്കേപ്പ് ലെവൽ ആക്ഷൻ പ്ലാൻ ഫോർ ഹ്യൂമൻ അനിമൽ കോ-എക്സിസ്റ്റൻസ്' എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതി ഉദ്ഘാടനം ചെയ്യുമ്പോൾ പൂർണ്ണമായ പദ്ധതിരേഖ തയ്യാറായിരുന്നോ; നിലവിൽ പൂർണ്ണമായ പദ്ധതിരേഖ തയ്യാറായിട്ടുണ്ടോ; ഇനിയും തയ്യാറായിട്ടില്ലെങ്കിൽ കരട് പദ്ധതിരേഖയുടെ പകർപ്പ് ലഭ്യമാക്കാമോ; വിശദമാക്കുമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള കൺസൾട്ടേഷനുകളുടെ വിശദാംശം പങ്കെടുത്തവരുടെ പേര് വിവരങ്ങളും ലഭ്യമാക്കുമോ;

(ഡി) പദ്ധതിയുടെ ആകെ ചെലവ് എത്രയാണ്; ബഡ്ജറ്റ് ഇതര ഫണ്ട് ഉൾപ്പെടുന്നുണ്ടോ; പദ്ധതിക്ക് വിദേശ ധനസഹായം ഉണ്ടോ; പദ്ധതിചെലവിന്റെ സ്രോതസുകൾ വിശദമാക്കുമോ?

## ചാലിയം തടി ഡിപ്പോ

805 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊത്തക്കച്ചവടത്തിനുപുറമെ ഏറ്റവും കൂടുതൽ ചില്ലറവിൽപ്പനയും നടത്തിയിരുന്ന ചാലിയത്തെ തടി ഡിപ്പോയിൽ ആവശ്യമായ തടി എത്തിക്കാത്തതുമൂലം ഡിപ്പോ തകർച്ചയുടെ വക്കിൽ എത്തിയിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ തടി എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## വന്യമൃഗാക്രമണം മൂലം ഉണ്ടാകുന്ന കൃഷിനാശം

806 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണം മൂലം ഉണ്ടാകുന്ന കൃഷിനാശവും മറ്റ് നാശനഷ്ടങ്ങളും തടയുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നിലവിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പരിരക്ഷാ മാർഗങ്ങളും നഷ്ടപരിഹാര സംവിധാനങ്ങളും എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) ഇത്തരം വന്യമൃഗാക്രമണങ്ങളിൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് വനംവകുപ്പിന്റെ നേതൃത്വത്തിൽ ഏതെങ്കിലും തരത്തിലുള്ള ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും അർഹതാ മാനദണ്ഡങ്ങളും ആനുകൂല്യങ്ങളും വിശദീകരിക്കാമോ?

### <u>ഫോറസ്റ്റ് ഡിക്ലറേഷൻ</u>

807 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയമസഭാ മണ്ഡലത്തിലെ പാവറട്ടി ഗ്രാമപഞ്ചായത്തിലെ പെരിങ്ങാട് പുഴ പ്രദേശം ഫോറസ്റ്റ് പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളത് പ്രദേശവാസികളുടെ ദൈനംദിന ജീവിതത്തെയും വികസന പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരിങ്ങാട് പുഴ പ്രദേശം ഫോറസ്റ്റ് ഡിക്ലറേഷൻ നടത്തുന്നതിനുള്ള സാഹചര്യം എന്തായിരുന്നു; വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ഫോറസ്റ്റ് ഡിക്ലറേഷൻ മൂലം പ്രദേശവാസികൾക്ക് ഉണ്ടാകുന്ന നിയന്ത്രണങ്ങളും പ്രയാസങ്ങളും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) നിയമപരവും സാങ്കേതികവുമായ പരിശോധന നടത്തി ആവശ്യമായ പക്ഷം പ്രസ്തുത പ്രദേശത്തെ ഫോറസ്റ്റ് ഡിക്ലറേഷനിൽ നിന്ന്

ഒഴിവാക്കുന്നതിനുള്ള ഡീ-നോട്ടിഫിക്കേഷൻ നടപടികൾ സ്വീകരിക്കുമോ? വിശദമാക്കുമോ?

**<u>പെരിങ്ങാട് പുഴ പ്രദേശം ഫോറസ്റ്റ് ഡിക്ലറേഷൻ</u>**

808 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങാട് പുഴ പ്രദേശം ഫോറസ്റ്റ് ഡിക്ലറേഷൻ നടത്തുന്നതിനുള്ള സാഹചര്യം എന്തായിരുന്നു;

(ബി) നിലവിലുള്ള ഫോറസ്റ്റ് ഡിക്ലറേഷൻ മൂലം പ്രദേശവാസികൾക്ക് ഉണ്ടാകുന്ന നിയന്ത്രണങ്ങളും പ്രയാസങ്ങളും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) നിയമപരവും സാങ്കേതികവുമായ പരിശോധന നടത്തി ആവശ്യമായ പക്ഷം പ്രസ്തുത പ്രദേശത്തെ ഫോറസ്റ്റ് ഡിക്ലറേഷനിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള ഡി-നോട്ടിഫിക്കേഷൻ നടപടികൾ സ്വീകരിക്കുമോ?

**<u>വനം വകുപ്പ് പ്രവർത്തനങ്ങളുടെ നിയോജകമണ്ഡലം തലത്തിലെ ഏകോപനം</u>**

809 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് പ്രവർത്തനങ്ങളെ നിയോജക മണ്ഡലം തലത്തിൽ ഏകോപിപ്പിക്കുന്നതിന് പ്രത്യേകം സമിതികൾ രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഏതെല്ലാം ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തികൊണ്ടാണ് പ്രസ്തുത സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്?

**<u>സംസ്ഥാനത്തെ വനഭൂമി</u>**

810 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ വനഭൂമി വിസ്തൃതി എത്രയാണെന്നും ഇത് ഏതു വർഷത്തെ കണക്ക് പ്രകാരം തിട്ടപ്പെടുത്തിയതാണെന്നും വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും ഔദ്യോഗിക സർവെയുടെ അടിസ്ഥാനത്തിലാണോ ഈ കണക്കിലേക്ക് സംസ്ഥാനം എത്തിച്ചേർന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) കൈയ്യേറ്റ തർക്കങ്ങൾ നിലനിൽക്കുന്ന ഭൂമിയുടെ ആകെ അളവ് എത്രയാണെന്നും കയ്യേറ്റ തർക്കങ്ങൾ നിലനിൽക്കുന്ന ഭൂമികളുടെ വിസ്തൃതി കൂടി ഉൾപ്പെടുന്നതാണോ സംസ്ഥാനത്തെ ആകെ ഔദ്യോഗിക വനഭൂമി വിസ്തൃതിയെന്നും വ്യക്തമാക്കുമോ;

(ഡി) തർക്കം ഉന്നയിക്കപ്പെട്ടിട്ടുള്ള ഭൂമികളിലെ തർക്കം തീർക്കുന്നതിനായി വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

**കോന്നി ഫോറസ്റ്റ് ഡിവിഷന് കീഴിലുള്ള സോളാർ തൂക്കു ഫെൻസിങ്**

811 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ കോന്നി ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ ഭരണാനുമതി ലഭിച്ച സോളാർ തൂക്കു ഫെൻസിങ് പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാവും; വിശദമാക്കാമോ?

**കോതമംഗലം നിയോജകമണ്ഡലത്തിലെ വനം-വന്യജീവി വിഷയങ്ങൾ**

812 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലൂടെ കടന്നു പോകുന്ന ആലുവ-മൂന്നാർ പഴയ രാജപാത തുറന്നുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കോതമംഗലം നിയോജകമണ്ഡലത്തിൽ വന്യജീവി ആക്രമണം തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിനെയും വടാട്ടുപാറയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ബംഗ്ലാവ് കടവ് പാലം നിർമ്മിക്കുന്നതിൽ വനംവകുപ്പിന്റെ എതിർപ്പ് നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വിശദമാക്കാമോ?

<u>**പരിസ്ഥിതിയുടെയും വനങ്ങളുടെയും സംരക്ഷണം**</u>

813 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിയുടെയും വനങ്ങളുടെയും സംരക്ഷണാർത്ഥം മുൻ സർക്കാർ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിവന്നിരുന്നു; പ്രസ്തുത പദ്ധതികൾ തുടരുമോ;

(ബി) ഈ മേഖലയിൽ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച് വ്യക്തമാക്കുമോ;

(സി) വനാതിർത്തികളിലെ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് ഈ സർക്കാർ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>**2025-ലെ വന്യജിവി സംരക്ഷണ ബിൽ**</u>

814 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭ പാസാക്കിയ 2025-ലെ വന്യജിവി സംരക്ഷണ ഭേദഗതി ബില്ലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബില്ലിന് അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ**</u>

815 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ;

(ബി) ഹാങ്ങിംഗ് ഫെൻസിംഗ്, സോളാർ ഫെൻസിംഗ് എന്നിവയെ ആധുനികവത്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## വനവിസ്തൃതി നിർണ്ണയവും സംരക്ഷണവും

816 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനവിസ്തൃതി വർധിപ്പിക്കുന്നതിനായി നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(ബി) വനഭൂമിയുടെ കൈയേറ്റം തടയാനും കൈയ്യേറിയ വനഭൂമി തിരിച്ചുപിടിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് വനാതിർത്തി നിർണയവും ഡിജിറ്റൽ മാപ്പിംഗ് നടപടികളും പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്ന പദ്ധതി

817 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്ന സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭ്യമായതെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) ആയതിൽ തീർപ്പ് കൽപ്പിച്ച് തുക ലഭ്യമാക്കിയ അപേക്ഷകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇനിയും തീർപ്പ് കൽപ്പിച്ച് മുഴുവൻ തുകയും ലഭിക്കാത്തവരുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

**<u>സംസ്ഥാനത്തെ മൊത്തം വനങ്ങളെ സംബന്ധിച്ച വിവരങ്ങൾ</u>**

818 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ വനവിസ്തൃതി എത്രയാണ്; ഇതുസംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് മാസത്തിനിടെ വന്യമൃഗങ്ങളുടെ ആക്രമണം മൂലം എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്; ഇതുസംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ; വന്യമൃഗശല്യം തടയുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) വനം വകുപ്പിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വന്യജീവി ആക്രമണം നേരിടാൻ പ്രത്യേകം സുരക്ഷാ സംവിധാനങ്ങളും പരിശീലനവും ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഷൊർണ്ണൂർ അസംബ്ലി മണ്ഡലത്തിൽ ആകെ എത്ര വിസ്തൃതിയിൽ വനഭൂമിയുണ്ടെന്ന് വിശദമാക്കാമോ?

**<u>സർക്കാർ പുറമ്പോക്കിൽ നിൽക്കുന്ന പാഴ്മരങ്ങൾ</u>**

819 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുറമ്പോക്കിൽ നിൽക്കുന്ന പാഴ്മരങ്ങൾ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യത്തിൽ അവ മുറിച്ചുമാറ്റുന്നതിന് വനംവകുപ്പ് നിശ്ചയിക്കുന്ന വില തടസ്സമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ ഇത്തരം മരങ്ങളുടെ വില പുനർ-നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) സാധാരണ പാഴ്മരങ്ങൾക്ക് വനം വകുപ്പ് വില നിശ്ചയിക്കുമ്പോൾ നാട്ടിലെ പ്രസ്തുത വിഭാഗത്തിൽപ്പെട്ട മരങ്ങൾക്കുള്ള വില നിലവാരം കൂടി

പരിഗണിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ അങ്ങാടിക്കൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ കോമ്പൗണ്ടിൽ കിടന്നിരുന്ന മരത്തടികൾ നീക്കം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

<u>**സാമൂഹ്യ വനവൽക്കരണവും വനസംരക്ഷണ പരിപാടികളും**</u>

820 **ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവത്കരണത്തിനും വനസംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ബി) നഗരപ്രദേശങ്ങളിലെ അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും ഹരിത ഇടങ്ങൾ (ഗ്രീൻ സ്പേസസ് ) വർദ്ധിപ്പിക്കുന്നതിനുമായി സാമൂഹ്യ വനവത്കരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ മിയാവാക്കി മാതൃകയിലോ നഗര വനങ്ങളായോ(അർബൻ ഫോറസ്റ്റ്സ്) പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ ;

(സി) തീരദേശ സംരക്ഷണത്തിന്റെ ഭാഗമായി സാമൂഹ്യ വനവത്കരണ വിഭാഗം കണ്ടൽക്കാടുകൾ വെച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി നടപടികൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>**ആലപ്പുഴ ജില്ലയിൽ സാമൂഹ്യ വനവത്കരണ പദ്ധതി**</u>

821 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തികവർഷ കാലയളവിൽ ആലപ്പുഴ ജില്ലയിൽ സാമൂഹ്യ വനവത്കരണ പദ്ധതി മുഖേന നടപ്പിലാക്കിയ പദ്ധതികളെ , പദ്ധതിയുടെ പേര്, നടപ്പാക്കിയ വർഷം, പദ്ധതി ആരംഭിച്ച സ്ഥലം, ബന്ധപ്പെട്ട തദ്ദേശസ്ഥാപനം, പദ്ധതി ലക്ഷ്യം എന്നിങ്ങനെ ഇനം തിരിച്ച് വിശദാംശം നൽകാമോ;

(ബി) 2021-22 മുതൽ 2025-26 വരെ ആലപ്പുഴ ജില്ലയിലെ സാമൂഹ്യ വനവത്കരണത്തിന് അനുവദിച്ച മൊത്തം തുകയും ചെലവഴിച്ച തുകയും ലാപ്സായ തുകയും എത്രയെന്ന് വർഷംതിരിച്ച് വ്യക്തമാക്കാമോ;

(സി) സാമൂഹ്യ വനവത്കരണ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യുന്ന തൈകൾ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി യഥാർത്ഥ ലക്ഷ്യം നേടാതെ എല്ലാ വർഷവും ജൂൺ 5 ന് വൃക്ഷതൈ വിതരണം ചെയ്യുന്ന രീതിയിൽ ചുരുങ്ങുകയും ആയതിലേയ്ക്ക് ക്രമാതീതമായി തുക ചെലവഴിക്കപ്പെടുകയും ചെയ്യുന്നുവെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ;

(ഇ) 2021-26 കാലയളവിൽ സ്കൂൾ കെട്ടിടങ്ങൾ പുതിയതായി നിർമ്മിച്ചതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ നശിപ്പിക്കപ്പെട്ട വൃക്ഷങ്ങളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ വൃക്ഷങ്ങളുടെ എണ്ണം നൽകാമോ;

(എഫ്) കടലാക്രമണം തടയാൻ വച്ച് പിടിപ്പിക്കുന്ന കണ്ടൽ കാടുകൾ ആലപ്പുഴ ജില്ലയിൽ എത്രമീറ്റർ വച്ചുപിടിപ്പിച്ചിട്ടുണ്ടെന്നും എന്ത് വളർച്ചയായിയെന്നും അവയിൽ ഇപ്പോൾ കടപ്പുറത്ത് അവശേഷിക്കുന്നവ എത്രയെണ്ണമെന്നും ഇതുപോലെ കണ്ടൽ കാടുകൾ അമ്പലപ്പുഴ മണ്ഡലത്തിലേത് എവിടെയെന്നും വിശദമാക്കാമോ?

**<u>തിരുവനന്തപുരം വന ഡിവിഷനിലെ ജണ്ട നിർമ്മാണ അഴിമതി</u>**

822 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-21 കാലയളവിൽ തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ ഗുണനിലവാരമില്ലാത്ത ജണ്ടകൾ നിർമ്മിച്ചതിലൂടെ സർക്കാരിന് മൂന്നു കോടിയോളം രൂപയുടെ നഷ്ടമുണ്ടായതുമായി ബന്ധപ്പെട്ട് 12/04/2022, 06/06/2022, 15/03/2025, 22/03/2025 എന്നീ തിയതികളിലെ അന്വേഷണ റിപ്പോർട്ടുകൾ വനം വകുപ്പ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജണ്ട നിർമ്മാണത്തിലെ വീഴ്ച കാരണം എത്ര ഹെക്ടർ വനഭൂമി സർക്കാരിന് നഷ്ടമായി എന്നത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസി അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ വ്യക്തമാക്കാമോ;

(സി) ജണ്ട നിർമാണത്തിന്റെ മറവിൽ, ഹെക്ടർ കണക്കിന് വനഭൂമി അനധികൃതമായി നാട്ടുകാർക്ക് വിട്ടു നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ക്രമക്കേട് മൂലം സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിന് മൂന്നാമത് ഒരു നിഷ്പക്ഷ ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>വനാതിർത്തിയിലെ കുടുംബങ്ങളുടെ പുനരധിവാസം</u>

823 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി സംഘർഷവും പ്രകൃതിദുരന്ത സാധ്യതയുമുള്ള മേഖലകളിൽനിന്ന് 2950 കുടുംബങ്ങളെ സംരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റി പാർപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആദിവാസി ഉന്നതികളിലും വനാതിർത്തിയിലെ ജനവാസ കേന്ദ്രങ്ങളിലും ഉള്ള കുടുംബങ്ങളെയാണോ ഘട്ടംഘട്ടമായി പുനരധിവസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആദിവാസി കുടുംബങ്ങളുടെ പരമ്പരാഗത ജീവിതരീതിയും അവകാശങ്ങളും സംരക്ഷിച്ചാണോ പുനരധിവാസം എന്നും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്ന സമഗ്ര പദ്ധതിയാണോ ഇതെന്നും വിശദമാക്കുമോ?

<u>നെയ്യാറിലെ വിനോദസഞ്ചാരകേന്ദ്രങ്ങൾ</u>

824 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജക മണ്ഡലത്തിൽ നെയ്യാർ വന്യജീവി സങ്കേതത്തിന്റെ ഭാഗമായ നെയ്യാർ ഡാം പ്രദേശം സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായതിനാൽ, നെയ്യാർ ഡാമിലെ ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് നിലവിൽ നിലനിൽക്കുന്ന നിയമപരവും സാങ്കേതികവുമായ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) മുൻപ് ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനാനുമതി റദ്ദാക്കുന്നതിന് കാരണമായ കേന്ദ്ര മൃഗശാല അതോറിറ്റിയുടെ വ്യവസ്ഥകൾ, പാർക്കിന്റെ നിലവിലുള്ള വിസ്തീർണ്ണ പരിമിതി, നെയ്യാർ ഡാം റിസർവോയറിലെ ദ്വീപിന്റെ ഭൂമിശാസ്ത്രപരമായ പരിമിതി എന്നിവ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ തലത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) കേന്ദ്ര മൃഗശാല അതോറിറ്റി ഉൾപ്പെടെയുള്ള ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളുമായി ആവശ്യമായ ആശയവിനിമയം നടത്തി, നിലവിലുള്ള നിയമങ്ങളും വന്യജീവി സംരക്ഷണ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് നെയ്യാർ ലയൺ സഫാരി പാർക്ക് വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നെയ്യാറിലെ മാൻ പാർക്കും ചീങ്കണ്ണി പാർക്കും നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ ആകർഷകവും സുരക്ഷിതവും ശാസ്ത്രീയവുമായ രീതിയിൽ നവീകരിക്കുന്നതിനായി ഏതെങ്കിലും പദ്ധതി, പദ്ധതി രേഖ, സർക്കാർ ഉത്തരവ്, ഭരണാനുമതി എന്നിവ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) നെയ്യാർ ഡാം റിസർവോയർ പ്രദേശത്ത് വനംവകുപ്പിന്റെ നിയന്ത്രണത്തിലുള്ള 5D തിയേറ്റർ ഉൾപ്പെടെയുള്ള വിനോദസഞ്ചാര സൗകര്യങ്ങൾ നിലവിൽ ഏത് നിലയിലാണ് പ്രവർത്തിക്കുന്നത് എന്നും അവ നവീകരിക്കുന്നതിനോ പുനഃസംഘടിപ്പിക്കുന്നതിനോ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സർക്കാർതലത്തിൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(എഫ്) നെയ്യാർ ഡാം റിസർവോയർ, വന്യജീവി സങ്കേതം, ലയൺ സഫാരി പാർക്ക്, മാൻ പാർക്ക്, ചീങ്കണ്ണി പാർക്ക് തുടങ്ങിയ വിവിധ

കേന്ദ്രങ്ങളിലായി വനംവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററുകൾ, സന്ദർശക വിവരകേന്ദ്രങ്ങൾ, വിശ്രമസൗകര്യങ്ങൾ, ശുചിത്വ സംവിധാനങ്ങൾ, കുടിവെള്ള സൗകര്യങ്ങൾ, ടിക്കറ്റിംഗ് സംവിധാനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ നവീകരിക്കുന്നതിനുള്ള പദ്ധതി സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ജി) നെയ്യാർ മേഖലയിലെ നിലവിലുള്ള വിനോദസഞ്ചാര സാധ്യതകൾ ഏകോപിപ്പിച്ച്, വന്യജീവി സംരക്ഷണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും പ്രാധാന്യം നൽകിക്കൊണ്ട് നെയ്യാറിനെ സമഗ്രമായ വന്യജീവി-ഇക്കോ ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ/സമഗ്ര പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ഇതുവരെ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ, ഭരണാനുമതികൾ, പദ്ധതി രേഖകൾ, അനുവദിച്ചിട്ടുള്ള തുക, നിർവഹണ ഏജൻസി, നിലവിലെ പ്രവർത്തന പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; കൂടാതെ അവ സമയബന്ധിതമായി പൂർത്തീകരിച്ച് നെയ്യാറിലെ വിനോദസഞ്ചാര സൗകര്യങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## <u>വനപാലകർക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ</u>

825 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനപാലകർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും ആധുനിക ആശയവിനിമയ സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ടോ; വന്യജീവി നിരീക്ഷണത്തിനായി ഡ്രോൺ, ക്യാമറ ട്രാപ്പ്, എ.ഐ. അധിഷ്ഠിത സംവിധാനങ്ങൾ എന്നിവ കൂടുതൽ വ്യാപിപ്പിക്കുമോ; വിശദമാക്കാമോ;

(ബി) വനപാലകരുടെ ജോലിഭാരം കുറയ്ക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ;

(സി) വനമേഖലകളിലെ റോഡുകൾ, വാഹനങ്ങൾ, വാച്ച് ടവറുകൾ, സ്ട്രീറ്റ് ലൈറ്റുകൾ, വാർത്താവിനിമയ മാർഗ്ഗങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കൃഷിയിടങ്ങൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ തുരത്താൻ നടപടികൾ**

826 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും കൃഷിയ്ക്കും ജനങ്ങളുടെ ജീവനും ഭീഷണിയായി പെരുകുന്ന കാട്ടുപന്നികളെ ഫലപ്രദമായി തടയാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമസഭകളുടെയും യുവജനസാംസ്കാരിക സംഘടനകളുടെയും സഹകരണത്തോടെ കാട്ടുപന്നികളെ പിടിക്കുന്നതിനും ഫലപ്രദമായി ഇവയുടെ അതിക്രമം തടയുന്നതിനും കൂടുതൽ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) കാട്ടുപന്നികളുടെ ആക്രമണത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും കൃഷിനാശം ഉണ്ടായവർക്കും മതിയായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

**പുനലൂർ മണ്ഡലത്തിലെ റോസ് മലയിലെയും കട്ടിളപ്പാറയിലെയും സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി.**

827 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴ ഗ്രാമപ്പഞ്ചായത്തിലുൾപ്പെട്ട റോസ് മല, കട്ടിളപ്പാറ എന്നീ പ്രദേശങ്ങളിൽ നടപ്പിലാക്കിയ നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുടെ നിബന്ധനകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം റോസ് മലയിലും കട്ടിളപ്പാറയിലും ഒഴിഞ്ഞു പോയ മുഴുവൻ കുടുംബങ്ങൾക്കും നൽകേണ്ട നഷ്ടപരിഹാര തുക നല്കിയിട്ടുണ്ടോയെന്നും ആർക്കെങ്കിലും ഇനിയും നഷ്ടപരിഹാര തുക നല്കാനുണ്ടെങ്കിൽ ആയത് നൽകാത്തതിന്റെ കാരണങ്ങളെന്തെന്നും വ്യക്തമാക്കാമോ;

(സി) പുനലൂർ മണ്ഡലത്തിലെ റോസ് മലയിലും കട്ടിളപ്പാറയിലും പ്രസ്തുത പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾ നിലവിൽ ഒഴിഞ്ഞു പോയിട്ടുണ്ടെന്നും രണ്ട് സ്ഥലങ്ങളിലുമായി ഇനി എത്ര കുടുംബങ്ങൾ ഒഴിഞ്ഞുപോകാനുണ്ടെന്നും അതിൽ പട്ടയമില്ലാത്തവർ എത്രയെന്നും സ്ഥിര താമസമില്ലാതെ പട്ടയ ഭൂമി മാത്രം സ്വന്തമായുള്ളവരെത്രയെന്നും പ്രത്യേകം പ്രത്യേകം അറിയിക്കാമോ;

(ഡി) റോസ് മലയിലും കട്ടിളപ്പാറയിലും പട്ടയ ഭൂമിയിലല്ലാതെ നിലവിൽ താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസം സംബന്ധിച്ചും സ്ഥിരതാമസമില്ലാതെ പട്ടയഭൂമി മാത്രമുള്ളവരെ ഒഴിപ്പിക്കുന്നത് സംബന്ധിച്ചും സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം ഇനിയും റോസ് മലയിലും കട്ടിളപ്പാറയിലും നിന്ന് ഒഴിഞ്ഞു പോകാത്ത കുടുംബങ്ങളെ ഒഴിപ്പിക്കുന്നത് സംബന്ധിച്ച് വനം വകുപ്പിന്റെ നിലപാട് എന്താണെന്നും പ്രസ്തുത പദ്ധതി തുടരുമോയെന്നും വ്യക്തമാക്കുമോ?

<u>**ഇക്കോ റെസ്റ്റോറേഷൻ പദ്ധതി**</u>

828 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ വിദേശ സസ്യങ്ങളെ വനമേഖലയിൽ നിന്നും നീക്കം ചെയ്യുന്നതിന് വനം വകുപ്പ് ആവിഷ്ക്കരിച്ച ഇക്കോ റെസ്റ്റോറേഷൻ പദ്ധതി പ്രകാരം പുനലൂർ മണ്ഡലത്തിൽ എത്ര ഹെക്ടർ വനഭൂമിയിൽ നിന്നും വിദേശ സസ്യങ്ങളെ നീക്കം ചെയ്യാൻ പദ്ധതിയുണ്ടെന്ന് വിശദമാക്കാമോ;

(ബി) 2025-26 സാമ്പത്തിക വർഷം വരെ എത്ര ഹെക്ടർ പ്ലാന്റേഷനുകൾ ആയിരുന്ന വർക്കിങ് പ്ലാനുകൾ പ്രകാരം പുനലൂർ മണ്ഡലത്തിൽ ഇക്കോ

റെസ്റ്റോറേഷൻ നടത്തേണ്ടിയിരുന്നതെന്നും പ്രസ്തുത സാമ്പത്തിക വർഷം വരെ എത്ര ഹെക്ടർ വന പ്രദേശത്ത് പുനലൂർ മണ്ഡലത്തിൽ ഇക്കോ റെസ്റ്റോറേഷൻ നടത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) പുനലൂർ മണ്ഡലത്തിൽ വർക്കിങ് പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള ഏരിയയിൽ പൂർണമായും ഇക്കോ റെസ്റ്റോറേഷൻ നടത്താതിരുന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

**സർപ്പ വോളണ്ടിയർമാർക്കുള്ള ഇൻഷുറൻസ്**

829 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിലുള്ള സർപ്പ വോളണ്ടിയർമാർക്ക് നിലവിൽ ഇൻഷുറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ, ഇൻഷുറൻസ് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**വന്യജീവികൾ വരുത്തുന്ന കൃഷിനാശങ്ങൾക്ക് നഷ്ടപരിഹാരം**

830 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ മൂലം കൃഷിനാശം ഉണ്ടാകുന്നതിനും വളർത്തുമൃഗങ്ങൾ കൊല്ലപ്പെടുന്നതിനുമുള്ള നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ എത്ര കാലതാമസം നേരിടുന്നുണ്ട്; കാലതാമസമില്ലാതെ സമയബന്ധിതമായി നഷ്ടപരിഹാരം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**വന്യജീവി ആക്രമണങ്ങളും പരിഹാരങ്ങളും**

831 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണങ്ങളിൽ ജീവഹാനി സംഭവിച്ചവർക്കും പരിക്കേറ്റവർക്കും നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും ആയത് വേഗത്തിലും സമയബന്ധിതമായും വിതരണം ചെയ്യുന്നതിനും

എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള സർക്കാർ അധികാരമേറ്റ ശേഷം വനാതിർത്തികളിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നത് തടയുന്നതിനായി സോളാർ ഫെൻസിംഗ്, കിടങ്ങുകൾ, ക്രാഷ് ഗാർഡ് സ്റ്റീൽ ഫെൻസിംഗ് എന്നിവ സ്ഥാപിക്കുന്നതിന് ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ നിർമ്മാണ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) ജനവാസ മേഖലകളിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ പിടികൂടുന്നതിനും നിരീക്ഷിക്കുന്നതിനുമായി ദ്രുതകർമ്മ സേനകളുടെ (ആർ.ആർ.ടി) പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

## നിലമ്പൂർ നിയോജക മണ്ഡലത്തിൽ വന്യമൃഗാക്രമണത്തിനെതിരെ സംരക്ഷണ പദ്ധതികൾ

832 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിൽ മുഴുവൻ ജനവാസ മേഖലയെയും വന്യമൃഗാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്ന രീതിയിലുള്ള സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയോജിത പദ്ധതികൾ രൂപീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

## മനുഷ്യ-വന്യജീവി സംഘർഷവും സുരക്ഷയും

833 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോര, വനമേഖലകളിൽ വന്യജീവി ആക്രമണം മൂലം ജീവഹാനിയും കൃഷിനാശവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് പ്രതിരോധിക്കാൻ നടപ്പിലാക്കിവരുന്ന ഹാംഗിംഗ് ഫെൻസിംഗ്,

സൗരവേലികൾ, കിടങ്ങുകൾ എന്നിവയുടെ നിലവിലെ കാര്യക്ഷമത എത്രത്തോളമാണെന്ന് വ്യക്തമാക്കാമോ;

(ബി) വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്കും പരിക്കേൽക്കുന്നവർക്കും കൃഷിനാശം സംഭവിക്കുന്ന കർഷകർക്കും നഷ്ടപരിഹാര തുക നൽകുന്നതിൽ കുടിശ്ശികയുണ്ടോ; വ്യക്തമാക്കാമോ;

(സി) വന്യജീവി ആക്രമണങ്ങൾ സംബന്ധിച്ച് പെട്ടെന്ന് മുന്നറിയിപ്പ് നൽകുന്നതിനായി റേഡിയോ കോളറിംഗ്, എ.ഐ. അധിഷ്ഠിത ക്യാമറകൾ, ഡ്രോൺ നിരീക്ഷണം തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകൾ എത്ര വനമേഖലകളിൽ പൂർണ്ണമായി സജ്ജമാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ?

## <u>വന്യജീവി ആക്രമണവും പരിഹാരവും</u>

834 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന ജീവഹാനിക്കും കൃഷിനാശത്തിനുമുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) വന്യജീവി പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി വനം വകുപ്പിന് പുറമെ കൃഷി, റവന്യൂ വകുപ്പുകളുടെ സംയോജിത ഇടപെടൽ ആവശ്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയതിനായി എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) നിലവിലുള്ള സർക്കാർ അധികാരമേറ്റ ശേഷം വന്യജീവി ആക്രമണം തടയുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## <u>ഒല്ലൂർ നിയോജക മണ്ഡലത്തിലെ കാട്ടാനശല്യം പരിഹരിക്കുന്നതിനുള്ള നടപടികൾ</u>

835 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ മാന്നാമംഗലം ഫോറസ്റ്റ് ഡിവിഷൻ, പട്ടിക്കാട് ഫോറസ്റ്റ് റേഞ്ച്, പീച്ചി വൈൽഡ്‌ലൈഫ് വിഭാഗങ്ങളുടെ പരിധിയിലുള്ള പ്രദേശങ്ങളിൽ രൂക്ഷമായ കാട്ടാനശല്യം നിലനിൽക്കുന്നതായും കാട്ടാനശല്യം നേരിടുന്ന പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകളിൽ ആവശ്യത്തിന് ഉദ്യോഗസ്ഥരില്ലാത്തതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വനമേഖലയിൽ നിന്ന് ജനവാസ മേഖലകളിലേക്ക് കാട്ടാനകൾ കടന്നുവരുന്നതും കൃഷിയിടങ്ങളിലും നാട്ടുവഴികളിലും വീടുകളുടെ പരിസരങ്ങളിലും കാട്ടാനകളുടെ സാന്നിധ്യം ഉണ്ടാകുന്നതും മൂലം ജനങ്ങളുടെ ജീവനും സ്വത്തിനും നേരിടുന്ന ഭീഷണി പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) നിലവിലുള്ള ഫെൻസിങ് സംവിധാനങ്ങൾ പൂർണമായി പ്രവർത്തനക്ഷമമാക്കുന്നതിനും തകരാറിലായ ഫെൻസിങ് പുനഃസ്ഥാപിക്കുന്നതിനും ആവശ്യമായ ഫണ്ടും സാങ്കേതിക സഹായവും ലഭ്യമാക്കുന്നതിനും, സ്വകാര്യ ഭൂമികളിൽ ഫെൻസിങ് സ്ഥാപിക്കാൻ തയ്യാറാകുന്ന വ്യക്തികൾക്കും കൂട്ടായ്മകൾക്കും സബ്സിഡി ഉൾപ്പെടെയുള്ള സഹായം നൽകുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) ഒല്ലൂർ മണ്ഡലത്തിലെ മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിനായി വനം, റവന്യൂ, തദ്ദേശസ്വയംഭരണം, ദുരന്തനിവാരണം തുടങ്ങിയ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് സമഗ്രമായ ഫെൻസിങ് മാസ്റ്റർ പ്ലാനും ദീർഘകാല പ്രതിരോധ പദ്ധതിയും തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ അംഗബലം വർധിപ്പിക്കുന്നതിനും ആവശ്യമായ വാഹനങ്ങൾ, ആശയവിനിമയ സംവിധാനങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(എഫ്) പ്രദേശവാസികളുടെ പങ്കാളിത്തത്തോടെ പ്രാദേശിക റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് ആവശ്യമായ പരിശീലനവും ഉപകരണങ്ങളും

നൽകുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

**വനാതിർത്തി മേഖലകളിൽ ജനസുരക്ഷക്കായി കർമ്മപരിപാടികൾ**

836 **ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. ഫൈസൽ ബാബു**

**ശ്രീ. സി. കെ. കാസിം**

**ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയോടു ചേർന്നുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പുതിയ കർമ്മപരിപാടികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും നഷ്ടപരിഹാരതുക വിതരണം കാര്യക്ഷമമാക്കുന്നതിനും പുതിയ പദ്ധതികളിൽ മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) വന്യജീവി ആക്രമണം അതിരൂക്ഷമായി അനുഭവപ്പെടുന്ന മേഖലകളിൽ പുതിയ സൗരോർജ്ജ വേലികൾ നിർമ്മിക്കുന്നതിനും നിലവിലുള്ള വേലികളുടെ അറ്റകുറ്റപ്പണികൾ വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**പന്നികളുടെ ആക്രമണം**

837 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും പന്നികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന ക്രമാതീതമായ വർദ്ധനവ് നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പന്നികളുടെ ആക്രമണം മൂലം മനുഷ്യർക്കുണ്ടാകുന്ന ജീവഹാനിക്കും പരിക്കിനും എപ്രകാരമാണ് നഷ്ടപരിഹാരം നൽകുന്നതെന്ന് വിശദമാക്കാമോ;

(സി) പന്നികളുടെ ആക്രമണം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് കർഷകർക്ക് എപ്രകാരമാണ് നഷ്ടപരിഹാരം നൽകുന്നതെന്ന് വിശദമാക്കാമോ;

(ഡി) മനുഷ്യർക്കും കൃഷിക്കും നാശമുണ്ടാക്കുന്ന പന്നികളെ കൊല്ലുന്നതിനും പിടികൂടുന്നതിനും പൊതുജനങ്ങൾക്ക് സ്വീകരിക്കാവുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>**മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ സൗരോർജ്ജ തൂക്കുവേലി**</u>

838 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം, തൃശ്ശൂർ ജില്ലകളിലെ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നബാർഡ് സഹായത്തോടെ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത സൗരോർജ്ജ തൂക്കുവേലി ഓരോ ഡിവിഷന് കീഴിലും എത്ര ദൂരമാണ് സ്ഥാപിക്കുന്നതെന്നും നിലവിൽ ഓരോ ഡിവിഷനിലും എത്ര ദൂരം സ്ഥാപിച്ചുവെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ;

<u>**വന്യജീവി ആക്രമണ പ്രതിരോധത്തിനുള്ള കേന്ദ്രസഹായം**</u>

839 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനാതിർത്തി പ്രദേശങ്ങളിലും ആദിവാസി മേഖലകളിലും വർധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ തടയുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനുമായി കേന്ദ്രസർക്കാരിൽനിന്ന് ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) വന്യജീവി ആക്രമണം തടയുന്നതിനായി നിലവിൽ സംസ്ഥാനത്തിന് ലഭ്യമായിക്കൊണ്ടിരിക്കുന്ന കേന്ദ്രസഹായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ആദിവാസി മേഖലകളിൽ സൗരവേലി, പ്രതിരോധ സംവിധാനങ്ങൾ, മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിനോട് കൂടുതൽ സഹായം ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ?

## <u>വന്യജീവി ആക്രമണം തടയാൻ നൂതന നടപടികൾ</u>

840 **ശ്രീ. ഷിബു തെക്കുംപുറം**

**ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്ന് കർഷകരെയും കാർഷികവിളകളെയും സംരക്ഷിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നൂതന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇതിനായി വനാതിർത്തി മേഖലകളിൽ ഡ്രോൺ സ്ക്വാഡുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഡ്രോൺ നിരീക്ഷണത്തിനുപുറമേ വനാതിർത്തികളിൽ വന്യജീവികളെ നിരീക്ഷിക്കുന്നതിനും പിന്തിരിപ്പിക്കുന്നതിനുമായി എന്തെല്ലാം അധിക സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഹോട്ട്സ്പോട്ടുകളായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിൽ വന്യമൃഗങ്ങളെ അകറ്റാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള ദൃശ്യ-ശ്രാവ്യ സംവിധാനങ്ങൾ ഒരുക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ;

(ഡി) വന്യജീവി ആക്രമങ്ങൾ മൂലമുണ്ടാകുന്ന ജീവഹാനിക്കും വിളനാശത്തിനുമുള്ള നഷ്ടപരിഹാരം കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ഒല്ലൂർ നിയോജകമണ്ഡലത്തിലെ വന്യജീവി ആക്രമണം</u>

841 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകളിൽ നിലവിൽ എത്ര ജീവനക്കാരാണുള്ളത്;

അനുവദിച്ചിട്ടുള്ളതും നിലവിലുള്ളതുമായ തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വന്യജീവി ആക്രമണം നേരിടുന്നതിനായി ആവശ്യമായ ജീവനക്കാർ, വാഹനങ്ങൾ, ആശയവിനിമയ സംവിധാനങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ എന്നിവ നിലവിൽ ലഭ്യമാണോ; കുറവുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രദേശങ്ങളിലെ നിലവിലുള്ള സൗരോർജ്ജ വേലികൾ, ആനപ്രതിരോധ വേലികൾ എന്നിവയുടെ പ്രവർത്തനക്ഷമത പരിശോധിച്ചിട്ടുണ്ടോ; തകരാറിലായവ പുനഃസ്ഥാപിക്കുന്നതിനും പുതിയ പ്രതിരോധ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കുമോ?

<u>**മാവേലിക്കര മണ്ഡലത്തിലെ വന്യജീവി ശല്യം**</u>

842 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കാട്ടുപന്നികൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ ശല്യം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വന്യജീവി ശല്യം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>**നെന്മാറ മണ്ഡലത്തിലെ വന്യജീവി ആക്രമണം**</u>

843 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ വന്യജീവി ആക്രമണങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കുമുള്ള നഷ്ടപരിഹാരത്തുക ഇനിയും എത്ര പേർക്ക് വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്കുള്ള നഷ്ടപരിഹാര തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>**മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണം**</u>

844 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണത്തിനായി സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സമിതിയിൽ ഉൾപ്പെടുത്തിയ അംഗങ്ങൾക്ക് മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട മേഖലയിൽ മതിയായ പ്രാവീണ്യമില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സമിതി അംഗങ്ങളുടെ വ്യക്തിഗത യോഗ്യതകളും മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട മേഖലയിലെ പ്രാവീണ്യവും എന്താണെന്നും, ഉപദേശക സമിതി അംഗങ്ങളെന്ന നിലയിൽ അവരിൽ നിന്ന് പ്രതീക്ഷിക്കുന്ന സംഭാവനകൾ എന്താണെന്നും വ്യക്തമാക്കാമോ?

**<u>അരുവിക്കര മണ്ഡലത്തിലെ വന്യജീവി പ്രതിരോധ പദ്ധതികൾ</u>**

845 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ വന മേഖലകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ വന്യജീവി ആക്രമണം തടയുന്നതിനായി പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

**<u>വന്യജീവി ആക്രമണവും നഷ്ടപരിഹാരവും</u>**

846 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവി ആക്രമണങ്ങളിൽ ആകെ എത്ര പേർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടെന്നും വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരായ എത്ര പേർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**ചേലക്കര നിയോജക മണ്ഡലത്തിലെ കാട്ടാന ശല്യം**

847 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരം ജനവാസ മേഖലയോട് ചേർന്ന വനാതിർത്തി പ്രദേശമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ചേലക്കര നിയോജക മണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്നു കിടക്കുന്ന ജനവാസ മേഖലയിൽ എന്നു മുതലാണ് കാട്ടാന ഇറങ്ങി കൃഷി നശിപ്പിക്കുന്ന സംഭവങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടത്; കാട്ടാന മച്ചാട് വനമേഖലയിലേക്ക് കടന്നുവരാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കൃഷി ഇടങ്ങളിലേക്ക് കാട്ടാന ഇറങ്ങുന്നത് തടയുന്നതിനായിട്ടുള്ള സൗരവേലി നിർമ്മാണം ചേലക്കര നിയോജക മണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരം പൂർത്തീകരിച്ചിട്ടുണ്ട്; ശേഷിക്കുന്ന പ്രദേശത്ത് സൗരവേലി നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും; സൗരവേലി നിർമ്മാണത്തിന് ഏതൊക്കെ ഫണ്ടുകളിൽ നിന്നാണ് തുക അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ജനവാസ മേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്ന മാച്ചാട് വനമേഖലയിൽ നിന്നും കാട്ടാനകളെ തുരത്തി പീച്ചി വനമേഖലയിലേക്ക് എത്തിക്കുന്നതിന് സ്പെഷ്യൽ ഡ്രൈവ് നടത്താം എന്ന കാര്യത്തിൽ എന്ത് നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**മലമ്പുഴ മണ്ഡലത്തിലെ വന്യജീവി ആക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ**

848 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ വനാതിർത്തികളിലും കൃഷിയിടങ്ങളിലുമുണ്ടാകുന്ന വന്യജീവി ആക്രമണം തടയുന്നതിനായി വനം വകുപ്പ് നടത്തിവരുന്ന ഫെൻസിംഗ് പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന സൗരോർജ്ജ തൂക്കുവേലിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

**<u>മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരണം</u>**

849 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏഴ് അംഗ സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതിയിൽ വിദഗ്ധർക്കൊപ്പം ഈ മേഖലയിൽ പരിചയമില്ലാത്ത ചിലരെ ഉൾപ്പെടുത്തിയെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഈ സമിതിയിൽ ഉറപ്പാക്കിയിട്ടുണ്ടോ;

(ഡി) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവഹിച്ച പങ്ക് വിലയിരുത്തി സമിതി പുന:സംഘടിപ്പിക്കുമോ; വിശദമാക്കുമോ?

**<u>വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം</u>**

850 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) വന്യജീവി ആക്രമണത്തിൽ കൃഷി, വളർത്തുമൃഗങ്ങൾ എന്നിവക്ക് നാശനഷ്ടം സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരം സമയബന്ധിതമായി വിതരണം ചെയ്യാൻ അദാലത്തുകൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കുമോ;

(സി) വനാതിർത്തി പ്രദേശത്തെ കർഷകന്റെ ഭൂമിയുമായി ബന്ധപ്പെട്ട നിരാക്ഷേപ പത്രങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

**മട്ടന്നൂർ മണ്ഡലത്തിലെ വന്യജീവി ശല്യം**

851 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ വന്യജീവി ശല്യം തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) മട്ടന്നൂർ മണ്ഡലത്തിലെ വന്യജീവി ആക്രമണത്തിന്റെ ഫലമായി കൃഷിനാശം സംഭവിച്ചവർക്കുള്ള ധനസഹായം ലഭ്യമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള കർമ്മപദ്ധതി**

852 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് ശാശ്വതവും സമഗ്രവുമായ പരിഹാരം കണ്ടെത്തുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്ന പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത കർമ്മപദ്ധതിയുടെ കരട് രൂപരേഖ പകർപ്പ് ലഭ്യമാക്കാമോ?

**വന്യജീവി ആക്രമണം ചെറുക്കൽ**

853 **ശ്രീ. എൻ. ശക്തൻ**
**ശ്രീ. സി. വി. ശാന്തകുമാർ**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട വിള നാശത്തിനടക്കം കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക ഗണ്യമായി വർദ്ധിപ്പിക്കാനും അത് സമയബന്ധിതമായി ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വനാതിർത്തികളിൽ സുരക്ഷാ സംവിധാനവും മൃഗങ്ങളെ ഓടിക്കുന്നതിനു എ.ഐ. ഉപയോഗിച്ചുള്ള ദൃശ്യ-ശ്രവ്യ സംവിധാനങ്ങളും ഒരുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വന്യജീവി ആക്രമണത്തെ ചെറുക്കാൻ ദ്രുതകർമ്മസേനയെ നിയോഗിക്കാൻ പദ്ധതിയുണ്ടോ; കൂടുതൽ ആക്രമണങ്ങൾ ഉണ്ടാകുന്ന പ്രദേശങ്ങളിൽ ദ്രുതകർമ്മസേനയുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുമോ; വ്യക്തമാക്കുമോ?

<u>**വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങുന്നത് തടയാൻ നടപടി**</u>

854 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം മൂലം വനമേഖലകളിലെ ജല-ഭക്ഷ്യലഭ്യതയിലും വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥയിലും സഞ്ചാരരീതികളിലും ഉണ്ടാകുന്ന മാറ്റങ്ങളുടെ ഫലമായി വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്കും കൃഷിയിടങ്ങളിലേക്കും ഇറങ്ങുന്ന സംഭവങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ കൃഷിനാശത്തിന് കാരണമാകുന്ന വന്യമൃഗശല്യം തടയുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

<u>**ജലവിഭവ വകുപ്പിന്റെ കോട്ടക്കൽ മണ്ഡലത്തിലെ പദ്ധതികൾ**</u>

855 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് മേജർ, മൈനർ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി കോട്ടക്കൽ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള വിവിധ പ്രൊപ്പോസലുകളിൽ ഇനി എത്ര എണ്ണത്തിനാണ് ഭരണാനുമതി ലഭിക്കുവാനുള്ളത്; അവ ഏതെല്ലാം; വിശദമാക്കാമോ; പ്രസ്തുത പ്രൊപ്പോസലുകളിൽ ഏതെല്ലാമാണ് ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) കോട്ടക്കൽ മണ്ഡലത്തിൽ നിന്നും വി.സി.ബി നിർമ്മാണം, തോട് നവീകരണം, പാർശ്വഭിത്തി സംരക്ഷണം എന്നിവയ്ക്ക് വേണ്ടി സമർപ്പിച്ചിട്ടുള്ള വിവിധ പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**താനൂരിലെ ഇറിഗേഷൻ പദ്ധതികൾ**

856 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ ഇറോഷൻ സ്റ്റഡി വിഭാഗം മലപ്പുറം ജില്ലയിൽ നടത്തുന്ന പ്രവർത്തനങ്ങളും സേവന കാര്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ജലസേചന വിഭാഗം പ്ലാൻ /നോൺ പ്ലാൻ ഫണ്ട് വകയിരുത്തി താനൂർ പൂരപ്പുഴയിലെ മാലിദ്വീപിനോടടുത്തുള്ള ശ്മശാനവും മറ്റും സംരക്ഷിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകാൻ ആവശ്യപ്പെട്ട് ഇൻലൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനിയർക്ക് ലഭിച്ച കത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ;

(സി) ഇത്തരത്തിൽ പദ്ധതി തയ്യാറാക്കി മുൻഗണന നൽകുമ്പോൾ ബന്ധപ്പെട്ട എം.എൽ.എ. മാരെ അറിയിക്കുന്ന കാര്യം പരിഗണിക്കാമോ?

**താനൂരിൽ ഫ്ലോട്ടിംഗ് ഹൗസ്**

857 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ പൂരപ്പുഴയിൽ ഫ്ലോട്ടിംഗ് ഹൗസ് നിർമ്മിക്കുന്നതിനുള്ള അനുമതിക്ക് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത് എന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ഫ്ലോട്ടിംഗ് ഹൗസുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഫ്ലോട്ടിംഗ് ഹൗസ് സ്ഥാപിക്കുന്നതിന് ഏതെല്ലാം വകുപ്പിന്റെ എൻ.ഒ.സി., ലൈസൻസ് എന്നിവ ആവശ്യമാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) താനൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം ജലാശയങ്ങളിലാണ് ടൂറിസം മേഖലയിലെ കയാക്കിംഗ്/പെഡൽ ബോട്ട്, ഹൗസ് ബോട്ട്, പാസഞ്ചെഴ്സ് ബോട്ട് എന്നിവ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് എന്നും ഈ മേഖലയിൽ സർവീസ് നടത്തുന്നതിലേക്കായി ലഭിച്ച അപേക്ഷകളുടെയും അതിൽ അനുമതി നൽകിയവയുടെയും വിശദാംശം ലഭ്യമാക്കാമോ?

<u>ഉമയനല്ലൂർ പാടശേഖരത്തിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ നടപടി</u>

858 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിയെ മാത്രം ആശ്രയിച്ച് ഇപ്പോൾ ഒരുപ്പൂ കൃഷി നടത്തുന്ന സംസ്ഥാനത്തെ പ്രധാന ഒറ്റ പാടശേഖരങ്ങളിൽ ഒന്നായ ഉമയനല്ലൂർ പാടശേഖരത്തിൽ ജലസേചന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തിയാൽ കൃഷി രീതികൾ മെച്ചപ്പെടുത്താൻ സാധിക്കുമെന്ന വിഷയത്തിൽ പ്രത്യേക പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാടശേഖരത്തെ ഒരുപ്പൂ കൃഷിയിൽ നിന്നും അടുത്തവർഷം ഇരുപ്പൂ കൃഷിയിലേക്ക് മാറ്റുന്നതിനായി പ്രത്യേക പദ്ധതിക്കുള്ള തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ?

<u>തിരൂരിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം</u>

859 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജക മണ്ഡലത്തിൽ നദികളുടെ തീരശോഷണം തടയുന്നതിനും നദികളുടെ സംരക്ഷണത്തിനും ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) തിരൂർ നിയോജക മണ്ഡലത്തിൽ വിവിധ കാരണങ്ങൾ കൊണ്ട് ഉപയോഗിക്കാൻ കഴിയാത്ത ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് ജലവിഭവ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, ഏതെല്ലാം ജലസ്രോതസ്സുകളെയാണ് അതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) തിരൂർ നിയോജക മണ്ഡലത്തിൽ ചോലകൾ,തോടുകൾ, മറ്റു ജലസ്രോതസ്സുകൾ തുടങ്ങിയവയുടെ സംരക്ഷണത്തിനായി

സ്വീകരിച്ചിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് എന്നറിയിക്കാമോ?

<u>നദികളിലേയും ഡാമുകളിലേയും മണലും എക്കലും നീക്കം ചെയ്യാൻ നടപടി</u>

860 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലേയും തോടുകളിലേയും മണലും എക്കലും നീക്കം ചെയ്യാതായിട്ട് ഏകദേശം 35 വർഷങ്ങൾ കഴിഞ്ഞിരിക്കുകയാണെന്നും തന്മൂലം ഒന്നോ രണ്ടോ മഴയിൽ തന്നെ നാടും നഗരവും വെള്ളപ്പൊക്കത്തിലാകുന്നുവെന്നുമുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) നദികളിലേയും ഡാമുകളിലേയും മണൽ നീക്കം ചെയ്യുന്നതിന് അടിയന്തര പ്രാധാന്യത്തോട് കൂടി നടപടികൾ സ്വീകരിക്കുമോ; എങ്കിൽ, ഏതൊക്കെ പ്രദേശങ്ങളിലെ മണൽ ആണ് ആദ്യം നീക്കം ചെയ്യേണ്ടത് എന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>വാമനപുരം ഇറിഗേഷൻ പ്രൊജക്റ്റുമായി ബന്ധപ്പെട്ട നീതിന്യായ വകുപ്പിന് ഭൂമി കൈമാറ്റം</u>

861 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ പത്താംകല്ലിലുള്ള വാമനപുരം ഇറിഗേഷൻ പ്രോജക്റ്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിന്നും ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ട് നീതിന്യായ വകുപ്പിന് 75 സെന്റ് ഭൂമി വിട്ടുനൽകാൻ 09.02.2026-ലെ സ.ഉ.(സാധാ)നം. 136/2026/WRD ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി നീതിന്യായ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടും പ്രസ്തുത ഭൂമി കൈമാറ്റം വൈകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമി നീതിന്യായ വകുപ്പിന് ഇനി എന്ന് കൈമാറാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട നടപടികൾ

വേഗത്തിലാക്കാൻ എന്തെല്ലാം ഘട്ടങ്ങളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**തോട്ടപ്പള്ളിയിൽ പുതിയ സ്പിൽവേയുടെ നിർമ്മാണം**

862 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളിയിൽ പുതിയ സ്പിൽവേ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ;

(ബി) തോട്ടപ്പള്ളിയിൽ പുതിയ സ്പിൽവേയുടെ നിർമ്മാണപ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

(സി) തോട്ടപ്പള്ളിയിൽ പുതിയ സ്പിൽവേയുടെ നിർമ്മാണം ആരംഭിച്ചാൽ എത്ര വർഷം കൊണ്ട് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) നിർമ്മാണം ആരംഭിച്ചിട്ടില്ലായെങ്കിൽ അത് ജീവനക്കാരുടെ വീഴ്ച മൂലമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

**അമ്പലപ്പുഴ മണ്ഡലത്തിലെ തീരപ്രദേശങ്ങൾ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുവാൻ നടപടി**

863 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ എല്ലാ വർഷവും കടൽക്ഷോഭത്തിലൂടെ അല്ലെങ്കിൽ കടലാക്രമണത്തിലൂടെ തീരപ്രദേശ വാസികൾക്ക് ഭവനം പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെടുന്ന ആവർത്തിച്ചുള്ള സാഹചര്യം പരിഹരിക്കാൻ ജല വിഭവ വകുപ്പ് 2026 ജൂൺ മാസത്തിന് ശേഷം എന്തെങ്കിലും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ എല്ലാ വർഷവും കടൽക്ഷോഭത്തിലൂടെ അല്ലെങ്കിൽ കടലാക്രമണത്തിലൂടെ തീരപ്രദേശ വാസികൾക്ക് ഭവനം പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെടുന്ന ആവർത്തിച്ചുള്ള സാഹചര്യം പരിഹരിക്കാൻ ജല വിഭവ വകുപ്പ് കാലങ്ങളായി തുടർന്നുവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) കടൽ ഭിത്തി നിർമ്മാണത്തിൻെറ പേരിൽ 2021 ജൂൺ മുതൽ 2026 മാർച്ച് വരെ അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര തുക ജലവിഭവ വകുപ്പിലൂടെ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) തോട്ടപ്പള്ളി സ്പിൽവേയുടെ പൊഴിമുഖത്തെ ആഴം കൂട്ടിയതിന്റെ പേരിൽ 2021 ജൂൺ മുതൽ 2026 മാർച്ച് വരെ എത്ര തുക ജലവിഭവ വകുപ്പിലൂടെ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ആറന്മുള മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പിന്റെ പ്രവൃത്തികൾ</u>

864 **ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജക മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും പ്രവൃത്തികൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രവൃത്തികളുടെ പേര്, തുക, നിലവിലെ സ്ഥിതി എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ?

<u>മഞ്ചേശ്വരം കഞ്ചിക്കട്ട റെഗുലേറ്റർ കം ബ്രിഡ്ജ്</u>

865 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കുമ്പള പുഴയ്ക്ക് കുറുകെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 'കഞ്ചിക്കട്ട റെഗുലേറ്റർ കം ബ്രിഡ്ജ്' പദ്ധതി നിർവ്വഹണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് നിലവിൽ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ; സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത തടയണ/പാലത്തിലൂടെയുള്ള സഞ്ചാരം നിരോധിച്ച് മൂന്ന് വർഷത്തോളമായിട്ടും പുതിയ പാലത്തിന്റെ പ്രവൃത്തി ആരംഭിക്കാത്തത് മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന യാത്രാബുദ്ധിമുട്ടും കൃഷിയ്ക്കും മറ്റും വെള്ളം ലഭിക്കാത്ത സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയുടെ സാങ്കേതികവും ഭരണപരവുമായ എല്ലാ തടസ്സങ്ങളും അടിയന്തരമായി പരിഹരിച്ച് എത്രയും വേഗം ടെൻഡർ നടപടികൾ

പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>തിരൂരങ്ങാടി ന്യൂകട്ട് റെഗുലേറ്റർ, ന്യൂകട്ട് വാട്ടർ സ്റ്റോറേജ് പദ്ധതികളുടെ വിവരങ്ങൾ</u>**

866 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ ന്യൂ കട്ട് വാട്ടർ സ്റ്റോറേജ് പദ്ധതി, ന്യൂ കട്ട് റെഗുലേറ്റർ നിർമ്മാണം എന്നിവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ന്യൂ കട്ട് റെഗുലേറ്ററിലെ ചോർച്ച കാരണം മലപ്പുറം ജില്ലയുടെ ഒരറ്റമായ വണ്ടൂർ മുതൽ മറ്റേ അറ്റമായ പരപ്പനങ്ങാടി വരെയുള്ള ശുദ്ധ ജലം കടലുണ്ടിപ്പുഴ വഴി ന്യൂ കട്ട് പുഴയിലൂടെ അറബിക്കടലിൽ എത്തി ഉപയോഗയോഗ്യമല്ലാതാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ന്യൂ കട്ട് റെഗുലേറ്റർ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ പാലത്തിങ്ങൽ മുതൽ ന്യൂ കട്ട് റെഗുലേറ്റർ വരെ ന്യൂ കട്ട് പുഴയുടെ സൈഡ് കെട്ടി ആഴം കൂട്ടി വെള്ളം ശേഖരിക്കുന്നതിനുള്ള ന്യൂ കട്ട് വാട്ടർ സ്റ്റോറേജ് പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ വള്ളിക്കുന്ന്, തിരൂരങ്ങാടി, താനൂർ എന്നീ നിയോജകമണ്ഡലങ്ങളിൽ കുടിവെള്ളം, കൃഷി എന്നിവയ്ക്കാവശ്യമായ ജലം പൂർണ്ണമായും ലഭ്യമാക്കാനാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വിശദമാക്കാമോ;

(ഡി) ന്യൂ കട്ട് റെഗുലേറ്റർ നിർമ്മാണം എന്ന പ്രവൃത്തിയുടെ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും പ്രസ്തുത ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും പ്രസ്തുത പ്രവൃർത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് ഇനി പൂർത്തീകരിക്കാനുള്ള നടപടികൾ എന്തെല്ലാമാണെന്നും ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

**<u>ജൽ ജീവൻ മിഷൻ വഴിയുള്ള കുടിവെള്ള കണക്ഷൻ</u>**

867 **ശ്രീമതി ഉമ തോമസ്**

**ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ (ജെ.ജെ.എം) ആരംഭിച്ചതിനുശേഷം ഇതുവരെ എത്ര ഗ്രാമീണ കുടുംബങ്ങൾക്ക് പൈപ്പ് വഴി കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) ജൽ ജീവൻ മിഷൻ പ്രകാരം കേരളത്തിന് കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ച കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്നത് വർഷം തിരിച്ച് നൽകാമോ; അനുവദിച്ച തുകയിൽ ഇതുവരെ ചെലവഴിച്ച തുക എത്രയാണെന്നത് വർഷം, ജില്ല എന്നിവ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ജൽ ജീവൻ മിഷൻ ലക്ഷ്യമിട്ടിരുന്ന 100 ശതമാനം ഗ്രാമീണ കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകുന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>**തലശ്ശേരി മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള ജലവിതരണ പദ്ധതി**</u>

868 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ തലശ്ശേരി മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള ജലവിതരണ പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടികൾ ആണ് ഉള്ളതെന്നും ആയതിന് വേണ്ടി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള എന്തെങ്കിലും പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ; എങ്കിൽ ആയത് എന്തൊക്കെയാണെന്നും പദ്ധതിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**വാടാനപ്പള്ളി പഞ്ചായത്തിലെ തീരദേശ സംരക്ഷണ പദ്ധതി**</u>

869 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയമസഭാ മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ രൂക്ഷമായ കടലേറ്റം ഉണ്ടായിട്ടുള്ളതായും ഇതുമൂലം തീരദേശ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കടലേറ്റം തടയുന്നതിനായി പ്രസ്തുത പ്രദേശത്ത് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ തീരദേശ പ്രദേശത്തെ സംരക്ഷിക്കുന്നതിനായി ശാസ്ത്രീയമായ സാങ്കേതിക പഠനം നടത്തി സ്ഥിരതയുള്ള തീരസംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിനും ആവശ്യമായ ഭരണാനുമതിയും സാമ്പത്തിക അനുമതിയും നൽകി പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>അർബർ വാട്ടർ മാനേജ്മെന്റ് പ്ലാൻ</u>**

870 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ മഴക്കാലത്ത് ഉണ്ടാകുന്ന വെള്ളക്കെട്ടും വേനൽക്കാലത്തെ ജലക്ഷാമവും ഒരേസമയം പരിഹരിക്കുന്നതിനായി നഗരങ്ങളിലെ തോടുകൾ, കുളങ്ങൾ, കനാലുകൾ, പ്രകൃതിദത്ത ജലസംഭരണ മേഖലകൾ എന്നിവ സംരക്ഷിക്കുകയും മഴവെള്ളം ശാസ്ത്രീയമായി സംഭരിച്ച് ഭൂഗർഭജല പുനർനിർമ്മാണത്തിന് ഉപയോഗിക്കുകയും ചെയ്യുന്ന അർബർ വാട്ടർ മാനേജ്മെന്റ് പ്ലാൻ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഘട്ടംഘട്ടമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ജൽ ജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി</u>**

871 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ ഗ്രാമീണ മേഖലകളിലെ വീടുകളിൽ കുടിവെള്ളം എത്തിക്കുന്നതിൽ കൈവരിച്ച പുരോഗതി

എന്തൊക്കെയാണെന്നും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ജില്ല തിരിച്ചും വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി പൈപ്പ് സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ച റോഡുകൾ സമയബന്ധിതമായി പുനഃസ്ഥാപിക്കുന്നതിന് ജലവിഭവ വകുപ്പ് ഉൾപ്പെടെയുള്ള ബന്ധപ്പെട്ട വകുപ്പുകൾ തമ്മിലുള്ള ഏകോപനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായി ശേഷിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

<u>സുസ്ഥിര തീരദേശ സംരക്ഷണ-കാലാവസ്ഥാ പ്രതിരോധ പദ്ധതി</u>

872 **ശ്രീ. വർഗ്ഗീസ് മാമ്മൻ**

**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരമേഖലയിൽ കടലാക്രമണം, തീരശോഷണം, കാലാവസ്ഥാ വ്യതിയാനം എന്നിവ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള സുസ്ഥിര തീരദേശ സംരക്ഷണ-കാലാവസ്ഥാ പ്രതിരോധ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നിർദ്ദേശിച്ചിട്ടുള്ള ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് വായ്പ തുക, സംസ്ഥാന വിഹിതം, പദ്ധതി അടങ്കൽ, വായ്പ അംഗീകരിക്കുന്നതിനും ലഭ്യമാക്കുന്നതിനുമുള്ള നിലവിലെ നടപടിക്രമങ്ങൾ എന്നിവ ലഭ്യമാക്കാമോ; ഇവയ്ക്ക് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ അന്തിമ അനുമതി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിനായി തീരദേശ സംരക്ഷണ പ്രവൃത്തികൾക്ക് മുൻഗണന നൽകിയിട്ടുള്ള സ്ഥലങ്ങൾ/ഹോട്ട്സ്പോട്ടുകൾ ഏതൊക്കെയാണെന്നും ഓരോ സ്ഥലത്തും നിർദ്ദേശിച്ചിട്ടുള്ള

കടൽഭിത്തി, ഗ്രോയിൻ, ഓഫ്ഷോർ ബ്രേക്ക്വാട്ടർ, ബീച്ച് നറിഷ്മെന്റ് പ്രവൃത്തികളുടെ സ്വഭാവവും ഏകദേശ ചെലവും എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്, സാങ്കേതിക പഠനങ്ങൾ, പരിസ്ഥിതി-സാമൂഹിക ആഘാത പഠനങ്ങൾ എന്നിവയുടെ നിലവിലെ സ്ഥിതിയും ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് വായ്പയുടെ അന്തിമ അനുമതി ലഭിക്കുന്നതിനും പ്രവൃത്തികൾ ആരംഭിക്കുന്നതിനുമുള്ള പ്രതീക്ഷിത സമയക്രമവും വ്യക്തമാക്കാമോ?

<u>ഒറ്റപ്പാലം മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം</u>

873 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുള്ള ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

<u>ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പുളിമാത്ത്-നഗരൂർ-കരവാരം ശുദ്ധജല വിതരണ പദ്ധതി</u>

874 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പുളിമാത്ത്-നഗരൂർ-കരവാരം ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണ്; ഇനി എന്തെല്ലാം പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പൂർത്തീകരണത്തിനായി എത്ര സമയം വേണ്ടിവരും എന്നാണ് വിലയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പേർക്കാണ് ഗാർഹിക കണക്ഷനുകൾ നൽകാൻ സാധിച്ചിട്ടുള്ളതെന്നും എത്ര കണക്ഷനുകളാണ് ഇനി അവശേഷിക്കുന്നതെന്നും ഉള്ള വിവരം ലഭ്യമാക്കാമോ;

(ഡി) ഇത് നൽകുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**തെന്നല മറക്കപ്പാടം കാപ്പ് ജലസേചന പദ്ധതി**

875 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ തെന്നല പഞ്ചായത്തിലുൾപ്പെട്ട മറക്കപ്പാടം കാപ്പ് ജലസേചന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സാങ്കേതിക അനുമതി, ടെൻഡർ നടപടികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിയുടെ പകർപ്പ്, സാങ്കേതിക അനുമതിയുടെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് അടക്കമുള്ള ഡിപിആർ തയ്യാറാക്കിയ സമയത്ത് പ്രവൃത്തി നടത്തുന്നതിനുള്ള നീളം, വീതി, ആഴം എന്നിവ കണക്കാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത അളവുകൾ സഹിതം വിശദമാക്കാമോ;

(എഫ്) ഒരു പ്രവൃത്തി നടത്തുന്നതിനുള്ള അളവുകൾ തയ്യാറാക്കി അനുമതി ലഭ്യമാക്കിയതിനു ശേഷം പ്രസ്തുത അളവിനുള്ളിൽ വരാത്ത പ്രദേശത്തെ കയ്യേറ്റം ഒഴിപ്പിക്കണമെന്ന ഒരു വ്യക്തിയുടെ പരാതി പ്രകാരം പദ്ധതിയുടെ തുടർ പ്രവൃത്തികൾ നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ജി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം തുടർനടപടികളാണ് ആവശ്യമുള്ളത്; എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കാമോ?

**പുതുക്കാട് ഉപ്പുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

876 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി, മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളിലെ ഇഞ്ചക്കുണ്ട് മേഖലയിലെ കർഷകർക്ക് ഏറെ പ്രയോജനകരമായ ഉപ്പുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കുന്നതിനായുള്ള രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന മൈക്രോ ഇറിഗേഷൻ പദ്ധതികൾ**</u>

877 **ശ്രീ. സുമേഷ് അച്യുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സർക്കാർ തലത്തിൽ എത്ര മൈക്രോ ഇറിഗേഷൻ പദ്ധതികളാണ് നടപ്പിലാക്കുന്നത്; അവയുടെ വിശദാംശം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തിയായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം വിളകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഓരോ വിളയ്ക്കും പ്രതിദിനം എത്ര ലിറ്റർ വെള്ളം നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും പൂർത്തിയായ പദ്ധതികളിൽ ഉദ്ദേശിച്ച അളവിൽ ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ വൈദ്യുതി സൗജന്യമായി നൽകുന്നുണ്ടോ; സൗജന്യമായിട്ടല്ലെങ്കിൽ അതിനുള്ള തുക ഈടാക്കുന്നത് എങ്ങനെയെന്നും പൂർത്തിയായ പദ്ധതികളിൽ ഇതുവരെ ഉപയോഗിച്ച വൈദ്യുതിയുടെ അളവും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളിൽ സോളാർ വൈദ്യുതി ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) പാലക്കാട് മൂലത്തറ ഡാം ആർ.ബി. കനാൽ ദീർഘിപ്പിക്കുന്ന പദ്ധതി മൈക്രോ ഇറിഗേഷൻ പദ്ധതിയുമായി ബന്ധിപ്പിച്ചാണോ നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ?

<u>**കണ്ണൂർ നിയോജക മണ്ഡലത്തിലെ കാനാമ്പുഴ പുനരുജ്ജീവന പദ്ധതി**</u>

878 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നിയോജകമണ്ഡലത്തിലെ കാനാമ്പുഴ പുനരുജ്ജീവന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക ചെലവായെന്ന് വ്യക്തമാക്കാമോ;

(സി) എന്തായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്നും പ്രസ്തുത ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) പദ്ധതി സംബന്ധിച്ച് എന്തെങ്കിലും പരാതികൾ സർക്കാരിനോ മറ്റ് വകുപ്പുകൾക്കോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശവും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

**<u>മഞ്ചേരി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ പുരോഗതിയും ജലസ്രോതസ്സുകളുടെ സംരക്ഷണവും</u>**

879 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ മഞ്ചേരി നഗരസഭ, തൃക്കലങ്ങോട്, പാണ്ടിക്കാട്, എടപ്പറ്റ, ആനക്കയം എന്നീ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കിവരുന്ന ജൽ ജീവൻ മിഷൻ/ അമൃത് കുടിവെള്ള പദ്ധതികളുടെ നിലവിലെ പുരോഗതികൾ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; പദ്ധതി പൂർത്തീകരണത്തിനു നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കടലുണ്ടി പുഴയെ ആശ്രയിച്ച് മഞ്ചേരി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾക്ക് വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി പുതിയ തടയണകൾ/റഗുലേറ്ററുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) മഞ്ചേരി മണ്ഡലത്തിലെ പഴക്കമുള്ള കുടിവെള്ള വിതരണ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിനും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുമായി പുതിയ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

## കുറ്റ്യാടിപ്പുഴ സംരക്ഷണം

880 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കുറ്റ്യാടിപ്പുഴയുടെ ഭാഗങ്ങളിൽ പാർശ്വഭിത്തി കെട്ടി സുരക്ഷിതമാക്കുന്നതിനായുള്ള പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ഏത് തീയതിയിൽ പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിൽ തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; പരിഹാരം എന്താണെന്ന് വിശദമാക്കാമോ?

## പ്രളയം തടയുന്നതിനുള്ള നടപടികൾ

881 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവർത്തിച്ച് ഉണ്ടാകുന്ന പ്രളയങ്ങൾ തടയുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രളയസാധ്യത കുറയ്ക്കുന്നതിനായി നിലവിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രളയനിയന്ത്രണത്തിനായി അണക്കെട്ടുകൾ, നദീതടങ്ങൾ, കനാലുകൾ, നഗരങ്ങളിലെ ഡ്രെയിനേജ് സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കേന്ദ്രസഹായം ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ?

**ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ വെള്ളം കയറുന്നത് തടയുന്നതിനുള്ള നടപടികൾ**

882 **ശ്രീ. നാട്ടകം സുരേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ടു കായലിലും മീനച്ചിലാറിലും കൊടൂരാറിലും മറ്റ് തോടുകളിലും എക്കലും മണ്ണും അടിഞ്ഞ് അവയുടെ ആഴം കുറഞ്ഞതായി ശാസ്ത്രീയ പഠനങ്ങളിൽ കണ്ടെത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എക്കലും മണ്ണും അടിഞ്ഞ് കായലിന്റെയും ആറുകളുടെയും തോടുകളുടെയും ആഴം കുറഞ്ഞതു നിമിത്തം നേരിയ മഴ പെയ്താൽ തന്നെ ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറൻ പ്രദേശത്തെ ജനവാസമേഖലകളിൽ വെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

**അച്ചൻകോവിലാറിന്റെ ഇടതുകരയിൽ സംരക്ഷണഭിത്തി നിർമ്മാണം**

883 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്ത് ഏഴാം വാർഡിൽ കല്ലിമേൽ കല്ലുവളയം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിക്ക് മുൻവശം അച്ചൻകോവിലാറിന്റെ ഇടതുകരയിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ബജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് ജലവിഭവ വകുപ്പിൽ നൽകിയ ഫയൽ (ഐആർ 2/304/2025) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കി ടെൻഡർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പുഴ സംരക്ഷണ പ്രവൃത്തികൾ**

884 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ പുഴയുടെ സൈഡ് സംരക്ഷണവുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവൃത്തികളാണ് നിലവിൽ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികളിൽ ഓരോന്നിന്റെയും ഫയൽ നമ്പർ, ഫയലുകളുടെ നിലവിലെ സ്ഥിതി, നിലവിൽ ഏത് ഓഫീസിലാണ് ഫയൽ ഉള്ളത് എന്നീ വിവരങ്ങൾ വിശദമാക്കാമോ;

(സി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭ്യമാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ, ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ;

(ഡി) പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിലെ വടക്കേക്കാട് ഭാഗത്തെ പ്രവൃത്തിയുടെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

**<u>കായലുകളിലെ മാലിന്യ നിർമ്മാർജനം</u>**

885 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. കെ. പി. നൗഷാദ് അലി**
**ശ്രീ. കെ. പ്രവീൺ കുമാർ**
**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന കായലുകളുടെ സംരക്ഷണത്തിന് കൈക്കൊണ്ടിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കായലുകളിൽ മണലും ചെളിയും നിറഞ്ഞ് ആഴം കുറയുന്നത് ജലഗതാഗതത്തെയും മൽസ്യസമ്പത്തിനേയും സാരമായി ബാധിക്കുന്നുണ്ടോ; ഡ്രഡ്ജ് ചെയ്ത് കായലുകളുടെ ആഴം കൂട്ടാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പുരവഞ്ചികളിൽ നിന്നുള്ള മാലിന്യങ്ങളും മറ്റ് പ്ലാസ്റ്റിക് മാലിന്യങ്ങളും കായലിന്റെ പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നുണ്ടോ; നിലവിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യാനും മാലിന്യം

നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**കുയ്യാലി പുഴ സംരക്ഷണം**

886 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ കുയ്യാലി പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കുന്നതിനായി മേജർ ഇറിഗേഷൻ വകുപ്പ് മൂന്ന് കോടി ഇരുപത് ലക്ഷം രൂപയുടെ പ്രൊപ്പോസൽ (പ്രോജക്ട് ഐ.ഡി.-ഐ.ആർ.ആർ./ഐ.എ./എഫ്.എൽ/7466/2025) ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**തലശ്ശേരി പൊന്ന്യം പുഴയുടെ സംരക്ഷണം**

887 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ കതിരൂർ ഗ്രാമപഞ്ചായത്തിലുള്ള പൊന്ന്യം പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയെങ്കിലും ഇതുവരെയും ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിക്ക് അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ; ആയതിന് ഇനി എന്തൊക്കെ നടപടികൾ ആണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

**പമ്പ, അച്ചൻകോവിൽ നദീ തീര സംരക്ഷണം**

888 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ, അച്ചൻകോവിൽ നദീ തീരങ്ങൾ ക്രമാതീതമായി ഇടിഞ്ഞ് ആളുകളുടെ ജീവനും സ്വത്തിനും ഭീക്ഷണിയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നദീ തീര സംരക്ഷണത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റ് ആണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എത്ര പ്രവൃത്തികൾക്ക് നാളിതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട്; തുകയും പ്രവൃത്തിയുടെ വിശദാംശവും ലഭ്യമാക്കാമോ;

(ഡി) അവശേഷിക്കുന്ന പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി നൽകി നടപ്പാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

**ജലസുരക്ഷക്ക് ദീർഘകാല പദ്ധതി**

889 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തിന്റെയും അടിക്കടിയുണ്ടാകുന്ന എൽനിനോ, ലാനിന പ്രതിഭാസങ്ങളുടെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ ജലസുരക്ഷ ഉറപ്പാക്കാൻ ദീർഘകാല പദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയിലെയും ജല ലഭ്യതക്കനുസരിച്ച് പ്രത്യേക ജലബജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) കുടിവെള്ളം, കൃഷി, വ്യവസായം എന്നീ മേഖലകളിലെ ഭാവിയിലെ ജലാവശ്യകത മുന്നിൽക്കണ്ട് സംസ്ഥാനതല ജലനയം തയ്യാറാക്കുമോയെന്ന് വ്യക്തമാക്കാമോ?

**അഷ്ടമുടിക്കായലിന്റെ മാലിന്യ നിർമ്മാർജനം**

890 **ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021–26 കാലയളവിൽ അഷ്ടമുടിക്കായലിന്റെ മാലിന്യനിർമ്മാർജനത്തിനും ജലഗുണനിലവാര സംരക്ഷണത്തിനുമായി ചെലവഴിച്ച തുക എത്രയെന്ന് വർഷം, വകുപ്പ്, പദ്ധതി എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ കായലിൽ നിന്നും നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ് എത്രയെന്നും അതിന്റെ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) കായലിൽ മാലിന്യം നിക്ഷേപിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ, ഈടാക്കിയ പിഴ, സ്വീകരിച്ച നിയമനടപടികൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>കോട്ടക്കൽ മണ്ഡലത്തിലെ സംരക്ഷണഭിത്തി നിർമ്മാണവും തോടുകളുടെ നവീകരണവും</u>**

891 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ പുഞ്ചപ്പാടം തോട്, പൈങ്കണ്ണൂർ തോട് എന്നിവയുടെ സംരക്ഷണഭിത്തി നിർമ്മാണവും തോടുകളുടെ നവീകരണവും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ മൈനർ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം, ചീഫ് എഞ്ചിനീയർ (ജലസേചനം) എന്നീ ഓഫീസുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**<u>കല്ലട ജലസേചന പദ്ധതിയുടെ കനാലുകളിൽ അറ്റകുറ്റപ്പണികൾ</u>**

892 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കല്ലട ജലസേചന പദ്ധതിയുടെ കനാലുകളിൽ അറ്റകുറ്റപ്പണികൾ നടത്താത്തിനാൽ ജലവിതരണം തടസ്സപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കല്ലട ജലസേചന പദ്ധതിയുടെ കനാലുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി കഴിഞ്ഞ മൂന്ന് വർഷം എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു;

(സി) കനാലുകളുടെ കൈയേറ്റവും മാലിന്യ നിക്ഷേപവും കണ്ടെത്തിയിട്ടുണ്ടോ; കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) കല്ലട പദ്ധതിയുടെ വെള്ളം കുടിവെള്ള ആവശ്യത്തിനായി ഉപയോഗിക്കുന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് ജലവിതരണം ഉറപ്പാക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) കല്ലട ജലസേചന പദ്ധതിയുടെ കനാലുകൾ കടന്നുപോകുന്ന പ്രദേശങ്ങളിൽ കർഷകർക്ക് ആവശ്യമായ സമയത്ത് വെള്ളം ലഭിക്കുന്നില്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ;

(എഫ്) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കല്ലട ജലസേചന പദ്ധതിയുടെ ജലവിതരണ ശൃംഖലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഏതെല്ലാമാണ്; നിലവിൽ എത്ര ഹെക്ടർ കൃഷിഭൂമിക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്; കനാലുകളുടെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി നിലവിൽ നടപ്പാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

<u>**പ്രളയം ആവർത്തിക്കാതിരിക്കാൻ മുൻകരുതൽ**</u>

893 **ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീ. പി. കെ. നവാസ്**

**ശ്രീ. കല്ലട മാഹിൻ**

**ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018,2019 എന്നീ വർഷങ്ങളിലെ വൻ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും മുൻകരുതൽ സ്വീകരിച്ചിരുന്നോ; വിശദമാക്കാമോ;

(ബി) നദികളുടെ ആവാഹശേഷി, അടിഞ്ഞുകൂടിയ മണ്ണിന്റെ അളവ് എന്നിവയെക്കുറിച്ച് എന്തെങ്കിലും റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ; വ്യക്തമാക്കുമോ ;

(സി) പ്രളയം ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>**ജലവിഭവ വകുപ്പിന്റെ മാവേലിക്കര മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ**</u>

894 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിലുള്ള കാക്കറുമ്പ് പാലം നിർമ്മാണത്തിന് ബജറ്റിൽ തുക അനുവദിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കായി ഇറിഗേഷൻ വകുപ്പ് നൽകിയ എസ്റ്റിമേറ്റ് (എം13/52/2026) പരിഗണിച്ച് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) മാവേലിക്കര മണ്ഡലത്തിൽ താമരക്കുളം പഞ്ചായത്തിലെ വയ്യാങ്കര ചിറയുടെ സംരക്ഷണഭിത്തി നിർമ്മാണത്തിനായി ബജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് നല്കിയത് (എം 13/91/2026)പരിഗണിച്ച് ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>അഴിക്കോട് തോട് സംരക്ഷണ പ്രവൃത്തി</u>**

895 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ അഴിക്കോട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള തോട് സംരക്ഷണങ്ങളുടെ പ്രവൃത്തി സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കാമോ;

(ബി) പ്രവൃത്തി എസ്റ്റിമേറ്റ് പൂർത്തിയാക്കിയിട്ടുണ്ടോ; വിവരം ലഭ്യമാക്കാമോ;

(സി) പ്രവൃത്തി വേഗത്തിൽ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>ജലസേചന വകുപ്പിന്റെ കീഴിലുള്ള കനാൽ ബണ്ട് റോഡുകൾ</u>**

896 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. സുമേഷ് അച്യുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിന്റെ കീഴിലുള്ള കനാൽ ബണ്ട് റോഡുകൾ ശരിയായ രീതിയിൽ ബലപ്പെടുത്തി സംരക്ഷിക്കാത്തതിനാലും കാലപ്പഴക്കത്തിനാലും സൈഡ് കെട്ട് ഇടിഞ്ഞ് വീണ് കനാലിലൂടെയുള്ള സുഗമമായ വെള്ളമൊഴുക്കിനെ തടസ്സപ്പെടുത്തുന്നതും അപകടങ്ങൾ ഉണ്ടാകുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ആയതിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥരുടെ അനാവശ്യമായ ഇടപെടലുകൾ ഒഴിവാക്കുന്നതിനും കനാൽ സൈഡ് കെട്ടി സംരക്ഷിക്കുന്നതിനുള്ള നിയമ നടപടികൾ ലഘൂകരിക്കുവാനും കാലതാമസം കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുവാനും ഇറിഗേഷൻ വകുപ്പ് മുഖേന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**പഴശ്ശി ജലസേചന പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ**

897 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴശ്ശി കനാലിന്റെ കാര-തെളുപ്പ് പ്രദേശത്തെ അണ്ടർ ടണൽ തകർന്ന് ദുരന്തമുണ്ടായതിൽ ടണലിന്റെയും ബണ്ട് റോഡിന്റെയും പുനർനിർമ്മാണ പ്രവൃത്തികൾക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; എത്ര കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് ഇതിനായി തയ്യാറാക്കിയിരിക്കുന്നത്; പ്രസ്തുത തുക അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദമാക്കാമോ;

(ബി) പഴശ്ശി ജലസേചന പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് നടപ്പ് സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പഴശ്ശി ഡാം സുരക്ഷയ്ക്കായി ജീവനക്കാരെ നിയോഗിക്കുന്നത് പരിഗണനയിലുണ്ടോ?

**പഴശ്ശി റിസർവോയറിലെ ഇൻടേക്ക് വെല്ലുകളിൽ അടിഞ്ഞു കൂടിയ മണൽ നീക്കാൻ നടപടി**

898 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴശ്ശി റിസർവോയറിലെ വാട്ടർ അതോറിറ്റിയുടെ ഇൻടേക്ക് വെല്ലുകളിൽ അടിഞ്ഞു കൂടിയ മണൽ നീക്കം ചെയ്യുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

**കുന്നംകുളം വേലൂർ കിടായിച്ചിറ പുനരുദ്ധാരണം**

899 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ വേലൂർ ഗ്രാമപഞ്ചായത്തിൽ കിടായിച്ചിറ പുനരുദ്ധാരണ പ്രവൃത്തികൾക്കായി (സ.ഉ.(സാധാ) നം.32/2023/ ഡബ്ല്യു.ആർ.ഡി.) 3 കോടി രൂപയുടെ ഭരണാനുമതി നൽകി കരാർ വെച്ച പദ്ധതിയുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ്സ് അംഗീകരിച്ചതിനുശേഷം നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിച്ച് വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും വിശദമാക്കാമോ?

**പാലക്കാട്-ആലത്തൂർ നെൽകൃഷിക്ക് ജലവിതരണം**

900 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽനിനോ പ്രതിഭാസം കാരണം പാലക്കാട്-ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെടെ നെൽകൃഷിയുടെ രണ്ടാം വിളയ്ക്ക് ജില്ലയിലെ വിവിധ ജലസംഭരണികളിൽ നിന്നുള്ള ജലവിതരണത്തെപ്പറ്റി നെൽകർഷകർക്കുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിച്ച് നെൽകൃഷിയുടെ രണ്ടാം വിള സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഈ വർഷത്തെ നെൽകൃഷിയുടെ രണ്ടാം വിളയ്ക്ക് പര്യാപ്തമായ ജലം സംഭരണികളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തി നെൽ കർഷകർക്ക് വിളനാശം സംഭവിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ?

**പേരാമ്പ്ര ആവളപ്പാണ്ടിയിലെ കൃഷിയിടങ്ങളിലെ വെള്ളക്കെട്ട്**

901 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ വിവിധ കൃഷിയിടങ്ങളിലും പറമ്പുകളിലും മഴക്കാലത്ത് ജലനിരപ്പ് ഉയർന്ന് വെള്ളം കയറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷിയിടങ്ങളിലേക്ക് വെള്ളം കയറുന്നത് തടയുന്നതിനായി തോടുകൾ, കനാലുകൾ, നീർച്ചാലുകൾ എന്നിവയുടെ ആഴം കൂട്ടുന്നതിനും ശുചീകരിക്കുന്നതിനും സംരക്ഷണഭിത്തികൾ നിർമ്മിക്കുന്നതിനും ഇറിഗേഷൻ വകുപ്പ് മുഖേന പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ആവളപ്പാണ്ടിയിലെ വെള്ളക്കെട്ടിനും കൃഷിയിടങ്ങളിലേക്ക് വെള്ളം കയറുന്നതിനും കാരണമാകുന്ന തോടുകൾ, നീർച്ചാലുകൾ, കനാലുകൾ എന്നിവയുടെ നിലവിലെ സ്ഥിതി പരിശോധിച്ചിട്ടുണ്ടോ; അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭ്യമാക്കാമോ?

**ചിറ്റൂർ മൂലത്തറ ഡാമിൽ നിന്നുള്ള ആർ.ബി. കനാൽ വേലന്താവളം വരെ നീട്ടുന്ന പദ്ധതി**

902 **ശ്രീ. സുമേഷ് അച്യുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജക മണ്ഡലത്തിൽ മൂലത്തറ ഡാമിൽ നിന്നുള്ള ആർ.ബി. കനാൽ വേലന്താവളം വരെ നീട്ടുന്ന പ്രവൃത്തിയ്ക്ക് ആവശ്യമായ മുഴുവൻ സ്ഥലവും അക്വയർ ചെയ്തിട്ടുണ്ടോ;

(ബി) ഇപ്പോൾ പ്രവൃത്തി നടന്നു വരുന്ന പ്രൊജക്റ്റിൽ ആവശ്യമായ മുഴുവൻ സ്ഥലവും അക്വയർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ചെയിനേജ്കളിൽ സ്ഥലം ഏറ്റെടുക്കാൻ ബാക്കിയുണ്ട്; വിശദമാക്കുമോ;

(സി) ആവശ്യമായ മുഴുവൻ സ്ഥലവും ഏറ്റെടുക്കാതെ പ്രവൃത്തി നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രവൃത്തി പൂർത്തിയായ ഭാഗത്ത് കർഷകർക്ക് ആവശ്യത്തിന് വെള്ളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(ഇ) നാളിതുവരെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര കോടി രൂപ ചെലവഴിച്ചു; വിശദാംശം നൽകുമോ?

<u>**മലമ്പുഴ പുതുശ്ശേരി ചെല്ലൻകാവ് മിനിഡാം നിർമ്മാണം**</u>

903 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബജറ്റിൽ നാല് കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) 2025 ഏപ്രിലിൽ ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>**മഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പാർശ്വഭിത്തി സംരക്ഷണ പ്രവർത്തികൾ**</u>

904 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയമസഭാ മണ്ഡലത്തിലെ കടലുണ്ടിപ്പുഴയുടെ തീരങ്ങളിലും പ്രധാന തോടുകളിലും പ്രകൃതിക്ഷോഭം മൂലം കരയിടിച്ചിൽ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഞ്ചേരി നഗരസഭ, പാണ്ടിക്കാട്, തൃക്കലങ്ങോട്, കീഴാറ്റൂർ, എടപ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിലെ പുഴകളുടെയും പ്രധാന തോടുകളുടെയും പാർശ്വഭിത്തികൾ സംരക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പാർശ്വഭിത്തി നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ

എത്ര തുക അനുവദിച്ചുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) തകർന്ന പാർശ്വഭിത്തികൾ പുനർനിർമ്മിക്കുന്നതിനായി സമർപ്പിച്ച നിർദ്ദേശങ്ങളിൽ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ നിർമ്മാണ പുരോഗതിയും വ്യക്തമാക്കാമോ?

## കല്ലടയാറിന്റെ തീരത്തെ സംരക്ഷണഭിത്തി

905 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന താലൂക്ക് ആശുപത്രിയുടെ കല്ലടയാറിനോട് ചേർന്ന ഭാഗത്ത് മണ്ണിടിച്ചിൽ ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്ത് സംരക്ഷണഭിത്തി നിർമ്മിക്കണമെന്ന ആവശ്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ?

## പുഴയോരഭിത്തി നിർമ്മാണം

906 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴയോരഭിത്തി നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ മാനദണ്ഡങ്ങളും വിശദമാക്കുമോ;

(ബി) പുഴയോരഭിത്തി നിർമ്മിക്കുന്നതിന് മുൻഗണന ക്രമം നിശ്ചയിച്ചിട്ടുണ്ടോ, എങ്കിൽ അവയുടെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ നഗരസഭയിൽ പെരിങ്ങത്തൂർ - നാലുതെങ്ങ് തീരദേശ റോഡ് ശക്തമായ കാലവർഷത്തെ തുടർന്ന് 01-08-2026-ന് പകുതിയോളം ഇടിഞ്ഞ് പുഴയെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) അടിയന്തര സാഹചര്യം പരിഗണിച്ച് കൂടുതൽ അപകട സാധ്യതയുള്ള മേഖലയിൽ പുഴയോരഭിത്തി നിർമ്മിക്കുന്നതിന് വേഗത്തിൽ ഫണ്ട് അനുവദിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

**ബേപ്പൂർ നിയോജകമണ്ഡലത്തിൽ കടലാക്രമണം തടയുന്നതിനുള്ള പദ്ധതി**

907 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നവകേരള സദസ്സുമായി ബന്ധപ്പെട്ട് ബേപ്പൂർ നിയോജകമണ്ഡലത്തിൽ കടലുണ്ടി, കടുക്കബസാർ, ഗോതീശ്വരം ഭാഗങ്ങളിലെ കടലാക്രമണം തടയുന്നതിനുള്ള ആകെ ഏഴ് കോടി രൂപയുടെ രണ്ട് പ്രവൃത്തികളുടെ പൂർത്തീകരണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കും; വിശദമാക്കാമോ?

**അഞ്ചുതെങ്ങ് തീരസംരക്ഷണ പദ്ധതികൾ**

908 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുതെങ്ങ് പ്രദേശത്ത് കടൽക്ഷോഭം മൂലം വീടുകളും ഭൂമിയും നഷ്ടപ്പെടുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തീരസംരക്ഷണത്തിനായി നിലവിൽ അനുവദിച്ച പദ്ധതികളും തുകയും എത്രയാണ്; വിശദമാക്കാമോ;

(സി) അതീവ അപകടസാധ്യതയുള്ള പ്രദേശങ്ങളിൽ അടിയന്തര തീരസംരക്ഷണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

**താനൂരിൽ കടൽ സുരക്ഷാ ഭിത്തി നിർമ്മാണം**

909 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ തീരദേശ മേഖലയിലെ കടൽ ക്ഷോഭം പരിഹരിക്കുന്നതിന്റെ ഭാഗമായി കടൽ സുരക്ഷ ഭിത്തി നിർമ്മാണത്തിനായുള്ള ഫണ്ട് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിൽ നിലവിലുള്ള IR2/336/2026-WRD എന്ന ഫയലിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രപ്പോസൽ നബാർഡിലേക്ക് ശിപാർശ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ഉദുമ തൃക്കണ്ണാട് ക്ഷേത്രപരിസരത്തെ കടലാക്രമണം</u>**

910 **ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജക മണ്ഡലത്തിൽ കടൽക്ഷോഭമുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇത് തടയുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) വടക്കേ മലബാറിലെ പാപനാശിനി എന്നറിയപ്പെടുന്ന തൃക്കണ്ണാട് ക്ഷേത്രപരിസരത്തെ കടലാക്രമണം തടയുന്നതിൽ പ്രത്യേക പരിഗണന നൽകി കടൽത്തീരം സംരക്ഷിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

**<u>കാസർഗോഡ് ജില്ലയിലെ കടലാക്രമണം തടയുന്നതിന് നടപടി</u>**

911 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തീരപ്രദേശ കടലാക്രമണം തടയുന്നതിന് നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് പഞ്ചായത്ത് /നഗരസഭ തിരിച്ച് വിശദമാക്കാമോ;

(ബി) ശാസ്ത്രീയമായി കടലാക്രമണം തടയുന്നതിന് എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട്-പാലക്കോട് പുലിമുട്ട് നിർമ്മാണം**

912 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട്-പാലക്കോട് പുലിമുട്ട് നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കും; വിശദമാക്കാമോ?

**കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണ പദ്ധതികൾ**

913 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ പഞ്ചായത്തുകളിൽ കടൽ ഭിത്തി നിർമ്മാണത്തിനായി അനുവദിച്ച 16.30 കോടി അടങ്കൽ വച്ച പ്രവൃത്തിയുടെ നിലവിലെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പദ്ധതി പൂർത്തീകരണത്തിനായി കരാറുകാരന് കാലപരിധി പുതുക്കി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാവും എന്നാണ് നിലവിലുള്ള വിലയിരുത്തൽ എന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ?

**വാടാനപ്പള്ളിയിലെ കടലാക്രമണ ഭീഷണി**

914 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ തീരപ്രദേശത്ത് കടലാക്രമണം മൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രദേശത്തിന്റെ സംരക്ഷണത്തിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) തീരദേശ സംരക്ഷണത്തിനായി ആവശ്യമായ കടൽഭിത്തി നിർമ്മിക്കുന്നതിന് സാങ്കേതിക പരിശോധന നടത്തി പദ്ധതി തയ്യാറാക്കുന്നതിനും ആവശ്യമായ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**വാടാനപ്പള്ളി തീരപ്രദേശത്ത് കടൽഭിത്തി നിർമ്മാണം**

915 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ തീരപ്രദേശം കടലാക്രമണ ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രദേശത്തിന്റെ സംരക്ഷണത്തിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) തീരദേശ സംരക്ഷണത്തിന് ആവശ്യമായ കടൽഭിത്തി നിർമ്മിക്കുന്നതിന് സാങ്കേതിക പരിശോധന നടത്തി പദ്ധതി തയ്യാറാക്കുന്നതിനും ആവശ്യമായ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**മുതലപ്പൊഴിയിലെ അപകടങ്ങൾ**

916 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതലപ്പൊഴിയിൽ നിരന്തരം മത്സ്യബന്ധന യാനങ്ങൾക്ക് അപകടങ്ങൾ ഉണ്ടാകുന്നതും മത്സ്യത്തൊഴിലാളികൾക്ക് ജീവൻ നഷ്ടപ്പെടുന്നതും പരിക്കേൽക്കുന്നതും ഉപകരണങ്ങൾ നശിക്കുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കഴിഞ്ഞ 10 വർഷമായി മുതലപ്പൊഴിയിൽ ഉണ്ടായ അപകടങ്ങളെക്കുറിച്ചും മരണങ്ങളെക്കുറിച്ചും നാശനഷ്ടങ്ങളെക്കുറിച്ചുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) നിരന്തരം ഇങ്ങനെ അപകടങ്ങൾ ഉണ്ടാവാനുള്ള കരണങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; അപകടങ്ങളെ ചെറുക്കുന്നതിനായി പുലിമുട്ട് നിർമ്മിക്കുന്നത് അടക്കമുള്ള പരിഹാര മാർഗ്ഗങ്ങൾ അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലെ റൺവേയിൽ നിന്നും ഉണ്ടാകുന്ന മലവെള്ളപ്പാച്ചിൽ**

917 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലെ റൺവേയിൽ നിന്നുണ്ടായ മലവെള്ളപ്പാച്ചിലിൽ ജനങ്ങൾക്കുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 11.9.2026 ന് മലപ്പുറം ജില്ലാ കലക്ടറേറ്റിൽ നടത്തിയ യോഗത്തെ തുടർന്ന് ഇറിഗേഷൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; അറിയിക്കാമോ;

(ബി) കോഴിക്കോട് വിമാനത്താവളത്തിന്റെ സി.ഇ.ആർ(കോർപ്പറേറ്റ് എൻവിയോൺമെന്റൽ റെസ്പോൺസിബിലിറ്റി) ഫണ്ടിൽ നിന്നും 3.5 കോടി രൂപ ചെലവഴിച്ച് ഡ്രൈനേജ് നിർമ്മിക്കാൻ ഇറിഗേഷൻ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കൊണ്ടോട്ടി മുൻസിപ്പാലിറ്റി പ്രദേശങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടത്തിയ സംയുക്ത പരിശോധനയെ തുടർന്ന് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഡി) വിമാനത്താവളത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള എസ് വളവ് നികത്തുന്നതുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തിയതിനുശേഷം ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

**ഫോർട്ട് കൊച്ചി - മട്ടാഞ്ചേരി ബോട്ട് റൂട്ടിലെ ഡ്രെഡ്ജിംഗ്**

918 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചി - മട്ടാഞ്ചേരി ബോട്ട് റൂട്ടിൽ അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്യുന്നതിനായുള്ള മേജർ ഇറിഗേഷൻ വകുപ്പിന്റെ 'റീച്ച് III' പ്രവൃത്തി ജൂലൈ, ആഗസ്റ്റ് മാസങ്ങളിലും പൂർത്തിയാകാതെ മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡ്രെഡ്ജിംഗ് കൃത്യസമയത്ത് പൂർത്തിയാക്കാത്തത് മൂലം ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവീസുകൾ നിർത്തിവെച്ചിരിക്കുന്ന സാഹചര്യം

പരിഹരിക്കുന്നതിനും കരാർ വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാരനെതിരെയും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത 'റീച്ച് III' ഡ്രെഡ്ജിംഗ് പ്രവൃത്തി എന്ന് പൂർത്തിയാക്കി സാധാരണക്കാരായ യാത്രക്കാർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ബോട്ട് ഗതാഗതം പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഫോർട്ട് കൊച്ചി ബീച്ച് പരിസരത്ത് സ്ഥാപിച്ചിട്ടുള്ള പ്രീ-ഫാബ്രിക്കേറ്റഡ് ശൗചാലയങ്ങൾക്ക് വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ ലഭ്യമാക്കി അവ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## <u>നെയ്യാർ ഇടതുകര കനാൽ</u>

919 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഇടതുകര കനാലിൽ കൃത്യമായ ഇടവേളകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്താത്തതിനാൽ കനാലിനുള്ളിൽ വൃക്ഷങ്ങളും സസ്യങ്ങളും വളരുകയും മാലിന്യങ്ങൾ അടിഞ്ഞുകൂടുകയും ചെയ്തുമൂലം ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുന്നതായും പ്രസ്തുത കനാലിലെ വെള്ളം വണ്ടിച്ചിറ ഉൾപ്പെടെയുള്ള കുടിവെള്ള പദ്ധതികൾക്കായി ഉപയോഗിക്കുന്നതിനാൽ ജലസ്രോതസ്സിന്റെ സംരക്ഷണം ഏറെ പ്രാധാന്യമർഹിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നെയ്യാർ ഇടതുകര കനാലിൽ ആവശ്യമായ രീതിയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി കനാലിലെ ജലത്തിന്റെ സുഗമമായ ഒഴുക്ക് ഉറപ്പാക്കുന്നതിനും കുടിവെള്ള പദ്ധതികൾക്കായി ഉപയോഗിക്കുന്ന ജലത്തിന്റെ ഗുണനിലവാരം സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നെയ്യാർ ഇടതുകര കനാലിന്റെ വിവിധ ഭാഗങ്ങളിൽ കാലാന്തരത്തിൽ പാർശ്വഭിത്തികൾക്ക് വിള്ളൽ സംഭവിച്ചതിനെ തുടർന്ന് കനാലിൽ വെള്ളം തുറന്നുവിടുന്ന സമയത്ത് ചോർച്ചയുണ്ടായി കനാലിന്റെ ഇരുവശങ്ങളിലുമുള്ള വീടുകളിലേക്കും റോഡുകളിലേക്കും വെള്ളം ഒഴുകിയെത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത കനാലിന്റെ പാർശ്വഭിത്തികളിലെ വിള്ളലുകളും മറ്റ് തകരാറുകളും ശാസ്ത്രീയമായി പരിശോധിച്ച് അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി ചോർച്ച ഒഴിവാക്കുന്നതിനും സമീപവാസികളുടെ വീടുകൾക്കും റോഡുകൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) നെയ്യാർ ഇടതുകര കനാലിന്റെ ഭാഗമായ ആര്യങ്കോട് ഗ്രാമപഞ്ചായത്തിലെ തൊട്ടിപ്പാലം നിരവധി വിനോദസഞ്ചാരികൾ എത്തിച്ചേരുന്ന പ്രദേശമായതിനാൽ, പാലത്തിന്റെ നിലവിലുള്ള ചോർച്ച പരിഹരിക്കുന്നതിനും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി കൂടുതൽ സുരക്ഷിതവും ആകർഷകവുമായ രീതിയിൽ മോടിപിടിപ്പിക്കുന്നതിനും പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>കാട്ടാമ്പള്ളി പുനരുദ്ധാരണ പ്രവൃത്തി</u>

920 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ വരുന്ന കാട്ടാമ്പള്ളി പുനരുദ്ധാരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രവൃത്തികൾ മുഴുവനായും പൂർത്തീകരിച്ചിട്ടുണ്ടോ; ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ;

(സി) സിവിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; പുതുക്കിയ ഡി.പി.ആർ. പരിശോധന പൂർത്തിയായിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>കുന്നംകുളം കരിച്ചാൽക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി</u>

921 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കാട്ടകമ്പാൽ ഗ്രാമപഞ്ചായത്തിലെ നൂറടിത്തോട്ടിൽ നിർമ്മിക്കുന്ന കരിച്ചാൽക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് (RCB)ന്റെ നിർമ്മാണ പുരോഗതിയും നിലവിലെ സ്ഥിതയും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പ്രധാന പാലത്തിന്റെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെങ്കിലും അപ്രോച്ച് റോഡ്, പാർശ്വഭിത്തികൾ, ഫൈബർ റീഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് (FRP) ഷട്ടറുകൾ സ്ഥാപിക്കൽ തുടങ്ങിയവ പൂർത്തിയാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(സി) മഴക്കാലവും വെള്ളപ്പൊക്കവും സൃഷ്ടിക്കുന്ന പ്രയാസങ്ങളും അധിക പ്രവൃത്തികളും പരിഗണിച്ച് പുതുക്കിയ എസ്റ്റിമേറ്റിന് അടിയന്തരമായി അനുമതി ലഭ്യമാക്കി പദ്ധതി വേഗത്തിൽ പൂർത്തീകരിച്ച് നാടിന് സമർപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

## <u>ചെല്ലാനത്തെ പുറംബണ്ട് നിർമ്മാണവും ഡ്രെയിനേജ്-മത്സ്യകൃഷി നിയന്ത്രണ പദ്ധതികളും</u>

922 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടകടവ് ഔട്ടർ ബണ്ടിന്റെ നിർമ്മാണത്തിനായി ജലസേചന വകുപ്പ് അനുവദിച്ച 83 ലക്ഷം രൂപ വിനിയോഗിച്ചുള്ള പ്രവൃത്തികളുടെ നിലവിലെ പുരോഗതി എന്താണെന്നും ഇത് എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) ഓപ്പറേഷൻ വാഹിനി പദ്ധതിയിൽ ഉൾപ്പെടുത്തി മറുവകാട് പുറംബണ്ടിനായി അനുവദിച്ച ₹45 ലക്ഷം രൂപയുടെ ടെൻഡർ നടപടികൾ പൂർത്തിയായി പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) തെക്കേ ചെല്ലാനം 14, 15 വാർഡുകളിലെ രൂക്ഷമായ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി പ്രവർത്തനരഹിതമായ 'പെട്ടിയും പറയും' സംവിധാനം അറ്റകുറ്റപ്പണി നടത്തുന്നതിനും പൊഴിച്ചാൽ ശുചീകരണത്തിനുമായി മൈനർ ഇറിഗേഷൻ വിഭാഗം തയ്യാറാക്കിവരുന്ന എസ്റ്റിമേറ്റിന്റെ തൽസ്ഥിതി എന്താണെന്ന് അറിയിക്കാമോ?

## <u>കൊച്ചി മണ്ഡലത്തിലെ കായലുകളിലെയും തോടുകളിലെയും എക്കലും ചെളിയും നീക്കം ചെയ്യുന്ന നടപടി</u>

923 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പളങ്ങി കല്ലഞ്ചേരി കായലിൽ ഇടക്കൊച്ചി-അരൂർ പാലം മുതൽ പെരുമ്പടപ്പ്-കുമ്പളങ്ങി പാലം വരെയും, പെരുമ്പടപ്പ്-കുമ്പളങ്ങി പാലം മുതൽ കണ്ണമാലി വരെയുമുള്ള ഭാഗങ്ങളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനായി തയ്യാറാക്കിയ യഥാക്രമം ₹960 ലക്ഷം, ₹500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുകളിൽ (ഐ ആർ ആർ /ഐ എ /ഇ എസ് ടി /4018/2022_5_1_1, ഐആർആർ/ഐഎ/ഇ എസ് ടി /4020/2022_5_1_1) സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കാമോ; ഡ്രെഡ്ജ് ചെയ്യുന്ന എക്കൽ ദേശീയപാതാ അതോറിറ്റിയുടെ പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച തീരുമാനം ഏത് ഘട്ടത്തിലാണ്; ഇതിൽ അന്തിമ അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ബി) ചെല്ലാനം പഞ്ചായത്തിലെ കളത്തറ-കരി-കണ്ണമാലി കനാലിലെ എക്കൽ നീക്കം ചെയ്യുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിന് (ഐആർആർ/ഐഎ/ഇഎസ് ടി /6969/2025_5_1_1) ബജറ്റ് വിഹിതമില്ലാത്തതിനാൽ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതിയ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; ലഭ്യമായിട്ടുണ്ടെങ്കിൽ അതിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക എത്രയാണെന്നും ഭരണാനുമതി എപ്പോൾ നൽകാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(സി) ചെല്ലാനം പഞ്ചായത്തിലെ മുതലപ്പാലം മുതൽ കണ്ണമാലി ബീച്ച് വരെയുള്ള തോടിന്റെ സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് മുൻപ് അറിയിച്ചിരുന്നതിൽ, നിലവിൽ സ്ഥലപരിശോധന പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ എന്ന് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഷിറിയ റിവർ ട്രെയിനിങ് പ്രവൃത്തി**

924 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഷിറിയ റിവർ ട്രെയിനിങ് പ്രവൃത്തി, പുലിമുട്ട് നിർമ്മാണം എന്നിവ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് നിലവിൽ കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ) അനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്ക് പുതുതായി ധനാനുമതി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ;

(ഡി) മത്സ്യത്തൊഴിലാളികൾക്ക് അത്യന്താപേക്ഷിതമായ പ്രസ്തുത പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**ജലാശയങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ**

925 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ പഞ്ചായത്തിലേയും ഓരോ ജലാശയങ്ങൾ വർഷം തോറും നവീകരിച്ച് സംരക്ഷണ പ്രവൃത്തികൾ നടത്തുന്നതിനായുള്ള പദ്ധതി നിലവിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**ഭൂഗർഭജലനിരപ്പ് സംരക്ഷിക്കാൻ നടപടി**

926 **ശ്രീ. വി. ടി. ബൽറാം**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**
**ശ്രീ. മുഹമ്മദ് ഷിയാസ്**
**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂഗർഭജലനിരപ്പ് സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അമിതമായ ഭൂഗർഭജല ചൂഷണം നിയന്ത്രിക്കാൻ നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുമോ; വിശദമാക്കുമോ;

(സി) മഴവെള്ള സംഭരണം നിർബന്ധമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന്

വ്യക്തമാക്കുമോ?

**എറണാകുളം നഗരത്തിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ**

927 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്ര സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (എസ്.ടി.പി.) എറണാകുളം നഗരത്തിൽ ആരംഭിച്ചുവെന്നും അതിൽ എത്ര എണ്ണം കമ്മീഷൻ ചെയ്തുവെന്നും ഏതൊക്കെ ഫണ്ട് ഉപയോഗിച്ചാണ് അവയുടെ നിർമ്മാണം നടത്തുന്നത് എന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്ലാന്റുകൾ ടെൻഡർ ചെയ്തപ്പോൾ അംഗീകരിച്ച ഡിസൈൻ അനുസരിച്ച് ട്രീറ്റ്മെന്റ് ക്വാളിറ്റിയും ക്വാണ്ടിറ്റിയും എത്രയാണ് എന്ന് വിശദമാക്കാമോ;

(സി) ഇവയിൽ എത്ര സെപ്റ്റേജ് ട്രീറ്റ്മെന്റ് സിസ്റ്റം ഉണ്ടെന്നും അവ പി.സി.ബി ക്വാളിറ്റി അനുസരിച്ച് എത്ര അളവ് മാലിന്യം ട്രീറ്റ് ചെയ്തു പുറം തള്ളുന്നു എന്നും അറിയിക്കാമോ;

(ഡി) ഈ പദ്ധതിയിൽ സാധാരണ പൈപ്പ് ലൈൻ വരുന്നത് എത്ര ആഴത്തിലാണ്, മാൻ ഹോൾ ഡിസൈൻ അളവുകൾ എത്രയാണ് എന്ന് അറിയിക്കാമോ; കൊച്ചി പോലുള്ള വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ ഈ അളവുകളിൽ തന്നെ നിർമ്മാണം നടത്തിയാൽ പണി പൂർത്തി ആകുമ്പോൾ അവ പൂർണ്ണ വിജയം ആകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) പദ്ധതി വർക്കുകൾ ഒരു ടെക്നിക്കൽ ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോ; ഈ പ്രവർത്തികളിൽ നേരിട്ട് പങ്കെടുക്കാത്ത ഒരു ഏജൻസിയെ ഉപയോഗിച്ച് ടെക്നിക്കൽ ഓഡിറ്റിംഗ് നടത്തുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദമാക്കാമോ?

**ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം**

928 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ കണ്ടെത്തി പുതിയ കുഴൽക്കിണറുകൾ അല്ലെങ്കിൽ കുടിവെള്ള

പദ്ധതികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ചിറയിൻകീഴ് മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ വിശദമാക്കാമോ?

**തൃശൂർ പീച്ചി സെക്ഷനു കീഴിലുള്ള 36 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ നവീകരണം**

929 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ പീച്ചി സെക്ഷനു കീഴിലുള്ള 36 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ കെട്ടിടത്തിന് ഏകദേശം 50 വർഷം പഴക്കമുള്ളതും നിലവിൽ അതീവ ശോചനീയവും അപകടകരവുമായ അവസ്ഥയിലാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ അപകടാവസ്ഥ പരിഗണിച്ച് ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) തൃശ്ശൂർ ജില്ലയിലെ കുടിവെള്ളം വിതരണം ചെയ്യുന്ന പ്രധാന ജലശുദ്ധീകരണ പ്ലാന്റിന്റെ നിലവിലെ നവീകരണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

930 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ പെരുന്ന-മുക്കാട്ടുപടി റോഡിൽ പൈപ്പ് മാറ്റുന്നതിന് കിഫ്ബിയിൽ നിന്ന് കെ.ആർ.എഫ്.ബി.ക്ക് ധനാനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറും കിഫ്ബി, കെ.ആർ.എഫ്.ബി. അധികൃതരും തമ്മിൽ പ്രസ്തുത പദ്ധതിയുടെ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തതെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ ആവണി ജംഗ്ഷനിൽ അമൃത് കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിന് എച്ച്.ഡി.ഡി.-ക്ക് പകരം ഓപ്പൺ ട്രെഞ്ച് വഴി പൈപ്പ് ക്രോസ് ചെയ്യുന്നതിനുള്ള സാങ്കേതിക തടസ്സം പരിഹരിക്കാൻ കെ.എസ്.ടി.പി. അധികൃതരുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത റോഡിൽ ഓപ്പൺ ട്രെഞ്ചിലൂടെ പൈപ്പ് ക്രോസ് ചെയ്യുന്ന വിഷയത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി കാരണം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കടമാഞ്ചിറയിൽ പൈപ്പ് ഇടുന്നതിനായി കുഴിച്ച റോഡിന്റെ പ്രശ്നബാധിതമായ ഭാഗങ്ങൾ പൂർവസ്ഥിതിയിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ചൂളപ്പടി-രേവതിപ്പടി റോഡിൽ പൈപ്പ് സ്ഥാപിക്കാൻ പാറ പൊട്ടിച്ചിട്ടിരിക്കുന്നത് മൂലം ഉണ്ടാകുന്ന ഗതാഗതതടസ്സം പരിഹരിക്കുന്നതിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; പൊതുജനങ്ങളുടെ യാത്രാബുദ്ധിമുട്ട് പരിഹരിക്കാൻ അടിയന്തരമായി എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമായി മോർക്കുളങ്ങരയിൽ നിർമ്മിക്കുന്ന 22 എം.എൽ.ഡി. ജലശുദ്ധീകരണശാല പദ്ധതിയുടെ ഭാഗമായ ഉന്നതതല സംഭരണികളുടെയും അനുബന്ധ വിതരണ മെയിനുകളുടെയും പ്രവൃത്തികൾ പലതവണ ടെൻഡർ ചെയ്തിട്ടും ആരും ഏറ്റെടുക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ചങ്ങനാശ്ശേരി നഗരസഭയിലും പരിസര പ്രദേശങ്ങളിലും പതിറ്റാണ്ടുകൾ പഴക്കമുള്ള പൈപ്പുകൾ തുടർച്ചയായി പൊട്ടി കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് പരിഹരിക്കാൻ അമൃത്/സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി ഇവ പൂർണ്ണമായി ഡി ഐ പൈപ്പുകളാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ; ചെറുകരക്കുന്നിൽ നിന്നും പട്ടത്തിമുക്ക് ഭാഗത്തേക്ക് പോകുന്ന 400 എം.എം. പൈപ്പ് മാറ്റി പുതിയ ഡി.ഐ. പൈപ്പ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(എഫ്) മാടപ്പള്ളി പഞ്ചായത്തിലെ കുടിവെള്ളലഭ്യത ഉറപ്പാക്കുന്നതിനായി നെടുങ്ങാടപ്പള്ളിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 4.5 എം എൽ ഡി ജലശുദ്ധീകരണശാലയുടെ പ്രവൃത്തി പലതവണ ടെൻഡർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; മാടപ്പള്ളിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് (ഡബ്ലിയു.റ്റി.പി.) നിർമ്മാണം എന്ന് പുനരാരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ജി) തൃക്കൊടിത്താനം പഞ്ചായത്തിലെ കൊക്കോട്ടുചിറ, പായിപ്പാട് പഞ്ചായത്തിലെ കണ്ണനാട്ടുകുളം എന്നീ സ്രോതസ്സുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് പ്രഷർ ഫിൽറ്ററുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്താനുള്ള നടപടി സ്വീകരിക്കുമോ?

**<u>എറണാകുളം ചേരാനല്ലൂർ പഞ്ചായത്തിലെ ചിറ്റൂർ ഓവർ ഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം</u>**

931 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നവകേരള സദസ്സിൽ ഉയർന്നുവന്ന വികസന പദ്ധതികളിൽ ഉൾപ്പെടുത്തി എറണാകുളം നിയോജക മണ്ഡലത്തിൽ ചേരാനല്ലൂർ പഞ്ചായത്തിലെ ചിറ്റൂർ ഓവർ ഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം നടത്തുന്നതിന് 6 കോടി രൂപ അനുവദിച്ചിരുന്നതിന്റെ നടപടി ക്രമങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ?

**<u>പാലാ കരിമ്പിൻകയം കുടിവെള്ള പദ്ധതി</u>**

932 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ കരിമ്പിൻകയം കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി

പൂർത്തിയാകുന്നതോടെ ഏതെല്ലാം പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടുമെന്ന് കൂടി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ഉദുമ ചെമ്മനാട് പഞ്ചായത്തിൽ കിഫ്ബി കുടിവെള്ള പദ്ധതി**

933 **ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജക മണ്ഡലത്തിലെ ചെമ്മനാട് പഞ്ചായത്തിൽ കിഫ്ബി കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി ഏതു ഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയിൽ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാനാകും എന്ന് അറിയിക്കാമോ?

**നിലമ്പൂർ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

934 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചുങ്കത്തറ, പോത്തുകല്ല്, എടക്കര, വഴിക്കടവ് എന്നീ നാല് ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനു വേണ്ടി ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ കിണർ, പമ്പിംഗ് ലൈൻ എന്നീ പ്രവൃത്തികൾ ഇതിനുമുമ്പ് ആറ് തവണ ടെണ്ടർ ചെയ്തുവെങ്കിലും പലകാരണങ്ങളാൽ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തി ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എഗ്രിമെന്റ് വയ്ക്കുന്നതിലേക്കുള്ള പ്രത്യേക അനുമതി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

**ഭൂഗർഭജല സംരക്ഷണം**

935 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനവും ഭൂഗർഭജലനിരപ്പിലെ വ്യതിയാനങ്ങളും കണക്കിലെടുത്ത് കേരളത്തിലെ നഗരങ്ങളിലും ഗ്രാമങ്ങളിലും ലഭിക്കുന്ന മഴവെള്ളത്തിന്റെ പരമാവധി ഭാഗം റെയിൻ വാട്ടർ ഹാർവസ്റ്റിംഗ്, ഗ്രൗണ്ട് വാട്ടർ റീചാർജ്ജ് സംവിധാനങ്ങളിലൂടെ ഭൂഗർഭജലമായി സംഭരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാനതല കുടിവെള്ള സുരക്ഷാ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി</u>**

936 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ ഇനിയും എത്ര സമയം എടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) നിലവിലെ പദ്ധതിയിലൂടെ ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കാൻ കഴിയുമോ; ഇല്ലെങ്കിൽ മറ്റുള്ളവർക്ക് എന്നത്തേക്ക് ഇത് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**<u>കൂത്തുപറമ്പ് മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ</u>**

937 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിലവിലെ പുരോഗതിയും തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക്

പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

**ഞെക്കാട് വാട്ടർ ട്രീറ്റ്മെന്റ് ഓവർ ഹെഡ് പ്ലാന്റ് പ്രോജക്ട്**

938 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ പ്രോജക്ടിന്റെ ഭാഗമായി ഞെക്കാട് സ്ഥാപിക്കുന്ന വാട്ടർ ട്രീറ്റ്മെന്റ് ഓവർ ഹെഡ് പ്ലാന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച പ്രവൃർത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇനി ഏതെല്ലാം പ്രവൃർത്തികളാണ് അവശേഷിക്കുന്നത്;

(സി) പദ്ധതിയുടെ ഭാഗമായി വാമനപുരം നദിയിൽ കുടിവെള്ള കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കേണ്ടതുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**ഒറ്റപ്പാലം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി**

939 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതികളുടെ നിലവിലുള്ള സ്ഥിതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

**മലമ്പുഴ പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി**

940 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം മലമ്പുഴ പഞ്ചായത്തിലെ കവ, ആനക്കൽ, തെക്കേ മലമ്പുഴ എന്നീ പ്രദേശങ്ങളിലേക്ക് കുടിവെള്ള കണക്ഷൻ എത്തിക്കുന്ന പ്രവൃർത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) മലമ്പുഴയിലേക്കും സമീപ പ്രദേശങ്ങളിലേക്കും ജലവിതരണം നടത്തുന്നതിനായി മലമ്പുഴയിൽ 3 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണി നിർമ്മിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**കോതമംഗലം ആവോലിച്ചാൽ കുടിവെള്ള പദ്ധതി**

941 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ ആവോലിച്ചാൽ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**പുതുക്കാട് മാട്ടുമലയിൽ വാട്ടർ ടാങ്ക് നിർമാണം**

942 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പുതുക്കാട് മണ്ഡലത്തിലെ മാട്ടുമലയിൽ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) തടസ്സങ്ങൾ എന്താണെന്നും അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ കാലാവധി അവസാനിക്കുന്നതിന് മുൻപായി തടസ്സങ്ങൾ നീക്കി നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

**കൊണ്ടോട്ടി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

943 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ ഇതുവരെ കൊണ്ടോട്ടി മണ്ഡലത്തിൽ എത്ര വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി പൂർത്തീകരണത്തിൽ കൊണ്ടോട്ടി മണ്ഡലം കൈവരിച്ച പുരോഗതി വ്യക്തമാക്കാമോ;

(ബി) ജലവിഭവ വകുപ്പിന് കീഴിൽ കൊണ്ടോട്ടി മണ്ഡലത്തിൽ അനുമതി ലഭിച്ച കുടിവെള്ള/നദീസംരക്ഷണ പദ്ധതികളുടെ നിലവിലെ

ഭരണാനുമതിയുടെയും നിർമ്മാണത്തിന്റെയും പുരോഗതി വ്യക്തമാക്കാമോ;

(സി) വേനൽക്കാലത്ത് കടുത്ത കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന കൊണ്ടോട്ടി മണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളിലേക്ക് പുതിയ കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള പദ്ധതികളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>**പാലാ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം**</u>

944 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പുതിയതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>**ശുദ്ധജല വിതരണ പദ്ധതികളുടെ തടസ്സങ്ങളും ജലഗുണനിലവാരവും**</u>

945 **ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കുടിവെള്ള പദ്ധതികളുടെ പമ്പ് ഹൗസുകളിലും പ്ലാന്റുകളിലും ആവശ്യത്തിന് വൈദ്യുതി ലഭ്യമല്ലാത്തത് കാരണം ജലവിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ജല അതോറിറ്റിയുടെ പൈപ്പുകളിലൂടെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ജൽ ജീവൻ മിഷൻ പദ്ധതിക്കായി കുഴിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ

ജില്ലകളിലാണ് പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതെന്ന് വിശദമാക്കാമോ?

**കുടിവെള്ള ലഭ്യതയും ജൽ ജീവൻ മിഷനും**

946 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതി വഴി ഇതുവരെ എത്ര ഗാർഹിക കുടിവെള്ള കണക്ഷനുകൾ പൂർത്തീകരിച്ചിട്ടുണ്ട്; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ട വിഹിതവും റോഡ് പുനരുദ്ധാരണ തുകയും സംബന്ധിച്ച തർക്കങ്ങൾ കാരണം പദ്ധതി നിന്നുപോയ മേഖലകളിൽ പണികൾ പുനരാരംഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) വേനൽക്കാലത്ത് കഠിനമായ കുടിവെള്ളക്ഷാമം നേരിടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകളിൽ കുടിവെള്ളം തടസ്സമില്ലാതെ എത്തിക്കാൻ വാട്ടർ അതോറിറ്റി എന്തെല്ലാം പ്രത്യേക സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(സി) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതികളിൽ അടിക്കടി ഉണ്ടാകുന്ന പൈപ്പ് പൊട്ടലും അതുവഴിയുള്ള കുടിവെള്ള പാഴാകലും തടയുന്നതിന് പഴക്കമുള്ള പ്രധാന വിതരണ പൈപ്പുകൾ മാറ്റാൻ എന്തെങ്കിലും പ്രത്യേക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് പദ്ധതിയുണ്ടോ?

**കുന്ദമംഗലം നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

947 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നിലവിൽ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ജലജീവൻ മിഷൻ പദ്ധതി പ്രകാരം കുന്ദമംഗലം മണ്ഡലത്തിൽ എത്ര ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും ഇനി നൽകാൻ അവശേഷിക്കുന്നവ എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) പൈപ്പ് ലൈൻ ഇടുന്നതിനായി വെട്ടിപ്പൊളിച്ച റോഡുകൾ പുനരുദ്ധരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**<u>പുനലൂർ മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ</u>**

948 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട പുനലൂർ നഗരസഭയ്ക്കും ഗ്രാമപഞ്ചായത്തുകൾക്കും കുടിവെള്ളമെത്തിക്കുന്നതിന് നിലവിലുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികൾ ഏതെല്ലാം പ്രദേശങ്ങൾക്ക് പ്രയോജനപ്പെടുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പുനലൂർ മണ്ഡലത്തിൽ നിലവിൽ ആരംഭിച്ചതും എന്നാൽ നിർമ്മാണം പൂർത്തിയാകാത്തതുമായ കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(സി) പുനലൂർ മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിപ്രകാരം ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

**<u>തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ലഭ്യത</u>**

949 **ശ്രീ. വി. മുരളീധരൻ**
**ശ്രീ. രാജീവ് ചന്ദ്രശേഖർ**
**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ വിശിഷ്യാ പ്രാന്ത പ്രദേശങ്ങളിൽ അനുദിനം വർദ്ധിച്ചുവരുന്ന കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടിവെള്ള ലഭ്യത സംബന്ധമായ തൽസ്ഥിതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) തിരുവനന്തപുരം നഗരത്തിൽ ആവശ്യമായ കുടിവെള്ളത്തിന്റെ 40% മാത്രമേ വിതരണത്തിനായി ലഭ്യമായിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ജില്ലയിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമായി പേപ്പാറ ഡാമിന്റെ സംഭരണശേഷി ഉയർത്തുന്നതിന് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കഴക്കൂട്ടം മേഖലയിലെ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനും കുടിവെള്ള വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി അരുവിക്കരയിൽ അധികമായി ആരംഭിക്കുവാൻ ശിപാർശ ചെയ്തിരുന്ന ജലശുദ്ധീകരണ പ്ലാന്റിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

**കഴക്കൂട്ടം മേഖലയിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് ബദൽ മാർഗ്ഗങ്ങൾ**

950 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പ്രധാന ഐ.ടി വ്യവസായ മേഖലയും മികച്ച തൊഴിൽ മേഖലയും കൂടിയായ കഴക്കൂട്ടം മേഖലയിൽ വളരെ നാളുകളായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ജലദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെക്നോപാർക്കിലെയും പുതിയ ഐ.ടി പാർക്കുകളിലെയും ജലദൗർലഭ്യം മൂലം പല ഐ.ടി കമ്പനികളും പ്രവർത്തനം നിർത്തുവാൻ നിർബന്ധിതരാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം സാമ്പത്തിക, തൊഴിൽ മേഖലകളിൽ സംസ്ഥാനം നേരിടാൻ പോകുന്ന വെല്ലുവിളികൾക്ക് എന്ത് പരിഹാരമാർഗമാണ് മുന്നോട്ടുവയ്ക്കുന്നത് എന്ന് വിശദീകരിക്കാമോ;

(സി) കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് പ്രാദേശികമായി ലഭ്യമായ ജലസ്രോതസ്സുകളായ കുളങ്ങളും കിണറുകളും പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ നയം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ**

951 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിൽ വലിയ കാലതാമസം നേരിടുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതികളുടെ കാലതാമസം ഒഴിവാക്കുന്നതിനും സാങ്കേതിക പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കുടിവെള്ള പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>**കുട്ടനാട് കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം**</u>

952 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി Tranche 24-WRD-025-29 കോഡ് ആയി തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ച 'കുട്ടനാട് കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം' എന്ന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ശുദ്ധജലക്ഷാമം ഏറ്റവും കൂടുതലായി അനുഭവിക്കുന്ന കുട്ടനാടൻ ജനതയ്ക്ക് ആശ്വാസമാകുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഇനി എന്തെല്ലാം നടപടിയാണ് അവശേഷിക്കുന്നതെന്ന് വിശദമാക്കാമോ?

<u>**തിരുവമ്പാടി മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി**</u>

953 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ ജലജീവൻ മിഷൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പല റോഡുകളും വെട്ടിപ്പൊളിച്ച് പൈപ്പുകൾ ഇടുന്ന നടപടി ഇഴഞ്ഞു നീങ്ങുകയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ഏപ്പോൾ കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കുമെന്നും അതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) അടിയന്തരമായി പദ്ധതി പൂർത്തീകരിക്കാനും കുടിവെള്ളം ലഭ്യമാക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ഗതാഗതം സുഗമമാക്കുന്നതിന് പദ്ധതിയുടെ ഭാഗമായി വെട്ടിപ്പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**ഇടക്കൊച്ചി, പള്ളുരുത്തി, മരട്, ഉദയംപേരൂർ മേഖലകളിലെ കുടിവെള്ള ക്ഷാമം**

954 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കൊച്ചി, പള്ളുരുത്തി, മരട്, ഉദയംപേരൂർ മേഖലകളിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരത്തിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലകളിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**ജൽജീവൻ മിഷൻ പ്രവൃത്തികൾ**

955 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് എത്ര കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകി; കണക്ക് ലഭ്യമാക്കാമോ; ഇനി എത്ര കുടുംബങ്ങൾക്ക് കണക്ഷൻ നൽകാനുണ്ട്; എപ്പോൾ പൂർത്തിയാകും; വിശദമാക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എത്ര കുടിവെള്ള പദ്ധതികളാണ് പ്രവർത്തിക്കുന്നത് വിശദമാക്കാമോ; ഇതിൽ പ്രവർത്തിക്കുന്നവ, പ്രവർത്തനരഹിതമായവ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഷൊർണ്ണൂർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികൾ മുഴുവൻ പൂർത്തിയായോ; വിശദമാക്കാമോ; കണക്ഷൻ നൽകിയത് അനുസരിച്ച് എല്ലാവർക്കും കുടിവെള്ളം നൽകാൻ സൗകര്യം പര്യാപ്തമാണോ; വിശദമാക്കാമോ:

(ഡി) സംസ്ഥാനത്തെ ജലാശയങ്ങളിലെ മലിനീകരണം തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; ജലമലിനീകരണം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെയും വ്യക്തികൾക്കെതിരെയും

നടപടികൾ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; കണക്ക് വിശദമാക്കാമോ?

**ഗുരുവായൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ**

956 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിൽ ഗുരുവായൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതി ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളുടെ നിലവിലെ സ്ഥിതിയും പൂർത്തീകരണത്തിനുള്ള സമയവും വ്യക്തമാക്കാമോ?

**വൈപ്പിൻ മണ്ഡലത്തിൽ ദീർഘകാല ജലസുരക്ഷാ മാസ്റ്റർ പ്ലാൻ**

957 **ശ്രീ. ടോണി ചമ്മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിന്റെ ദ്വീപ്-തീരദേശ ഭൂമിശാസ്ത്രവും ജനസംഖ്യാ വർധനയും കാലാവസ്ഥാ വ്യതിയാനവും മൂലമുണ്ടാകാനിടയുള്ള ജലലഭ്യതാ പ്രശ്നങ്ങൾ കണക്കിലെടുത്ത് മണ്ഡലത്തിന്റെ അടുത്ത ഇരുപത് വർഷത്തെ കുടിവെള്ള ആവശ്യകത വിലയിരുത്തി സമഗ്രമായ ദീർഘകാല ജലസുരക്ഷാ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**കുടിവെള്ള വിതരണ ശൃംഖലയുടെ കാലോചിത പരിഷ്കരണം**

958 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. വി. എസ്. ജോയി**
**ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ കുടിവെള്ള വിതരണ ശൃംഖലയുടെ കാലപ്പഴക്കം പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; നിരന്തരമുണ്ടാകുന്ന കുടിവെള്ള പൈപ്പ് പൊട്ടലുകളും ചോർച്ചകളും തടയാൻ സമഗ്ര പദ്ധതി ആവിഷ്ക്കരിക്കുമോ; വ്യക്തമാക്കാമോ;

(ബി) വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ് എന്ന് കണ്ടെത്തി പ്രത്യേക പദ്ധതികൾ മുൻകൂട്ടി നടപ്പാക്കുമോ; വിശദമാക്കാമോ;

(സി) കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; അവ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>എറണാകുളത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടികൾ</u>

959 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ എവിടെയൊക്കെയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; അതിന് കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ വിശദാംശം നൽകുമോ;

(ബി) ഇത് പരിഹരിക്കുന്നതിന് അടിയന്തരമായി ചെയ്യേണ്ട നടപടികളും, ദീർഘകാല അടിസ്ഥാനത്തിൽ ചെയ്യേണ്ട നടപടികളും എന്തൊക്കെയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എറണാകുളം നഗരത്തിലേക്ക് പുതിയ ജലസ്രോതസ്സ് എന്ന നിലയിൽ ആലുവയിൽ പുതുതായി ആരംഭിക്കുന്ന 190 എം.എൽ.ഡി പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് അറിയിക്കുമോ;

(ഡി) തമ്മനം മേഖലയിൽ തകർന്ന ജലസംഭരണി ടാങ്ക് പുനർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികൾ എതുവരെയായി എന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

<u>വാട്ടർ അതോറിറ്റി മുറിച്ച റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടി</u>

960 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കുടിവെള്ള പദ്ധതികളുടെ ഭാഗമായി പൊതുമരാമത്ത്, ഗ്രാമീണ റോഡുകൾ മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡ് റീസ്റ്റോറേഷൻ പ്രവൃത്തി സമയബന്ധിതമായി

പൂർത്തീകരിക്കാത്തതിനാൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാട്ടർ അതോറിറ്റി മുറിച്ച റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പ് ബിറ്റുമിന് അധിക നിരക്ക് നൽകിയതിനു സമാനമായി വാട്ടർ അതോറിറ്റിയിൽ അധിക നിരക്ക് പ്രാബല്യത്തിൽ വരാത്തതിനാൽ റോഡ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കരാറുകാർക്ക് കഴിയാത്ത സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ കുടിവെള്ള വിതരണവും കുടിവെള്ളക്ഷാമവും</u>

961 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് കേരള വാട്ടർ അതോറിറ്റിയുടെ വെള്ളം എത്താത്തത് മൂലം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതെന്ന് അറിയിക്കാമോ;

(ബി) കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കേരള വാട്ടർ അതോറിറ്റിയുടെ വെള്ളം എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കുടിവെള്ള വിതരണത്തിനായുള്ള പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ പൊളിക്കുമ്പോൾ എത്ര ദിവസത്തിനകമാണ് റീസ്റ്റോറും ടാറിങ്ങും ചെയ്യേണ്ടതെന്ന് വ്യക്തമാക്കാമോ; ഇതിൽ വീഴ്ച വരുന്നതുമൂലം റോഡുകൾ തകരുകയും ജനകീയ പ്രക്ഷോഭങ്ങളുണ്ടാവുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ നാട്ടിക കുടിവെള്ള പദ്ധതിയുടെ ഭാഗമായി കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത്

അനന്തമായി നീണ്ടുപോകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>വാമനപുരം നദി അടിസ്ഥാനമാക്കിയുള്ള കുടിവെള്ള വിതരണ പദ്ധതികൾ</u>**

962 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നദിയിൽ നിന്ന് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയിട്ടുള്ള വിവിധ കുടിവെള്ള പദ്ധതികൾ വഴി ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് നിലവിൽ കുടിവെള്ള വിതരണം നടത്തുന്നതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് പ്രതിദിനം എത്ര ലിറ്റർ വെള്ളം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നും എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ പലയിടങ്ങളിലും ജനങ്ങൾക്ക് ആഴ്ചയിൽ ഒരു ദിവസം മാത്രമായി വെള്ളം ലഭിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനാൽ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും പൂർണ്ണതോതിൽ കുടിവെള്ള വിതരണം നടത്തുന്നതിനും നിലവിൽ തടസ്സമായിനിൽക്കുന്ന കാരണങ്ങൾ എന്തെല്ലാമാണെന്നും ഇവ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമവും ഭാവിയിലെ വർധിച്ച ആവശ്യകതയും പരിഗണിച്ച് 24 മണിക്കൂറും ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ വാമനപുരം നദി കേന്ദ്രീകരിച്ച് പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) വേനൽക്കാലത്തും ആവശ്യത്തിന് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി വാമനപുരം നദിയിൽ അരുവിപ്പുറത്തോ സമീപ പ്രദേശങ്ങളിലോ കുടിവെള്ളാവശ്യത്തിനായി മാത്രം ജലം സംഭരിച്ചു നിർത്തുന്ന രീതിയിലുള്ള ഡാം നിർമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനങ്ങളോ പരിശോധനകളോ നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>വെള്ളനാട് കുളക്കോട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്</u>**

963 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിൽ കുളക്കോട് എന്ന സ്ഥലത്ത് കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള 22 സെന്റ് ഭൂമിയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്ന നടപടി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; ഇത് സ്ഥാപിക്കുകയാണെങ്കിൽ പ്രസ്തുത പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുമെന്നതിനാൽ കാലതാമസം കൂടാതെ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>നെടുമങ്ങാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ പുരോഗതി</u>**

964 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് മണ്ഡലത്തിലെ മുനിസിപ്പാലിറ്റിയിലും വിവിധ പഞ്ചായത്തുകളിലുമായി ഭരണാനുമതി ലഭിച്ച ജൽ ജീവൻ മിഷൻ, അർബൻ അഗ്ളോമറേഷൻ ഉൾപ്പെടെയുള്ള മുഴുവൻ കുടിവെള്ള പദ്ധതികളിലും കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനു ശേഷം കൈവരിച്ച പുരോഗതി പദ്ധതി തിരിച്ച് വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് മണ്ഡലത്തിലെ മുനിസിപ്പാലിറ്റിയിലും വിവിധ പഞ്ചായത്തുകളിലും നിലവിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വാർഡ് അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി തരംതിരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രദേശങ്ങളുടെ വിവരം ലഭ്യമാക്കുമോ;

(സി) വെമ്പായം, പോത്തൻകോട്, കരകുളം, മാണിക്കൽ തുടങ്ങിയ പഞ്ചായത്തുകളിൽ മിക്കയിടങ്ങളിലും ആഴ്ചയിൽ ഒരു ദിവസം പോലും വെള്ളം ലഭിക്കാത്തവിധം ജനങ്ങൾ നേരിടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹരിക്കുന്നതിന് എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(ഡി) മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്ത കുടിവെള്ള പദ്ധതികൾ ഏതെങ്കിലും ഉണ്ടെങ്കിൽ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാതിരിക്കാനുള്ള തടസ്സങ്ങളും കാരണങ്ങളും വിശദമാക്കാമോ;

(ഇ) പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും, വൈകുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി പ്രദേശവാസികൾക്ക് കുടിവെള്ള വിതരണം വേഗത്തിൽ ഉറപ്പാക്കുന്നതിനും സ്വീകരിച്ചുവരുന്ന അടിയന്തര നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## പട്ടാമ്പി റവന്യൂ ടവർ നിർമ്മാണം

965 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നിർമ്മാണ ചുമതല നൽകിയിരുന്ന പട്ടാമ്പി റവന്യൂ ടവർ നിർമ്മാണത്തിൽ KSHB സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തതിനുള്ള കാരണം എന്താണെന്നും അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

## ഗൃഹശ്രീ ഭവന പദ്ധതി

966 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം ഹൗസിംഗ് ബോർഡ് സംസ്ഥാനത്ത് ഇതുവരെ എത്ര വീടുകളാണ് നിർമ്മിച്ച് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഗൃഹശ്രീ പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണം അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി പ്രകാരം സ്പോൺസർ തുക അടച്ചതിനു ശേഷം അത് റദ്ദാക്കാൻ അപേക്ഷ നൽകിയ ഉപഭോക്താക്കൾക്ക് പണം തിരികെ നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഗൃഹശ്രീ പദ്ധതി പ്രകാരം കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നിന്നും ആകെ എത്ര ഉപഭോക്താക്കളാണ് അപേക്ഷ നൽകിയിട്ടുള്ളത്; ഇതിൽ എത്രപേർക്കാണ് വീട് നിർമ്മിച്ച് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; സ്പോൺസർ തുക അടച്ചതിനു ശേഷം അപേക്ഷ റദ്ദാക്കുന്നതിനായി എത്രപേർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അവരുടെ വിവരങ്ങൾ ലഭ്യമാക്കാമോ; അപേക്ഷ റദ്ദാക്കിയവർക്ക് പണം തിരികെ നൽകുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിന് ഇടയാക്കിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

**<u>കൊച്ചി മറൈൻ ഇക്കോ സിറ്റി പദ്ധതി</u>**

967 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**

**പ്രൊഫ. സി. രവീന്ദ്രനാഥ്**

**ശ്രീ. കെ. കെ. രാമചന്ദ്രൻ**

**ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനിർമ്മാണ ബോർഡിന്റെ കൊച്ചി മറൈൻ ഇക്കോ സിറ്റി പദ്ധതിയിൽ നിന്ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഷണൽ ബിൽഡിംഗ്സ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഇന്ത്യ ലിമിറ്റഡ് (എൻ.ബി.സി.സി. )-യെ ഒഴിവാക്കാൻ എടുത്ത തീരുമാനം റദ്ദാക്കിയിരുന്നോ; എങ്കിൽ റദ്ദാക്കിയതിന്റെ കാരണം വിശദമാക്കാമോ; റദ്ദാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണവും വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിക്കായി ഒപ്പുവച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിന് നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഡി) എൻ.ബി.സി.സി. ഇന്ത്യ ലിമിറ്റഡ് -നെ ഒഴിവാക്കി സ്വകാര്യ കമ്പനിയെ പി.എം.സി ചുമതല ഏൽപ്പിക്കാൻ നീക്കം നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>കുറ്റിപ്പാലയിൽ കേരള ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന ഫ്ലാറ്റ്</u>**

968 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മുക്കം മുൻസിപ്പാലിറ്റിയിലെയും സമീപ പഞ്ചായത്തുകളിലെയും 44 കുടുംബങ്ങൾക്കായി മുക്കം കുറ്റിപ്പാലയിൽ കേരള ഹൗസിംഗ് ബോർഡ് 5.45 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ഫ്ലാറ്റിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഫ്ലാറ്റിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>കോന്നി മെഡിക്കൽ കോളേജിൽ ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം</u>**

969 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മെഡിക്കൽ കോളേജിൽ രോഗികളുടെ കൂട്ടിരിപ്പുകാർക്കായി ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന ഭരണാനുമതി ലഭിച്ച ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>മാട്ടുമലയിലെ പാർപ്പിട സമുച്ചയം നിർമ്മാണം</u>**

970 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ പുതുക്കാട് ഗ്രാമപഞ്ചായത്തിലെ മാട്ടുമലയിലെ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവർക്കായി ത്രിതല ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനായുള്ള

പ്രൊപ്പോസലിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാർപ്പിട പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>അൻപ് വീട് പദ്ധതിയുടെ വിപുലീകരണ നടപടികൾ</u>**

971 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അൻപ് വീട് പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതിയും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന പ്രക്രിയയും വ്യക്തമാക്കുമോ?

**<u>ഭിന്നശേഷിക്കാർ,ട്രാൻസ്ജെൻഡറുകൾ,പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമവും പുനരധിവാസവും</u>**

972 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ സമഗ്ര പുനരധിവാസം, വിദ്യാഭ്യാസം, തൊഴിൽ അവസരങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനായി നടപ്പിലാക്കി വരുന്ന അനുയാത്ര, പരിരക്ഷ, സഹജീവം തുടങ്ങിയ പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പുകൾ, സഹായ ഉപകരണങ്ങൾ ലഭ്യമാക്കൽ, മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവയുടെ നിലവിലെ സ്ഥിതി എന്താണെന്നും ഇവയുമായി ബന്ധപ്പെട്ട കുടിശ്ശിക തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) ഭിന്നശേഷി പുനരധിവാസ കേന്ദ്രങ്ങളുടെയും കെയർ ഹോമുകളുടെയും പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും കൃത്യമായ മേൽനോട്ടവും ഫണ്ട് വിതരണവും ഉറപ്പാക്കുന്നതിനും എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഭിന്നശേഷിക്കാർക്കും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും നൽകുന്ന വിവിധ ക്ഷേമ പദ്ധതികൾ തടസ്സമില്ലാതെ

നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം പ്രത്യേക നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(ഇ) ട്രാൻസ്ജെൻഡർ വ്യക്തികളുടെ പുനരധിവാസം, സ്വയംതൊഴിൽ കണ്ടെത്തൽ, വിദ്യാഭ്യാസം, ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സാമ്പത്തിക സഹായം (മഴവില്ല് പദ്ധതി) എന്നിവയ്ക്കായി നിലവിൽ നൽകിവരുന്ന സഹായങ്ങളുടെ വിശദാംശങ്ങളും പ്രസ്തുത പദ്ധതികളുടെ പുരോഗതിയും വ്യക്തമാക്കാമോ?

<u>**സാമൂഹ്യനീതി വകുപ്പിന്റെ സാമ്പത്തിക വിനിയോഗം**</u>

973 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെ സാമൂഹ്യനീതി വകുപ്പിന് ലഭിച്ചിട്ടുള്ള സംസ്ഥാന ബഡ്ജറ്റ് വിഹിതം എത്രയായിരുന്നുവെന്നും അതിൽ എത്ര രൂപ പ്രതിവർഷം വിനിയോഗിച്ചുവെന്നുമുള്ള വിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2016 മുതൽ 2026 വരെ വകുപ്പിന് ലഭിച്ചിട്ടുള്ള സംസ്ഥാന ബഡ്ജറ്റ് വിഹിതം ഓരോ ജില്ലയിലും വിനിയോഗിച്ചതിന്റെ വിവരം സാമ്പത്തിക വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(സി) 2016 മുതൽ 2026 വരെ വകുപ്പിന് കേന്ദ്രസർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ചിട്ടുള്ള സാമ്പത്തിക സഹായവും വായ്പകളും എത്രയാണെന്ന വിവരം സാമ്പത്തിക വർഷം തിരിച്ചു ലഭ്യമാക്കാമോ;

(ഡി) 2016 മുതൽ 2026 വരെ വകുപ്പിന് കേന്ദ്രസർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ചിട്ടുള്ള സാമ്പത്തിക സഹായവും വായ്പകളും എപ്രകാരം വിനിയോഗിച്ചു എന്ന വിവരം സാമ്പത്തിക വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ഇ) സാമൂഹിക നീതി വകുപ്പിന് സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും അനുവദിച്ചിരുന്ന ഫണ്ടുകളിൽ 2016 മുതൽ 2026 വരെ വിനിയോഗിക്കാതെ നഷ്ടപ്പെട്ടു പോവുകയോ തിരിച്ചടയ്ക്കുകയോ ചെയ്തിട്ടുള്ള ഫണ്ടുകളുടെ വിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) സാമൂഹിക നീതി വകുപ്പ് 2016 മുതൽ 2026 വരെ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച സ്ഥാപനങ്ങളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

**കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ**

974 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹിക സുരക്ഷാ മിഷനും സാമൂഹ്യനീതി വകുപ്പും മുഖേന സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലുള്ള അർഹരായ വ്യക്തികൾക്ക് ധനസഹായം നൽകുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഓരോ പദ്ധതിയും ആരംഭിച്ച വർഷം, പദ്ധതിയുടെ ഉദ്ദേശ്യം, അർഹതാ മാനദണ്ഡങ്ങൾ, ഒരു ഗുണഭോക്താവിന് അനുവദിക്കുന്ന ധനസഹായത്തിന്റെ നിരക്ക് എന്നിവ വ്യക്തമാക്കാമോ;

(സി) 2021-22 മുതൽ 2025-26 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തിലും ഓരോ പദ്ധതിക്കും അനുവദിച്ച തുക, ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ പദ്ധതി തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളിൽ നിലവിൽ ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ്; വിഭാഗം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഇ) ധനസഹായം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച് അർഹത നേടിയിട്ടും നിലവിൽ ധനസഹായം ലഭിക്കാതെ കുടിശ്ശികയിലുള്ള അപേക്ഷകളോ ഗുണഭോക്താക്കളോ ഉണ്ടോ; എങ്കിൽ, ജില്ല തിരിച്ചും പദ്ധതി തിരിച്ചും അവരുടെ എണ്ണം, കുടിശ്ശികയായ കാലയളവ്, നൽകാനുള്ള ആകെ തുക എന്നിവ വ്യക്തമാക്കാമോ;

(എഫ്) ധനസഹായ വിതരണത്തിലെ കാലതാമസം പരിഹരിക്കുന്നതിനും അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും സമയബന്ധിതമായി ധനസഹായം ലഭ്യമാക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിലെ വികസന ക്ഷേമപ്രവർത്തനങ്ങൾ**

975 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കിവരുന്ന വികസന ക്ഷേമപ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ?

**<u>ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**

976 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ സാമൂഹികനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും, ഉപപദ്ധതികളും ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>സാമൂഹ്യ നീതി വകുപ്പ് ഭിന്നശേഷിക്കാർക്ക് നടപ്പിലാക്കുന്ന പദ്ധതികൾ</u>**

977 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പ് ഭിന്നശേഷിക്കാർക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയിലും നിലവിൽ എത്ര മാസത്തെ കുടിശ്ശികയാണുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശികയായിട്ടുള്ള തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പദ്ധതി പ്രകാരമുള്ള തുക കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>സമാശ്വാസം പദ്ധതി</u>**

978 **ശ്രീ. പി. കെ. ഫിറോസ്**

**ശ്രീ. ടി. പി. അഷ്റഫലി**

**ശ്രീ. കല്ലട മാഹിൻ**

**ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) ഏതെല്ലാം രോഗബാധിതർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് പ്രതിമാസ ധനസഹായത്തുക നൽകുന്നതിന് കുടിശ്ശിക വരുത്തിയിരുന്നോ; എങ്കിൽ എത്ര തുകയാണ് കുടിശ്ശികയുള്ളതെന്ന് അറിയിക്കുമോ?

**<u>അൻപ് വീട് പദ്ധതി</u>**

979 **ശ്രീ. പി .എം. എ. സമീർ**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിഭാഗക്കാർക്കായി ആരംഭിക്കുന്ന അൻപ് വീട് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതെക്കെ ഏജൻസികളുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ഒരേ സമയം എത്ര അന്തേവാസികളെ അൻപ് വീട്ടിൽ പാർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) അന്തേവാസികളുടെ ദൈനംദിന ചെലവുകൾക്കുള്ള സാമ്പത്തിക സ്രോതസ്സ് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഇ) അൻപ് വീട്ടിൽ ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>സാമൂഹ്യനീതി വകുപ്പിന്റെ വിവിധ ക്ഷേമപദ്ധതികൾ</u>**

980 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അർഹരായ എല്ലാവരിലേക്കും എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ഭിന്നശേഷിക്കാർക്ക് ഡിജിറ്റൽ സേവനങ്ങളും സർക്കാർ ഓൺലൈൻ സംവിധാനങ്ങളും എളുപ്പത്തിൽ ഉപയോഗിക്കാനും മനസ്സിലാക്കാനും പ്രാപ്തരാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിക്കുമോ; വിശദമാക്കാമോ;

(സി) സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

<u>**സാമൂഹ്യക്ഷേമ പദ്ധതികൾ**</u>

981 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016ലെ സർക്കാർ അധികാരമേൽക്കുമ്പോൾ സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലുണ്ടായിരുന്ന ക്ഷേമ പദ്ധതികൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) 2016 മുതൽ 2026 വരെയുള്ള വർഷങ്ങളിൽ വിവിധ ക്ഷേമ പദ്ധതികൾ വഴി ആനുകൂല്യം നേടിയ ഗുണഭോക്താക്കളുടെ എണ്ണവും വിതരണം ചെയ്ത ആകെ തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ കാലയളവിൽ ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനം നിലച്ചുപോയതോ ആയ പദ്ധതികൾ ഏതെല്ലാം; നിലച്ചു പോയതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ സർക്കാർ പുതുതായി ആവിഷ്കരിച്ച ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്നും അവ ആരംഭിച്ചതു മുതലുള്ള ഗുണഭോക്താക്കളുടെ എണ്ണവും ആകെ വിതരണം ചെയ്ത തുക എത്രയാണെന്നും അറിയിക്കാമോ?

<u>**കുട്ടികളുടെ ചികിത്സാ സഹായത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ**</u>

982 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ കുട്ടികളുടെ ചികിത്സാ സഹായത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പ്രസ്തുത പദ്ധതികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>കോതമംഗലം നിയോജകമണ്ഡലത്തിലെ സ്മാർട്ട് അംഗനവാടികൾ</u>**

983 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ എത്ര സ്മാർട്ട് അംഗനവാടികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിയോജകമണ്ഡലത്തിലെ മുഴുവൻ അംഗനവാടികളും സ്മാർട്ട് ആക്കി മാറ്റുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

**<u>ഭിന്നശേഷി വിദ്യാർഥികളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ ലഘൂകരിക്കൽ</u>**

984 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്തിലെയും എത്ര ഭിന്നശേഷി വിദ്യാർഥികൾക്കാണ് ദിനംപ്രതി സാനിറ്ററി പാഡുകൾ ഉപയോഗിക്കേണ്ടിവരുന്നതെന്നതിന്റെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ എത്ര ഭിന്നശേഷി വിദ്യാർഥികൾക്കാണ് ദിനംപ്രതി സാനിറ്ററി പാഡുകൾ ഉപയോഗിക്കേണ്ടിവരുന്നതെന്ന കണക്കുകൾ ലഭ്യമാണോ; ഇതിന്റെ ഭാരിച്ച ചെലവും ഉപയോഗിച്ച സാനിറ്ററി പാഡുകൾ സംസ്കരിക്കുന്നതിനുള്ള ഇൻസിനറേറ്ററുകളുടെ അഭാവവും മൂലം ഭിന്നശേഷി വിദ്യാർഥികളുടെ അമ്മമാർ ദുരിതമനുഭവിക്കുന്നതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ദിനംപ്രതി മൂന്നോ നാലോ സാനിറ്ററി പാഡുകൾ ഉപയോഗിക്കുന്ന ഭിന്നശേഷി വിദ്യാർഥികൾക്ക് സൗജന്യമായി സാനിറ്ററി പാഡുകളും അവ സംസ്കരിക്കുന്നതിനുള്ള ഇൻസിനറേറ്ററുകളും നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷി വിദ്യാർഥികൾക്ക് വിവിധ തരത്തിലുള്ളതും അനുയോജ്യവുമായ നൈപുണ്യ വികസനത്തിന് പദ്ധതികൾ ആവിഷ്കരിക്കുമോ?

<u>**സമഗ്ര ഭിന്നശേഷി പുനരധിവാസ കേന്ദ്രങ്ങൾ**</u>

985 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. എം. റഹ്മത്തുള്ള**
**ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ സമഗ്ര ഭിന്നശേഷി പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മലപ്പുറം ആതവനാട് ഗ്രാമപഞ്ചായത്തിൽ നിർമ്മാണം ആരംഭിച്ച സമഗ്ര ഭിന്നശേഷി പുനരധിവാസ കേന്ദ്രത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രം എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ?

<u>**ഭിന്നശേഷി വിഭാഗത്തിന്റെ ശാരീരിക മാനസിക ആരോഗ്യം ഉറപ്പാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടി**</u>

986 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് അറിയിക്കാമോ;

(ബി) ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 01.09.2026 ന് ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരം വകുപ്പ് സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത യോഗ തീരുമാനപ്രകാരം സി.ഡി.എം.ആർ.പി.(കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ പ്രോഗ്രാം) പദ്ധതി സംസ്ഥാനവ്യാപകമായി വ്യാപിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) സി.ഡി.എം.ആർ.പി, എം.ഐ.യു.(മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) ക്ലിനിക്കുകൾ എന്നിവ സംയോജിപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) സി.ഡി.എം.ആർ.പി. പ്രോജക്ടിന് വകുപ്പ് ധനസഹായം നൽകുന്നതിൽ നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് അറിയിക്കാമോ?

<u>ഒല്ലൂർ മണ്ഡലത്തിലെ ഭിന്നശേഷിക്കാർക്കുള്ള ക്ഷേമപദ്ധതികൾ</u>

987 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര ഭിന്നശേഷിക്കാർ സാമൂഹ്യനീതി വകുപ്പിന്റെ വിവിധ ക്ഷേമപദ്ധതികളിൽ ഗുണഭോക്താക്കളായിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിശദമായ കണക്ക് ലഭ്യമാക്കാമോ;

(ബി) ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ, സഞ്ചാരസഹായികൾ, തൊഴിൽ പരിശീലനം, സ്വയംതൊഴിൽ ധനസഹായം എന്നിവ നൽകുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഒല്ലൂർ മണ്ഡലത്തിൽ പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; അപേക്ഷ നൽകിയിട്ടും ആനുകൂല്യം ലഭിക്കാത്തവരുടെ എണ്ണം ലഭ്യമാക്കാമോ;

(ഡി) അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**ഭിന്നശേഷിക്കാർക്കുള്ള വിവിധപദ്ധതികളിലെ അപേക്ഷ തീർപ്പാക്കുന്നത്**

988 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണ വിതരണ പദ്ധതി, വിദ്യാകിരണം, വിദ്യാജ്യോതി, സ്വാശ്രയ, സ്നേഹയാനം, സഹജീവനം എന്നീ പദ്ധതികളിൽ എത്ര അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ; തീർപ്പാക്കാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**വയോജനക്ഷേമ വകുപ്പ് രൂപീകരിച്ചതിനെത്തുടർന്ന് സാമൂഹ്യനീതി വകുപ്പിന്റെ ഘടനയിൽ വന്ന മാറ്റങ്ങൾ**

989 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനക്ഷേമ വകുപ്പ് രൂപീകരിച്ചതിനെത്തുടർന്ന് സാമൂഹ്യനീതി വകുപ്പിന്റെ ഘടനയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വയോജനക്ഷേമ വകുപ്പ് രൂപീകരിച്ചതിനെത്തുടർന്ന് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽനിന്ന് വയോജനക്ഷേമ വകുപ്പിലേക്ക് മാറ്റിയ പദ്ധതികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥ ഘടന ഏത് ക്രമത്തിലാണ് പുനഃക്രമീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) വയോജനക്ഷേമ വകുപ്പിൽ ഏതെങ്കിലും കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയതെന്ന് വിശദമാക്കാമോ?

**കാൻസർ ബാധിതർക്കായി നടപ്പാക്കി വരുന്ന പദ്ധതികൾ**

990 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ ബാധിതർക്കായി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ**

991 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന മുഴുവൻ പദ്ധതികളുടെയും വിവരം ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിക്കുമുള്ള യോഗ്യത മാനദണ്ഡങ്ങൾ, അനുവദിക്കുന്ന ധനസഹായത്തിന്റെ തുക, അപേക്ഷ സമർപ്പിക്കേണ്ട വിധം, അപേക്ഷയിൽ സമർപ്പിക്കേണ്ട രേഖകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

**മുതലപ്പൊഴി ഹാർബറിലെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

992 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി ഹാർബറിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി നിലവിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) പുലിമുട്ട്, ഡ്രെഡ്ജിംഗ്, ചാനൽ ആഴം കൂട്ടൽ, നാവിഗേഷണൽ സേഫ്റ്റി സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ശാശ്വത പരിഹാരത്തിനായി വിദഗ്ധ സമിതിയുടെ ശുപാർശകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

**ഉണ്യാൽ സ്റ്റേഡിയം**

993 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഉണ്യാൽ സ്റ്റേഡിയത്തിന്റെ പരിപാലന ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ; സ്റ്റേഡിയം നിർമ്മാണത്തോടനുബന്ധിച്ച് നിർമ്മിച്ച ഷോപ്പിങ്ങ് കോംപ്ലക്സിലെ മുറികൾ വാടകക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത മുറികൾ വാടകക്ക് നൽകുന്നതിൽ തടസ്സമെന്തെങ്കിലും നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയവും ഹോസ്റ്റലും പ്രയോജനപ്രദമാക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) സ്റ്റേഡിയം പരിപാലനത്തിനും മേൽനോട്ടത്തിനുമായി ഏതെങ്കിലും ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; സ്റ്റേഡിയം പൊതുജനങ്ങൾക്കും മറ്റുമായി വിട്ടു നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

<u>മത്സ്യലഭ്യതയിലുണ്ടാകുന്ന കുറവ്</u>

994 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**

**ശ്രീ. മുഹമ്മദ് മുഹസിൻ**

**ശ്രീ. സി. അജയപ്രസാദ്**

**ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകത്തെ ഏറ്റവും പ്രധാന മത്സ്യബന്ധന മേഖലയായ കേരളതീരത്ത് മത്സ്യലഭ്യതയിൽ പ്രതിവർഷം തുടർച്ചയായി കുറവ് സംഭവിക്കുന്ന സാഹചര്യം ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സമുദ്രമത്സ്യലഭ്യതയിൽ കുറവുണ്ടാകുന്നതിന് കാരണമായ ഏതെല്ലാം തരത്തിലുള്ള പ്രതികൂല സാഹചര്യങ്ങളാണ് കേരളം നേരിടുന്നതെന്ന് വിശദീകരിക്കുമോ;

(സി) എൽനിനോ പോലെയുള്ള കാലാവസ്ഥാ പ്രതിഭാസങ്ങൾ ഏതെല്ലാം തരത്തിൽ മത്സ്യബന്ധന മേഖലയെ ബാധിക്കുന്നു എന്നത് സംബന്ധിച്ച സമഗ്ര പഠനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് ലഭ്യമാകുന്ന കടൽമത്സ്യത്തിന്റെ 40 ശതമാനവും ലഭിക്കുന്ന ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിലും

മത്സ്യലഭ്യതയിലുണ്ടാകുന്ന കുറവുമൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികൾ വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ?

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമം**

995 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം മൂലം മത്സ്യത്തൊഴിലാളികളുടെ വീടുകൾക്കും സ്വത്തിനും ഉണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിൽ നിലവിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്;

(ബി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളും നിലവിൽ കുടിശ്ശികയുണ്ടോ; കുടിശ്ശികയുള്ള ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കാമോ;

(സി) കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ടോ; പദ്ധതികൾ വ്യക്തമാക്കാമോ;

(ഡി) തീരപ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിനായി നിലവിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിക്കും അനുവദിച്ച തുക; നിലവിലെ പുരോഗതി; പൂർത്തീകരണ സമയപരിധി എന്നിവ വ്യക്തമാക്കുമോ?

**ജില്ലാതലത്തിൽ സംയോജിത മത്സ്യ സംസ്കരണ - മൂല്യവർദ്ധിത കേന്ദ്രങ്ങൾ**

996 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ലഭിക്കുന്ന മത്സ്യത്തിന്റെ സംസ്കരണം, ശീതീകരണം, മൂല്യവർധിത ഉൽപ്പന്ന നിർമ്മാണം, ബ്രാൻഡിംഗ്, കയറ്റുമതി എന്നിവയിലൂടെ കൂടുതൽ മൂല്യം ഉറപ്പാക്കുന്നതിനും അതിന്റെ പ്രയോജനം നേരിട്ട് മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾക്കും ലഭിക്കുന്നതിനുമായി ജില്ലാതലത്തിൽ സംയോജിത മത്സ്യ സംസ്കരണ - മൂല്യവർദ്ധിത കേന്ദ്രങ്ങൾ (ഇന്റഗ്രേറ്റഡ് ഫിഷ് പ്രോസസ്സിംഗ് & വാല്യൂ അഡിഷൻ സെന്റേഴ്സ്) സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ആധുനിക മത്സ്യബന്ധനവും**

997 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി നിലവിലുള്ള ഇൻഷ്വറൻസ്, സുരക്ഷാ ഉപകരണങ്ങൾ, ആധുനികവൽക്കരണ പദ്ധതികൾ എന്നിവയ്ക്കൊപ്പം കടലിൽ അപകടസാധ്യത മുൻകൂട്ടി അറിയിക്കുന്ന സാങ്കേതിക സംവിധാനങ്ങൾ, കാലാവസ്ഥാ മുന്നറിയിപ്പ്, ജി.പി.എസ് / കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ എന്നിവ എല്ലാ പരമ്പരാഗത മത്സ്യബന്ധനയാനങ്ങളിലേക്കും ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതിന് പ്രത്യേകപദ്ധതി ആവിഷ്കരിക്കുമോയെന്ന് വിശദമാക്കാമോ?

**മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി**

998 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം ലഭിക്കുന്ന സബ്സിഡി മണ്ണെണ്ണയുടെ അളവ് എത്രയാണെന്നും മണ്ണെണ്ണയുടെ സബ്സിഡി അവർക്ക് ലഭ്യമാകുന്നത് എങ്ങനെയാണെന്നും വിശദമാക്കാമോ;

(ബി) മണ്ണെണ്ണ വാങ്ങി എത്ര നാളുകൾക്കുശേഷമാണ് സബ്സിഡി മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് എത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം മണ്ണെണ്ണയുടെ സബ്സിഡി അക്കൗണ്ടിലെത്താൻ വൈകുന്നത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രയാസം സൃഷ്ടിക്കുന്നതിനാൽ മണ്ണെണ്ണ വാങ്ങുമ്പോൾ നൽകുന്നതിൽ നിന്നും സബ്സിഡി തുക കുറച്ചിട്ടുള്ള വിലയ്ക്ക് മണ്ണെണ്ണ ലഭ്യമാക്കുന്നതിന് സാധിക്കുമോ; വ്യക്തമാക്കാമോ?

**മുഖ്യമന്ത്രിയുടെ മത്സ്യസമൃദ്ധി (സി.എം.എം.എസ്.പി.) പദ്ധതി**

999 **ശ്രീ. കെ. എൻ. ബാലഗോപാൽ**
**ശ്രീ. സി. കെ. ഹരീന്ദ്രൻ**
**ശ്രീ. കാരായി രാജൻ**

**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ മത്സ്യസമൃദ്ധി പദ്ധതി (സി.എം.എം.എസ്.പി.) സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണെന്നും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണ്; ജീവനക്കാരുടെ വേതനത്തിനായി നടപ്പ് വർഷം ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി പ്രകാരം എത്ര അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രതീക്ഷിത ഉല്പാദന വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കാമോ; പദ്ധതി ഘടകങ്ങൾ വിശദമാക്കാമോ;

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻ മന്ത്രി മത്സ്യ സമ്പദ യോജനയുമായി (പി.എം.എം.എസ്.വൈ.) മുഖ്യമന്ത്രിയുടെ മത്സ്യസമൃദ്ധി പദ്ധതിക്ക് (സി.എം.എം.എസ്.പി.) ഏതെങ്കിലും തരത്തിലുള്ള സംയോജനം ഉണ്ടോയെന്ന് വിശദമാക്കാമോ?

<u>**മത്സ്യത്തൊഴിലാളികളുടെ ക്ഷേമം**</u>

1000 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺ സമയത്ത് മത്സ്യബന്ധനത്തിനായി കടലിൽപോയ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിന് കാലതാമസം ഉണ്ടായത് കടലോരമേഖലയിൽ വലിയ പ്രതിഷേധത്തിന് ഇടയാക്കിയ സംഭവത്തിൽ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ മത്സ്യബന്ധനത്തൊഴിലാളികളോട് സ്വീകരിച്ച സമീപനവും നിലപാടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇന്ധന സബ്സിഡി ഇനത്തിൽ മുൻസർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് നൽകിയ തുകയെത്ര; വർഷം തിരിച്ച കണക്ക് ലഭ്യമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന നിരോധന സമയത്ത് നൽകുന്ന സാമ്പത്തിക സഹായം സമയബന്ധിതമായി നൽകിയോ; വിശദമാക്കാമോ; മുൻസർക്കാരിന്റെ കാലത്ത് നൽകിയ തുകയാണോ ഈ സർക്കാരിന്റെ കാലത്തും നൽകിയത്;

(ഡി) കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്താൻ ആധുനിക ട്രാക്കിംഗ് സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പൂർണ്ണ വളർച്ച എത്താത്ത മത്സ്യക്കുഞ്ഞുങ്ങളെ മത്സ്യബന്ധനത്തിന്റെ ഭാഗമായി പിടികൂടുകയും വളംനിർമ്മാണ ആവശ്യത്തിന് ഉപയോഗിക്കുന്നതിനായി കയറ്റി അയക്കുകയും ചെയ്യുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയാനായി എന്ത് നടപടിയാണ് കൈക്കൊള്ളുക; വിശദമാക്കാമോ?

## നെയ്യാർ ഡാമിലെ അക്വേറിയം

1001 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ നെയ്യാർ ഡാമിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന അക്വേറിയത്തിന്റെ നിലവിലെ ഭൗതികാവസ്ഥയും പ്രവർത്തനക്ഷമതയും സംബന്ധിച്ച് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനയിൽ കണ്ടെത്തിയ പ്രധാന വസ്തുതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അക്വേറിയത്തിന്റെ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും കാലപ്പഴക്കംമൂലം ജീർണ്ണാവസ്ഥയിലായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ അക്വേറിയത്തിന്റെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നെയ്യാർ ഡാമിലെ അക്വേറിയം ആധുനികവത്കരിക്കുന്നതിനും കെട്ടിടങ്ങൾ നവീകരിക്കുന്നതിനും കൂടുതൽ ഇനം ശുദ്ധജല അലങ്കാര മത്സ്യങ്ങളെ ഉൾപ്പെടുത്തി സഞ്ചാരികൾക്കും വിദ്യാർത്ഥികൾക്കും പ്രയോജനകരമായ വിനോദ-വിജ്ഞാന കേന്ദ്രമായി

വികസിപ്പിക്കുന്നതിനും സമഗ്രമായ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾക്കായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനും ആവശ്യമായ ഫണ്ട് അനുവദിച്ച് സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>സമഗ്രമത്സ്യത്തൊഴിലാളി വികസന പദ്ധതി</u>

1002 **ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതി ലക്ഷ്യമിട്ട് ഭവനം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, മത്സ്യബന്ധന അടിസ്ഥാനസൗകര്യം എന്നിവ ഉൾപ്പെടുത്തിയുള്ള ഒരു സമഗ്രമത്സ്യത്തൊഴിലാളി വികസന പദ്ധതി പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവാക്കൾക്ക് മത്സ്യബന്ധന മേഖലയ്ക്ക് പുറമെ ടൂറിസം, ലോജിസ്റ്റിക്സ്, കോൾഡ് ചെയിൻ, മറൈൻ തുടങ്ങിയ അനുബന്ധ മേഖലകളിൽ തൊഴിൽ ലഭ്യമാക്കാൻ എന്തെങ്കിലും നൈപുണ്യ പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിശദീകരിക്കാമോ;

(സി) മത്സ്യത്തൊഴിലാളികളിലെ ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനു നിലവിലുണ്ടായിരുന്ന പദ്ധതി പുനരാരംഭിക്കാൻ സാധ്യതയുണ്ടോ; വിശദീകരിക്കാമോ?

<u>ചിറയിൻകീഴ് മണ്ഡലത്തിലെ തീരദേശ റോഡുകൾ</u>

1003 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ തീരദേശമേഖലകളിലെ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

**കോട്ടക്കൽ ഫിഷ് മാർക്കറ്റ് നിർമ്മാണം**

1004 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭയിൽ ആധുനിക രീതിയിലുള്ള ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വികരിച്ച നടപടികളുടെ വിശാദംശം ലഭ്യമാക്കുമോ;

(ബി) പ്രൊപ്പോസൽ നിലവിൽ ഏതു ഓഫീസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ; ഫയലിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പ്രവൃത്തി പി.എം.എം.എസ്.വൈ.യിൽ ഉൾപ്പെടുത്തുന്നതിനായി സ്റ്റേറ്റ് ലെവൽ അപ്രൂവൽ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയുടെ (എസ്.എൽ.എ.എം.സി.) അംഗീകാരം ലഭ്യമായിട്ടുണ്ടോ; എങ്കിൽ, പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

**മല്ലപ്പള്ളിയിൽ ഫിഷ് മാർക്കറ്റും വെയർഹൗസും അനുവദിക്കാൻ നടപടി**

1005 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ 100 വർഷത്തിലധികം പഴക്കമുള്ള മല്ലപ്പള്ളി ചന്ത കേന്ദ്രീകരിച്ച് ആധുനിക ഫിഷ് മാർക്കറ്റും വെയർഹൗസും സ്ഥാപിക്കാൻ നടപടി സ്വീകരിക്കാമോ?

**പീരുമേട് മണ്ഡലത്തിൽ ആധുനിക മത്സ്യമാർക്കറ്റും വെയർഹൗസും**

1006 **ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ ഗുണമേന്മയുള്ള മത്സ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ആധുനിക മത്സ്യമാർക്കറ്റും വെയർഹൗസും സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**പുതിയങ്ങാടി കല്ലുമ്മക്കായ ഹാച്ചറി**

1007 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി പഞ്ചായത്തിലെ പുതിയങ്ങാടിയിൽ നിർമ്മാണത്തിലിരിക്കുന്ന കല്ലുമ്മക്കായ ഹാച്ചറിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത് എന്ന് വിശദമാക്കാമോ?

<u>ഫിഷറീസ് മേഖലയിൽ സമഗ്രനയ രൂപീകരണം</u>

1008 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വിപണി സുരക്ഷിതമാക്കാനും രാജ്യാന്തര സുസ്ഥിരതാ അംഗീകാരങ്ങൾ നേടിയെടുക്കാനും ലക്ഷ്യമിട്ട് സംസ്ഥാന ഫിഷറീസ് മേഖലയിൽ സമഗ്ര നയരൂപീകരണത്തിന് തുടക്കം കുറിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അനധികൃത മത്സ്യബന്ധനം തടയാൻ മൊബൈൽ ആപ്പും ഡിജിറ്റൽ ട്രോൾ ട്രാക്കിംഗും ഏർപ്പെടുത്തുമോ; വിശദമാക്കുമോ;

(സി) മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് തടയുവാനും അതുമായി ബന്ധപ്പെട്ട മത്സ്യബന്ധന വലകളുടെ കണ്ണി വലിപ്പം ക്രമീകരിക്കുവാനും ശാസ്ത്രീയമായ ട്രോളിംഗ് നിയന്ത്രണം ഏർപ്പെടുത്തുന്നതുമുൾപ്പടെയുള്ള നടപടികളിലൂടെ മത്സ്യസമ്പത്ത് വീണ്ടെടുക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

<u>മത്സ്യമേഖലയുമായി ബന്ധപ്പെട്ട മൂല്യവർധിത ഉൽപ്പന്നങ്ങൾ</u>

1009 **ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുമായി ബന്ധപ്പെട്ട മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആധുനിക പ്രോസസ്സിംഗ് യൂണിറ്റുകൾ ആരംഭിക്കാൻ

സഹായ നൽകുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മത്സ്യ ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർധിപ്പിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മത്സ്യം സൂക്ഷിക്കുന്നതിനുള്ള കോൾഡ് സ്റ്റോറേജ് സൗകര്യങ്ങൾ എല്ലാ പ്രധാന മത്സ്യബന്ധന കേന്ദ്രങ്ങളിലും ലഭ്യമാണോയെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; അയൽ സംസ്ഥാനങ്ങളിൽ നിന്ന് പഴകിയ മൽസ്യങ്ങൾ എത്തിച്ച് വില്പന നടത്തുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>**ചാലിൽ ഗോപാലപേട്ട ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തി**</u>

1010 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ (ആർ.ഐ.ഡി.എഫ്. XXIX) ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ചാലിൽ ഗോപാലപേട്ട ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എത്ര കാലതാമസം വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

<u>**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**</u>

1011 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ബോട്ടുകളും മത്സ്യബന്ധനയാനങ്ങളും സുരക്ഷിതമായി അടുപ്പിക്കാൻ ആവശ്യമായ ആധുനിക സൗകര്യങ്ങളോടുകൂടിയ ജെട്ടികളും ഹാർബറുകളും എല്ലാ

തീരപ്രദേശങ്ങളിലും സജ്ജമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യകതമാക്കാമോ;

(ബി) കടലിൽ അപകടങ്ങൾ ഒഴിവാക്കാൻ ആധുനിക നാവിഗേഷൻ, ആശയവിനിമയസംവിധാനങ്ങൾ എല്ലാ മത്സ്യബന്ധനബോട്ടുകളിലും ലഭ്യമാക്കുമോ;

(സി) കാലാവസ്ഥാ വ്യതിയാനവും കടൽക്ഷോഭവും നേരിടാൻ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകാനും ഇതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>**മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹരിക്കുന്നതിനും സമിതി**</u>

1012 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂവാർ മുതൽ കാസർകോട് വരെയുള്ള വിവിധ മേഖലകളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ന്യായമായ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹരിക്കുവാനും ഒരു വിദഗ്ധ പഠന സംഘത്തെ നിയോഗിക്കാൻ തയ്യാറാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) വിഴിഞ്ഞം, മുതലപ്പൊഴി തുടങ്ങിയ പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്കും ആശ്രിതർക്കും നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>**മത്സ്യത്തൊഴിലാളി ഇൻഷുറൻസ് പദ്ധതി**</u>

1013 **ശ്രീ. റെജി ചെറിയാൻ**
**ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യപരിരക്ഷയും മേഖലയിലെ അപകടസാധ്യതകളും കണക്കിലെടുത്ത് നിലവിൽ സംസ്ഥാനത്ത്

മത്സ്യത്തൊഴിലാളികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ഇൻഷുറൻസ് സംവിധാനത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് അപകടങ്ങൾ മൂലമുണ്ടാകുന്ന ജീവഹാനിക്കും അംഗവൈകല്യങ്ങൾക്കും പുറമേ, ഏതെല്ലാം സാഹചര്യങ്ങളിലാണ് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികൾ രോഗബാധിതരായോ ഹൃദയാഘാതം മൂലമോ മരണപ്പെടുന്ന സാഹചര്യങ്ങളിൽ, ആശ്രിതർക്ക് പ്രസ്തുത ഇൻഷുറൻസ് ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ അംഗീകൃത മത്സ്യത്തൊഴിലാളികൾക്കും സ്വാഭാവിക മരണങ്ങൾ ഉൾപ്പെടെയുള്ള സാഹചര്യങ്ങളിൽ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകുന്ന വിധത്തിൽ പദ്ധതി ഉടച്ചുവാർക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ?

<u>**മത്സ്യത്തൊഴിലാളികൾക്കുള്ള പെൻഷൻ വിതരണവും കുടിശ്ശികയും**</u>

1014 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 23,000-ത്തോളം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും സെപ്റ്റംബർ മാസത്തെ പെൻഷൻ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇവർക്ക് പെൻഷൻ ലഭ്യമാക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മത്സ്യബോർഡിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്നവരുടെ എണ്ണം എത്രയാണ്; ഇവരുടെ വാർധക്യപെൻഷൻ, വിധവാപെൻഷൻ, അനുബന്ധ പെൻഷൻ എന്നിങ്ങനെ ഇനംതിരിച്ചുള്ള ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ വിവരം ലഭ്യമാക്കുമോ;

(സി) കുടിശ്ശികയായ പെൻഷൻ തുക അനുവദിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>**എഫ്.ഐ.എം.എസ്. സോഫ്റ്റ്‌വെയർ**</u>

1015 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ എഫ്.ഐ.എം.എസ്. സോഫ്റ്റ്‌വെയർ പരിഷ്കരിച്ച് മത്സ്യത്തൊഴിലാളികൾക്കുള്ള എല്ലാ സേവനങ്ങളും ഓൺലൈനാക്കാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ടോ; ഉണ്ടെങ്കിൽ, വിശദമാക്കാമോ;

(ബി) ഇതിൽ പേയ്മെന്റ് ഗേറ്റ്‌വേ സംവിധാനം ഏർപ്പെടുത്തി മത്സ്യത്തൊഴിലാളി വിഹിതം ഒടുക്കുന്നതിനുള്ള സൗകര്യം ഒരുക്കുമോ; ഇതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, എന്ന് മുതൽ നടപ്പാക്കും; വിശദമാക്കുമോ;

(സി) സമ്പാദ്യ സമാശ്വാസ പദ്ധതി വിഹിതം ഒടുക്കുന്നതിന് പേയ്മെന്റ് ഗേറ്റ്‌വേ സംവിധാനം ഏർപ്പെടുത്തി കൃത്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; അക്ഷയ കേന്ദ്രങ്ങളെക്കൂടി ഇതിൽ പങ്കാളികളാക്കുമോ?

**വൈപ്പിൻ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ സമഗ്ര പുരോഗതി**

1016 **ശ്രീ. ടോണി ചമ്മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതി ലക്ഷ്യമിട്ട് ഭവനം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, മത്സ്യബന്ധന അടിസ്ഥാനസൗകര്യം എന്നിവ ഉൾപ്പെടുത്തി ഒരു സമഗ്ര മത്സ്യത്തൊഴിലാളി വികസനപദ്ധതി തയ്യാറാക്കൽ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവാക്കൾക്ക് മത്സ്യബന്ധന മേഖലയ്ക്ക് പുറമേ തുറമുഖം, ലോജിസ്റ്റിക്ക്സ്, കോൾഡ് ചെയിൻ, മറൈൻ മേഖല തുടങ്ങിയ അനുബന്ധ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി നൈപുണ്യ പരിശീലനപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

**മത്സ്യബന്ധനത്തിനിടെ കടലിൽ വച്ച് ഉണ്ടായ അപകടങ്ങൾ**

1017 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ 2026 വരെയുള്ള ഭരണകാലത്തു മത്സ്യത്തൊഴിലാളികൾക്ക് കടലിൽ വെച്ച് ആകെ എത്ര അപകടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപകടങ്ങളിൽപെട്ട് മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എത്ര രൂപ വീതമാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ബോട്ടുകൾക്ക് നാശനഷ്ടം സംഭവിച്ച സംഭവങ്ങളിൽ എത്ര രൂപ വീതമാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) മത്സ്യത്തൊഴിലാളികൾക്കായി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയത് ഏത് വർഷം മുതലാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇൻഷ്വറൻസ് പദ്ധതി മുഖേന ആകെ എത്ര പേർക്ക് എത്ര രൂപ വീതം വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>മത്സ്യത്തൊഴിലാളി സുരക്ഷയ്ക്കായുള്ള ആധുനിക സാങ്കേതികവിദ്യ</u>

1018 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ അപകടത്തിൽപെടുന്ന മത്സ്യത്തൊഴിലാളികളെ ഉടനടി കണ്ടെത്താൻ നാവിക്, സാറ്റലൈറ്റ് ടാങ്കുകൾ, വാക്കി ടോക്കികൾ എന്നിവ എല്ലാ പരമ്പരാഗത വള്ളങ്ങൾക്കുമുൾപ്പടെ വിതരണം ചെയ്യുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) കടലിൽ രക്ഷാപ്രവർത്തനം നടത്തുന്ന മറൈൻ എൻഫോഴ്സ്മെന്റിന്റെയും ആർ.ആർ.ടി. ബോട്ടുകളുടേയും ഇന്ധനക്ഷാമവും സാങ്കേതിക തകരാറുകളും മൂലം റെസ്ക്യൂ വൈകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## <u>മത്സ്യത്തൊഴിലാളികളുടെ സുരക്ഷ</u>

1019 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി പ്രത്യേക രക്ഷാപ്രവർത്തന സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ദുരന്തനിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി പുതിയ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ (എസ്.ഒ.പി.) നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) കടലിലെ രക്ഷാപ്രവർത്തനങ്ങളിൽ മത്സ്യത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ; മത്സ്യത്തൊഴിലാളികളെ വിശ്വാസത്തിലെടുത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുമോ; വ്യക്തമാക്കാമോ?

**<u>മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ</u>**

1020 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിക്കുന്നതിനായി ഏതൊക്കെ പദ്ധതികളിലൂടെ എത്ര രൂപ വീതമാണ് വകുപ്പ് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) മലപ്പുറം വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ഫിഷറീസ് കോളനിയിലെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് മത്സ്യബന്ധനവകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ പുനർനിർമാണത്തിനും നവീകരണത്തിനും എന്തെങ്കിലും പുതിയ പദ്ധതി ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന തീരദേശ മേഖലയിലെ റോഡുകളുടെ വികസനത്തിന് മത്സ്യബന്ധന വകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

**<u>മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുമ്പോഴുള്ള രക്ഷാപ്രവർത്തനം</u>**

1021 **ശ്രീ. ഫൈസൽ ബാബു**

**ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. പി .എം. എ. സമീർ**

**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടുമ്പോൾ ഗോൾഡൻ അവറിൽ തന്നെ രക്ഷാപ്രവർത്തനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ സേവനവും പങ്കാളിത്തവും ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(സി) മുതലപ്പൊഴിയിൽ പതിവായി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ദുരന്തനിവാരണ അതോറിറ്റി നൽകുന്ന മുന്നറിയിപ്പ്</u>

1022 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ഓഗസ്റ്റിൽ തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, മുതലപ്പൊഴി മേഖലകളിൽ മത്സ്യത്തൊഴിലാളികൾ കടലിൽ അപകടത്തിൽപ്പെട്ട് കാണാതായ സംഭവങ്ങൾക്ക് മുമ്പ് ദുരന്തനിവാരണ അതോറിറ്റി ആവശ്യമായ മുന്നറിയിപ്പ് നൽകിയിരുന്നോ; നൽകിയെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത മുന്നറിയിപ്പ് മത്സ്യത്തൊഴിലാളികൾക്ക് സമയബന്ധിതമായി ലഭിച്ചിരുന്നോ; എസ്.എം.എസ്., മൊബൈൽ ആപ്പ്, വി.എച്ച്.എഫ്. (വെരി ഹൈ ഫ്രീക്വൻസി), തീരദേശ പോലീസ്, ഹാർബർ അനൗൺസ്മെന്റ് തുടങ്ങിയ ഏതെങ്കിലും സംവിധാനങ്ങളിൽ വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സംഭവങ്ങളിൽ കാണാതായ മത്സ്യത്തൊഴിലാളികളിൽ നാളിതുവരെ കണ്ടെത്താനാകാത്തവർ എത്ര പേരാണുള്ളതെന്ന് അറിയിക്കാമോ; ഇവരെ കണ്ടെത്തുന്നതിനായി അപകടം നടന്ന ദിവസം മുതൽ നടത്തിയ തിരച്ചിൽ നടപടികൾ തീയതി തിരിച്ച് വ്യക്തമാക്കുമോ;

(ഡി) തിരച്ചിൽ ആരംഭിക്കുന്നതിലും കോസ്റ്റ് ഗാർഡ്, നേവി, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് തുടങ്ങിയ സംവിധാനങ്ങൾ വിന്യസിക്കുന്നതിലും കാലതാമസം ഉണ്ടായെന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ വീഴ്ചകൾ എന്തൊക്കെയാണെന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഇ) കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്താൻ ഹെലികോപ്റ്റർ ഉപയോഗിച്ച് തിരിച്ചിൽ നടത്തണമെന്ന ആവശ്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ;

(എഫ്) കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് അടിയന്തര ധനസഹായം, നഷ്ടപരിഹാരം, കുടുംബപെൻഷൻ, കുട്ടികളുടെ വിദ്യാഭ്യാസ സഹായം, മറ്റ് പുനരധിവാസ സഹായങ്ങൾ എന്നിവ അനുവദിക്കപ്പെട്ടതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; കാണാതായ മത്സ്യത്തൊഴിലാളികളെ ഇതുവരെ കണ്ടെത്താനാകാത്ത സാഹചര്യത്തിൽ കുടുംബങ്ങൾക്ക് അനുവദിച്ച സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ജി) ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ**

1023 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയുടെ കടാശ്വാസം മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) നടപ്പ് വർഷം കടാശ്വാസകമ്മീഷന്റെ പ്രവർത്തനത്തിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**താനൂർ നിയോജകമണ്ഡലത്തിൽ കോമൺ ഫെസിലിറ്റി സെന്റർ**

1024 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യവിപണന രംഗത്ത് കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ മത്സ്യബന്ധന വകുപ്പും വ്യവസായ വകുപ്പും പരസ്പരം കൈകോർക്കുന്ന പദ്ധതി ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ;

(ബി) വ്യവസായവകുപ്പിന് കീഴിൽ മത്സ്യവിപണനത്തെ സഹായിക്കാൻ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(സി) താനൂർ നിയോജകമണ്ഡലത്തിൽ മത്സ്യവിപണി ലക്ഷ്യമാക്കി വ്യവസായ വകുപ്പിന് കീഴിൽ കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിന് അപേക്ഷകരുണ്ടെങ്കിൽ പരിഗണിക്കാമോ?

**കൂടൽ ആധുനിക ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പുരോഗതി**

1025 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന കിഫ്ബി പദ്ധതിയായ കൂടൽ ആധുനിക ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായ മലിനജല സംസ്കരണ പ്രവൃത്തികളും മത്സ്യം സൂക്ഷിക്കുന്നതിനുള്ള ഫ്രീസർ സംവിധാനവും എന്നത്തേയ്ക്ക് പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിനു കൈമാറാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ?

**ഇടനിലക്കാരെ ഒഴിവാക്കിയുള്ള മത്സ്യ വിപണനം**

1026 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് ഒഴിവാക്കുന്നതിനും അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായമായ വില ഉറപ്പാക്കുന്നതിനുമായി മുൻ സർക്കാർ കൊണ്ടുവന്ന നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) മത്സ്യബോർഡിനും മത്സ്യഫെഡിനും നിയമപ്രകാരം വകയിരുത്തിയ തുക യഥാസമയം ലഭ്യമാക്കുന്നതിനായി ഏർപ്പെടുത്തുന്ന ഓൺലൈൻ സംവിധാനം എന്നത്തേക്ക് യാഥാർഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**ഉൾനാടൻ മത്സ്യമേഖല ശക്തിപ്പെടുത്താൻ നടപടി**

1027 **ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യമേഖലയെ ശക്തിപ്പെടുത്താൻ നിലവിലുള്ള പദ്ധതികൾ വിശദമാക്കാമോ;

(ബി) പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് മത്സ്യത്തിനുള്ള യഥാർത്ഥ ഡിമാന്റും ലഭ്യതയും തമ്മിലുള്ള വിടവ് എത്രത്തോളം ഈ പദ്ധതികൾ മൂലം പരിഹരിക്കാൻ കഴിയും; വിശദമാക്കാമോ?

**ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യലഭ്യത**

1028 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മത്സ്യലഭ്യതക്കുറവ് ഉൾനാടൻ മത്സ്യബന്ധനത്തൊഴിലാളികളുടെ ഉപജീവനത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മുൻകാലങ്ങളിൽ മത്സ്യഭവൻ മുഖേന അത്യുല്പാദന ശേഷിയുള്ള മത്സ്യകുഞ്ഞുങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിച്ചിരുന്ന പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

**ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹനത്തിന് നടപടി**

1029 **ശ്രീ. റെജി ചെറിയാൻ**

**ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യക്ഷാമവും ട്രോളിംഗ് നിരോധന കാലത്തെ വിലക്കയറ്റവും തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്ന് പഴകിയതും നിരോധിത രാസവസ്തുക്കൾ ചേർത്തതുമായ മത്സ്യം എത്തുന്നത് തടയുന്നതിന് ഫിഷറീസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(സി) മത്സ്യക്ഷാമവും തൽഫലമായുണ്ടാകുന്ന വിലക്കയറ്റവും തടയുന്നതിനായി ഉൾനാടൻ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ;

(ഡി) ഉൾനാടൻ മത്സ്യകൃഷിയുടെ വ്യാപനം ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**മത്സ്യത്തൊഴിലാളികൾ എത്തിക്കുന്ന മത്സ്യത്തിന് ന്യായവില**

1030 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുന്നതിനും വിൽപ്പനയ്ക്ക് എത്തിക്കുന്ന മത്സ്യത്തിന് ന്യായവില ലഭ്യമാക്കുന്നതിനുമായി മുൻസർക്കാർ കൊണ്ടുവന്ന നിയമം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) മത്സ്യബോർഡ്, മത്സ്യഫെഡ് എന്നിവയ്ക്കായി നിയമപ്രകാരം വകയിരുത്തിയ തുക യഥാസമയം ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം എന്നത്തേക്ക് യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**വള്ളവും വലയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾ**

1031 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വള്ളവും വലയും നഷ്ടപ്പെട്ട എത്ര മത്സ്യത്തൊഴിലാളികളുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപ്രകാരമുള്ള എത്ര മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

**തീരദേശ പാതകൾ ഗതാഗത യോഗ്യമാക്കുന്നതിനുള്ള ഫണ്ട്**

1032 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന വകുപ്പിൽ നിന്നുള്ള ഫണ്ട് വിനിയോഗിച്ച് തീരദേശ പാതകൾ ഗതാഗത യോഗ്യമാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

(ബി) ഉൾനാടൻ ഗ്രാമങ്ങളിലെയും മലയോര മേഖലകളിലെയും ജലാശയങ്ങളിലും പുഴകളിലും മത്സ്യബന്ധനം ഉപജീവനമാക്കിയിട്ടുള്ളവർ താമസിക്കുന്ന പ്രദേശങ്ങളിലെ ഗ്രാമീണ പാതകൾ ഗതാഗത യോഗ്യമാക്കുന്നതിന് പ്രസ്തുത ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

**മത്സ്യബന്ധന വകുപ്പിനു കീഴിൽ റോഡുകൾക്ക് ഫണ്ട് അനുവദിക്കുന്ന പദ്ധതി**

1033 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനവകുപ്പ് മുഖേന റോഡുകൾക്ക് ഫണ്ട് അനുവദിക്കുന്ന പദ്ധതിയിൽ 2026-2027 സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന പുതിയ റോഡുകൾക്കുള്ള നിർദ്ദേശം സ്വീകരിക്കുന്നുണ്ടോ; അറിയിക്കാമോ?

**കള്ളക്കടൽ പ്രതിഭാസം**

1034 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശങ്ങളിൽ അപ്രതീക്ഷിതമായി വലിയ തിരമാലകൾ അടിച്ചുകയറുന്ന കള്ളക്കടൽ പ്രതിഭാസം നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലെന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രതിഭാസം നേരിടുന്നതിനായി സ്വീകരിക്കാവുന്ന ദീർഘകാല തീരസംരക്ഷണ പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രതിഭാസം മത്സ്യത്തൊഴിലാളികളെ എപ്രകാരമാണ് ബാധിച്ചിട്ടുള്ളതെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>**മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം**</u>

1035 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും നഷ്ടപ്പെട്ടുവെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധനത്തിനിടയിൽ കാണാതായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ മരണപ്പെട്ടവരുടെയും കാണാതായവരുടെയും ആശ്രിതർക്ക് എത്ര രൂപ നഷ്ടപരിഹാരം നല്കിയിട്ടുണ്ടെന്ന് വിശദമാക്കമോ?

<u>**മുഖ്യമന്ത്രി മത്സ്യ സമൃദ്ധി പദ്ധതി**</u>

1036 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഖ്യമന്ത്രി മത്സ്യസമൃദ്ധി പദ്ധതി (സി.എം.എം.എസ്.പി) നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ; പദ്ധതി ലക്ഷ്യം എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഈ പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണ്; ജീവനക്കാരുടെ വേതനത്തിന് നടപ്പ് വർഷം ചിലവഴിച്ച തുക എത്ര വ്യക്തമാക്കാമോ;

(സി) പദ്ധതി പ്രകാരം എത്ര അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്നു; എത്ര ഹെക്ടറിൽ അധികമായി കൃഷി വ്യാപിപ്പിക്കുവാൻ ലക്ഷ്യമിടുന്നു; പ്രതീക്ഷിത ഉത്പാദന വർദ്ധനവ് എത്രയാണ്; പദ്ധതി ഘടകങ്ങൾ വിശദമാക്കുമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ-യുമായി സി.എം.എം.എസ്.പി.-ക്കു ഏതെങ്കിലും തരത്തിലുള്ള സംയോജനം ഉണ്ടോ; വിശദമാക്കുമോ?

## ഉൾനാടൻ മത്സ്യകൃഷി

1037 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ സ്ഥലങ്ങളിലാണ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന റാഞ്ചിങ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിലൂടെ എത്ര ടൺ വർധനവാണ് ലക്ഷ്യം വെക്കുന്നതെന്ന് വ്യക്തമാക്കാമോ?

## നാട്ടിക നിയോജക മണ്ഡലത്തിൽ ഫിഷ് ലാന്റിംഗ് സെന്റർ

1038 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ ഫിഷ് ലാന്റിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ സെന്റർ സ്ഥാപിക്കുന്നതിനുള്ള പഠനവും മറ്റ് പ്രാരംഭ നടപടികളും ആരംഭിച്ചിരുന്നുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

## കണ്ണൂർ നിയോജകമണ്ഡലത്തിലെ മാപ്പിള ബേ ഹാർബർ

1039 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നിയോജകമണ്ഡലത്തിലെ മാപ്പിള ബേ ഹാർബറുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; ഇതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) മാപ്പിള ബേയിൽ ഉപയോഗിക്കാതെ കിടക്കുന്ന കേടായ ഫൈബർ ബോട്ടുകളും വലകളും ഗുരുതരമായ മാലിന്യപ്രശ്നം സൃഷ്ടിക്കുന്നതിനാൽ ഇവ നീക്കം ചെയ്യുന്നതിന് ആവശ്യമായ സംവിധാനം ഒരുക്കുമോ; വിശദമാക്കാമോ?

**<u>കൈപ്പമംഗലം പഞ്ചായത്തിലെ നിർദിഷ്ട ഫിഷ് ലാൻഡിങ് സെന്റർ</u>**

1040 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം ഗ്രാമപഞ്ചായത്തിലെ കമ്പനിക്കടവിലെ നിർദിഷ്ട ഫിഷിംഗ് ഹാർബർ പ്രൊപ്പോസൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫിഷിംങ് ഹാർബർ പ്രൊപ്പോസലിന്റെ സാധ്യതകളെ കുറിച്ച് പൂനെയിലുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ എന്ന സ്ഥാപനം നടത്തിയ പഠനറിപ്പോർട്ടിന്റെ പകർപ്പ് സോഫ്റ്റ് കോപ്പി ഉൾപ്പെടെ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവൃത്തികൾ അതിവേഗത്തിൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>അജാനൂർ മത്സ്യബന്ധന തുറമുഖം</u>**

1041 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അജാനൂർ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പഠന റിപ്പോർട്ടിന്റെ പകർപ്പുകളും വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) പദ്ധതി യാഥാർഥ്യമാക്കുന്നതിലേക്കായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>വെള്ളപ്പൊക്കവും പ്രകൃതിക്ഷോഭവും കാരണം തകർന്ന തീരദേശ റോഡുകൾ നവീകരിക്കാൻ നടപടി</u>**

1042 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കവും പ്രകൃതിക്ഷോഭവും കാരണം കുട്ടനാട്ടിലെ തീരദേശ റോഡുകൾ തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ തീരദേശറോഡ് നവീകരണ പദ്ധതി(യു.സി.ആർ.)യിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത നവീകരണവുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ അനുകൂല നടപടി സ്വീകരിക്കുമോ?

**<u>തോട്ടപ്പള്ളി ഹാർബർ നവീകരണം</u>**

1043 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ തോട്ടപ്പള്ളിയിലുള്ള ഹാർബറിൽ വിവിധ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമായ സാഹചര്യത്തിലാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തോട്ടപ്പള്ളി ഹാർബറിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ആവശ്യമായ പഠനം നടത്താൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ;

(സി) കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനങ്ങളും തിരച്ചിൽ പ്രവർത്തനങ്ങളും തോട്ടപ്പള്ളി ഹാർബർ കേന്ദ്രീകരിച്ചുകൊണ്ട് കൂടുതൽ മെച്ചപ്പെട്ടതാക്കാൻ എന്തെല്ലാം സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്ന് വിശദമായ പഠനം നടത്തി ആയത് നടപ്പിലാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഹാർബർ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനൊപ്പം ആഭ്യന്തര, വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള ക്രമീകരണങ്ങൾ കൂടി പദ്ധതികളിൽ ഉൾക്കൊള്ളിക്കാൻ സാധിക്കുമോ ?

**<u>മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം</u>**

1044 **ശ്രീ. എ. കെ. എം. അഷ്‌റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് ഹാർബർ ബ്രിഡ്ജ് ആവശ്യമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ഹാർബർ ബ്രിഡ്ജ് നിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പാലത്തിന്റെ നിർമ്മാണം നബാർഡ് ആർ.ഐ.ഡി.എഫ് (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്) ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ് മുഖേന വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി ഫിഷിങ് ഹാർബർ**

1045 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ ഫിഷിങ് ഹാർബർ അനുവദിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പുതിയങ്ങാടിയിൽ ഫിഷിങ് ഹാർബർ അനുവദിക്കുന്നതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; വിശദാംശം നൽകുമോ?

**ചാലിയം ഫിഷ് ലാൻഡിംഗ് സെന്റർ**

1046 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനവത്ക്കരണത്തിന് പകരം ഭൂമി കണ്ടെത്തിയതും നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നതുമായ ചാലിയം ഫിഷ് ലാൻഡിംഗ് സെന്ററിന്റെ

നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ആവശ്യമായ അനുമതി നേടിയെടുക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**ബോട്ടുകളിൽ ടി.ഇ.ഡി. ഘടിപ്പിക്കൽ**

1047 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോൾ ബോട്ടുകളിലെ ട്രോൾ വലകളിൽ നിന്ന് ആമകളെ സുരക്ഷിതമായി വിടുന്നതിനുള്ള ഉപകരണം (ടി.ഇ.ഡി.) ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് തീരദേശത്ത് നിലനിൽക്കുന്ന തെറ്റിദ്ധാരണകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനകം എത്ര ബോട്ടുകളിൽ ടി.ഇ.ഡി. ഘടിപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള പരാതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

**പരപ്പനങ്ങാടി തീരപ്രദേശത്തെ പുലിമുട്ട് നിർമ്മാണം**

1048 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി തീരപ്രദേശത്ത് നിലവിലുള്ള പുലിമുട്ടുകൾ ശക്തിപ്പെടുത്തുകയും, പുതിയവ നിർമ്മിക്കുകയും ചെയ്യുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച പഠനറിപ്പോർട്ട്, ഡി.പി.ആർ. എന്നിവ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രദേശത്ത് മത്സ്യബന്ധന തുറമുഖനിർമ്മാണം നടക്കുന്നതിനാൽ തൊട്ടടുത്ത ഭാഗങ്ങളിൽ കടലാക്രമണം രൂക്ഷമാകുന്നത് തടയാൻ പുലിമുട്ട് നിർമ്മിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

1049 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഹാർബർ എഞ്ചിനീയറിംഗ് ചുമതലയുള്ളതും കോസ്റ്റൽ ഏരിയ ഡെവലപ്‌മെന്റ് കോർപ്പറേഷൻ ചുമതലയുള്ളതും ആയ പ്രവൃത്തികളുടെ തൽസ്ഥിതി വിവരം ലഭ്യമാക്കുമോ?

<u>**ചെല്ലാനം ഫിഷിംഗ് ഹാർബർ നവീകരണവും തീരദേശ റോഡുകളുടെ പുനരുദ്ധാരണവും**</u>

1050 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള റോഡുകൾ ഏതെല്ലാമാണ്; അവയുടെ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; അവ എപ്പോൾ പൂർത്തീകരിക്കാനാണ് സമയപരിധി നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ചെല്ലാനം ഫിഷിംഗ് ഹാർബറിൽ നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്‌മെന്റ് ഫണ്ട് XXVII പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന ഓവർഹെഡ് വാട്ടർ ടാങ്കിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ്; ഇതിന്റെ പ്രവൃത്തി പൂർത്തിയാക്കി ശുദ്ധജല വിതരണം എപ്പോൾ ആരംഭിക്കാൻ സാധിക്കും; വിശദമാക്കാമോ;

(സി) പ്രസ്തുത ഹാർബറിൽ നിലവിലുള്ള രണ്ട് ശൗചാലയ ബ്ലോക്കുകൾ അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; അതോടൊപ്പം ആധുനിക നിലവാരത്തിലുള്ള പുതിയ ശൗചാലയ സമുച്ചയം നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രൊപ്പോസൽ തയ്യാറാക്കുകയോ സ്ഥലം സന്ദർശിച്ച് പരിശോധന നടത്തുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്‌മെന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ചെല്ലാനം ഫിഷിംഗ് ഹാർബർ നവീകരണത്തിനായി തത്വത്തിൽ അനുമതി നൽകിയ 71 കോടി രൂപയുടെ പദ്ധതിയുടെ നിലവിലെ

പുരോഗതി എന്താണ്; പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോയെന്നും നിർമ്മാണപ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 06, ചൊവ്വ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].